പിഷാരോടി സമാജം പ്രസിദ്ധീകരണം

# തുളസീദളം

സെപ്തംബർ 2025

ഏവർക്കും ഹൃദയം നിറഞ്ഞ

## ഓണാശംസകൾ





തുളസീദളം
സാഹിത്യ പുരസ്കാരം
പി.ആർ. നാഥന്




നല്ല കണ്ണുകളുണ്ടെങ്കിലെ!
നല്ല കാഴ്ച്ചകളുണ്ടാകൂ...
അത്യാധുനിക സംവിധാനങ്ങളോടും
സൗകര്യങ്ങളോടുമുള്ള
ഡോ.പ്രിൻസ് ഈപ്പൻസ് ആക്സിസ്
കണ്ണാശുപത്രി തൃശ്ശൂർ പൂത്തോൾ
ശങ്കര അയ്യർ റോഡിൽ
പ്രവർത്തനം ആരംഭിച്ചിരിക്കുന്നു.
തിമിര ശസ്ത്രക്രിയക്കുള്ള അതിനൂതന
സംവിധാനങ്ങൾ ഒരുക്കിയിരിക്കുന്നു.
CATARACT SURGERY
No injection, painless sutureless.
MEDISEP
MEDICAL INSURANCE FOR STATE EMPLOYEES AND PENSIONERS
PRIVATE INSURANCE
AVAILABLE
Are you a Diabetic?
Visit our
DIABETIC RETINOPATHY CLINIC
DR. PRINCE EAPEN'S
AXIS
EYE HOSPITAL
Sankara Iyer Road, Poothole, Thrissur
CONSULTING TIME: 8.30AM TO 6PM
SUNDAY HOLIDAY
0487 2988433
8078 788 881 | 8078 788 882
axiseyehospital@gmail.com
axis.eye.hospital.thrissur
axiseyehospitalthrissur
PLEASE SCAN
QR CODE FOR LOCATION

# തുളസീദളം

*പിഷാരോടി സമാജം പ്രസിദ്ധീകരണം*

**2025 സെപ്തംബർ**

**പുഷ്പം 46 / ദളം 6**

**1201 ചിങ്ങം-കന്നി**

## പത്രാധിപസമിതി


ചീഫ് എഡിറ്റർ:
**ശ്രീമതി എ.പി. സരസ്വതി**

എഡിറ്റർ:
**ശ്രീ. ഗോപൻ പഴുവിൽ**

സബ്ബ് എഡിറ്റർ:
**ശ്രീ. കെ.പി. ഗോകുലകൃഷ്ണൻ**

പത്രാധിപസമിതിയംഗങ്ങൾ

**ശ്രീ. സി.പി. അച്ചുതൻ**
**ശ്രീ. മുരളി മാന്നനൂർ**
**ശ്രീ. കെ.എൻ. വിജയൻ**
**ശ്രീമതി വൈക സതീഷ്**

മാനേജർ: **ശ്രീ. ആർ.പി. രഘുനന്ദനൻ**

അസിസ്റ്റന്റ് മാനേജർ:
**ശ്രീ. രാമചന്ദ്രൻ മാങ്കുറ്റിപ്പാടം**

കവർ ഡിസൈനിംഗ്:
**ശ്രീ. അനൂപ് രാഘവൻ**



Head Office : Udayanagar, Ayyanthole,
Thrissur-680 003, Kerala, India.
e-mail : mail@pisharodysamajam.com
mail.pisharodysamajam@gmail.com

Visit our website :
www.pisharodysamajam.com

വരിസംഖ്യ ഒരു വർഷത്തേക്ക് : 200 രൂപ


"അകലെ വസിയ്ക്കുമ്പോഴും
അകമലരിൽ കരുതേണം
അമ്പലമണിതൻ നാദം
'തുളസീദള' സൌരഭ്യം"

## ദളസുഗന്ധം


പത്രാധിപക്കുറിപ്പ്..................................4

പ്രതിഫലനം – എന്തെന്റെ മാവേലി ഓണം വന്നൂ?......7
എ.പി. സരസ്വതി

ലേഖനം – ശ്രേഷ്ഠമായ ഉച്ഛിഷ്ടം.....................9
പി.ആർ. നാഥൻ

കഥ – ചെമ്പരത്തിപ്പൂ പെൺകുട്ടി..................12
രഘുനാഥ് പലേരി

ലേഖനം – അമ്പതുവർഷത്തിന്റെ അടയാളങ്ങൾ.....17
അഷ്ടമൂർത്തി

കവിത – അലഭ്യലഭ്യശ്രീമാൻ..........................19
ഡോ. ഉണ്ണികൃഷ്ണവർമ്മ, ദുബായ്

കവിത – ബീജബുദ്ധൻ............................21
രാമൻ മുണ്ടനാട്

ലേഖനം – ചെറുകര പിഷാരടിയും ചെറുകാടും.......23
മുരളി വട്ടേനാട്ട്

കവിത – ഇത് പൂക്കാലമാണ്........................27
രമാ പിഷാരടി

കഥ – ഒരു പ്രണയത്തിന്റെ ബാക്കിപത്രം............29
ഇ.പി. ഉണ്ണിക്കണ്ണൻ

ഓർമ്മക്കുറിപ്പ് – അസ്തമിക്കാത്ത സൂര്യൻ...........31
കല്ലങ്കര രാമൻകുട്ടി

കഥ – കുമ്പസാരം.................................36
മുരളി ബാല

കഥ – വാനപ്രസ്ഥം................................41
ഉമ ഉണ്ണികൃഷ്ണൻ

കഥ – സന്ദർശനം.................................44
രാജൻ അംബാലയം

റിപ്പോർട്ട് – അദ്ധ്യാത്മരാമായണ പാരായണസത്സംഗം. 48
കെ.പി. ഹരികൃഷ്ണൻ

പിഷാരോടി എജ്യുക്കേഷണൽ & വെൽഫെയർ സൊസൈറ്റി മെറിറ്റ്/എൻഡോവ്മെന്റ് അവാർഡ് ലിസ്റ്റ്...52

റിപ്പോർട്ട് – കേന്ദ്ര സംയുക്ത ഭരണസമിതി യോഗം.....59
ജനറൽ സെക്രട്ടറി

റിപ്പോർട്ട് – പി.പി. & ടി.ഡി.ടി. വാർഷികയോഗം....63

അനുസ്മരണം – അമ്മ............................64

വൈവാഹികം......................................67

ശാഖാവാർത്തകൾ..................................71

ആദരാഞ്ജലികൾ...................................75

EDITORIAL

## പറഞ്ഞത് അറിഞ്ഞത് അറിയേണ്ടത്



# കാണം വിറ്റും ഓണം ഉണ്ണണോ?

'ഇപ്രാവശ്യത്തെ തിരുവോണത്തിന് കുത്തരിക്കഞ്ഞിയും പയർ കറിയും അച്ചാറും പപ്പടവും മതി എന്ന് ഞങ്ങൾ തീരുമാനിച്ചിട്ടുണ്ട്.' ഈയിടെ ഒരു വ്യക്തി പറഞ്ഞ തികച്ചും വിചിത്രമായ തീരുമാനം ആദ്യം ആശ്ചര്യവും കൗതുകവുമാണുണ്ടാക്കിയത്. പിന്നെ ഏറെ ചിന്തകൾക്ക് അത് വഴി തുറന്നു. സുഹൃത്തുക്കളുടെ ഇടയിൽ മാത്രം പുള്ളി ഒരു കവിയാണ്. പ്രശസ്തമല്ലാത്ത ചില മാസികകളിൽ കവിതകൾ അച്ചടിച്ചു വന്നിട്ടുണ്ട് എന്ന് മാത്രം. എല്ലാ കവിതകളിലും പൊതുവായ വിഷയം ചെറുപ്പത്തിൽ അനുഭവിച്ച ദാരിദ്ര്യമായിരുന്നു. ഒരു നേരമെങ്കിലും വയർ നിറച്ചു ചോറുണ്ണാൻ ഓണം കാത്തിരുന്നതും മക്കൾക്ക് പുത്തനുടുപ്പും ഓണ വിഭവങ്ങളും ഒരുക്കാൻ വഴിയില്ലാതെ ആധിയോടെ കടം വാങ്ങാൻ ഓടി നടക്കുന്ന അമ്മയുടെ വേദനകളും മക്കളുടെ സങ്കടങ്ങളും ഒക്കെയാണ് അവയിൽ നിറഞ്ഞു നിന്നത്. അന്നയാൾക്ക് സുഹൃത്തുക്കൾ ഒരു പേരിട്ടിരുന്നു. ദരിദ്രവാസി. പക്ഷെ അന്നത്തെ ദരിദ്രവാസി ഇന്ന് ധനികനാണ്. രണ്ടു മക്കൾ വിദേശത്ത്. ഒരാൾ നാട്ടിൽ തന്നെ ബിസിനസ്സ്. വലിയ വീട്. അതിനൊത്ത ആഡംബരങ്ങൾ.

'ഇങ്ങനെയൊരു തീരുമാനം പഴയ കാലത്തിന്റെ ഓർമ്മ പുതുക്കലാണോ അതോ കാലത്തോടുള്ള കടം വീട്ടലോ?'

'അങ്ങനെ വേണമെങ്കിൽ എടുക്കാം. പക്ഷെ സത്യം അതല്ല. ഇപ്പോൾ എന്നും വീട്ടിൽ ഓണമാണ്. മകളുടെ രണ്ട് മക്കൾക്കും മിക്ക ദിവസവും വൈകീട്ട് ഭക്ഷണം പുറത്ത് പോയി കഴിക്കണം. അക്കാര്യത്തിൽ മകളും മോശമല്ല എന്ന് കൂട്ടിക്കോളൂ. സ്വാഭാവികമായും ഞാനും ഭാര്യയും കൂടെ പോകും. കുഴിമന്തി, ഷവർമ്മ, പേരോർമ്മയില്ലാത്ത പിന്നെയും പുത്തൻ ഭക്ഷണങ്ങൾ. പ്രമേഹം, ബിപി, കൊളസ്ട്രോൾ ആകെ പ്രശ്നമാണ്. അതുകൊണ്ട് ഓണസ്സദ്യക്ക് ഒരു പുതുമയും തോന്നുന്നില്ല. ഇപ്രാവശ്യം ഞാനും ഭാര്യയും ഒന്ന് മാറി ചിന്തിച്ചതാണ്. വയറിനെയെങ്കിലും ആശ്വസിപ്പിക്കാമല്ലോ.

പക്ഷെ അദ്ദേഹം പറഞ്ഞ വാക്കുകൾ ഒറ്റപ്പെട്ട വാക്കുകൾ അല്ല എന്നതാണ് സത്യം. കാലം വ്യക്തിയിലും സമൂഹത്തിനും വലിയ മാറ്റങ്ങൾ വരുത്തിക്കഴിഞ്ഞു.

പല പഴമൊഴികളും ഇന്നത്തെ കാലത്ത് അപ്രസക്തമായി പോകുന്നുണ്ടല്ലോ എന്ന് തോന്നാറില്ലേ? 'കാണം വിറ്റും ഓണം ഉണ്ണണം', 'ഓണം വന്നാലും ഉണ്ണി പിറന്നാലും കോരന് കുമ്പിളിൽ കഞ്ഞി' എന്നിവക്കൊക്കെ ഇന്ന് എന്തു പ്രസക്തിയാണ് ഉള്ളത്? കാണം വിറ്റും ഓണം ഉണ്ണണം എന്നത് തന്നെ എടുക്കുക. കഴിഞ്ഞു പോയ ഒരു കാലത്തിന്റെ ഹൃദയ മിടിപ്പുകൾ തന്നെയായിരുന്നു ആ പഴമൊഴി. അത് കേൾക്കുമ്പോഴേ അറിയാം അന്നത്തെ സമൂഹം അനുഭവിച്ചിരുന്ന ദാരിദ്ര്യത്തിന്റെ നേർ രൂപം. അരപ്പട്ടിണിയും ചിലപ്പോൾ മുഴുപ്പട്ടിണിയും പുതുമയല്ലാത്ത തലമുറ. പലപ്പോഴും നാഴി അരിയിൽ വലിയ കുടുംബങ്ങൾ വിശപ്പടക്കിയിരുന്നു എന്ന് പറഞ്ഞാൽ പുതിയ തലമുറ നെറ്റി ചുളിക്കും. പുതിയ ഉടുപ്പുകൾ, സദ്യ ഇതിനെ പറ്റിയൊക്കെ ഒരു ചിന്ത വരണമെങ്കിൽ തന്നെ ഓണം പോലുള്ള ആണ്ടു വിശേഷങ്ങൾ വരണം. ഓണക്കാലം ഗൃഹനാഥന്മാരുടെ പേടി സ്വപ്നമായിരുന്നു. ഇവക്കുള്ള പണം കണ്ടെത്തുന്ന കാര്യത്തിൽ. പക്ഷെ കണ്ടെത്താതെ മാർഗ്ഗമില്ലായിരുന്നു. കാണം വിറ്റും ഓണം ആഘോഷിക്കണം എന്നാണ് പഴയ തലമുറ അവരെ പഠിപ്പിച്ചിട്ടുള്ളത്. അവർക്കറിയാമായിരുന്നു ആരോഗ്യവുമായി കൂടി ബന്ധപ്പെട്ട അമൂല്യമായ വാക്കിന്റെ പൊരുൾ.

രാപ്പകലുകളില്ലാതെ, സമയ ഭേദങ്ങളില്ലാതെ ജീവിതകാലം മുഴുവൻ കഠിനാദ്ധ്വാനം ചെയ്ത് ജീവിക്കുന്ന അവർക്ക് കിട്ടിയ വലിയ മുന്നറിയിപ്പ് അല്ലെങ്കിൽ ഓർമ്മപ്പെടുത്തൽ. അദ്ധ്വാനം മാത്രം പോരാ, ഇടക്ക്



വിശ്രമവും കുടുംബസമേതം എല്ലാം മറന്നുള്ള സന്തോഷങ്ങളും വേണം. അന്ന് ദൈനം ദിന വിഷമങ്ങളെ കുറിച്ച് ചിന്തിക്കരുത്. എല്ലാവരും ചേർന്ന് ആഘോഷിക്കുമ്പോൾ അതിനു വേണ്ടി വരുന്ന ചെലവുകളെ സന്തോഷപൂർവം ഏൽക്കണം. അങ്ങനെയാണ് ഓണവും വിഷുവും ഉണ്ടായത്. ആഘോഷങ്ങൾ ഉണ്ടായത്. ഏതിനും ഒരു കാരണം ആവശ്യമാണ്. മനുഷ്യന്റെ കഠിനാധ്വാനങ്ങളെയും തീരാ സങ്കടങ്ങളേയും താൽക്കാലികമായിട്ടെങ്കിലും മറന്ന് സന്തോഷിക്കാൻ നമ്മുടെ മുതു മുത്തശ്ശന്മാർ തീർത്ത കാരണങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ടതാണ് ഓണം. ആ ഓണം കൊണ്ടാടിയേ മതിയാവൂ. അതിനു വേണ്ടി ആവശ്യമെങ്കിൽ കാണവും വിറ്റേക്കണം. നാട്ടുകളിലെ ജനം മുഴുവനും ഒരുമിച്ച് ഓണം ഗംഭീര ഉത്സവമാക്കി മാറ്റിയ ഒരു പഴയ കാലം നമുക്കുണ്ടായിരുന്നു. ടിവിയും മൊബൈൽ ഫോണുകളും ഇല്ലാത്ത കാലം.

പുതിയ കാലത്തിനു കാണമെന്തെന്ന് അറിയില്ല. പട്ടിണിയും അർദ്ധ പട്ടിണിയുമൊക്കെ അപരിചിതമായ വാഗ് ധോരണികൾ. ഓണാഘോഷങ്ങൾ എന്നത് തന്നെ ടി വി ചാനലുകളിലെ കെട്ടുകാഴ്ചകൾ മാത്രമായിരിക്കുന്നു. ഓണസ്സദ്യ കാറ്ററിംഗ്കാരുടെ വിശാലമായ അടുക്കളകളിൽ ഒരുങ്ങുന്ന സ്ഥിരം ചേരുവകൾ മാത്രമായിരിക്കുന്നു. റെഡിമെയ്ഡ് പൂക്കളങ്ങൾ വിപണിയിൽ സുലഭം. മൺതേവരുകൾ മരത്തേവരുകളായി. ഡിസ്കൗണ്ട് മാമാങ്കങ്ങൾ അരങ്ങേറുന്ന ബിസിനസ്സ് സ്ഥാപനങ്ങൾക്ക് മുന്നിൽ കണ്ണ് പറ്റാതിരിക്കാൻ നിർത്തുന്ന കോലങ്ങളുടെ സ്ഥാനത്താണ് ഇന്ന് മാവേലിയുടെ സ്ഥാനം. ഇത് പുതിയ കാലം സമൂഹത്തിന്റെ മേൽ തീർത്ത പരിണാമം. നിഷ്കളങ്കമായ നമ്മുടെ ഗതകാല സംസ്ക്കാരം പകരം നൽകി നമ്മൾ ഏറ്റുവാങ്ങിയ ദുര്യോഗം.

എങ്കിലും ഓണം ആഘോഷിക്കാനുള്ളതാണ് എന്ന മലയാളിയുടെ ചിന്താഗതിക്ക് നിത്യ യൗവനം. നമ്മുടെ ഒരു വിധം ശാഖകളൊക്കെ ഓണം ഗംഭീരമായി ആഘോഷിക്കുന്നു എന്നാണറിഞ്ഞത്. നമ്മുടെ ഈ കൂട്ടായ്മയുടെ കൂടി ഉത്സവകാലമാണ് ഓണം. എല്ലാവർക്കും സ്നേഹം നിറഞ്ഞ ഓണാശംസകൾ.

പത്രാധിപസമിതി



എല്ലാവർക്കും
ഓണം
ആശംസകൾ



എ. രാമചന്ദ്രപിഷാരോടി
പ്രസിഡണ്ട്

കെ.പി. ഹരികൃഷ്ണൻ
ജനറൽ സെക്രട്ടറി


*With best compliments from*

LL 04872320835
Mob: 9633898468
Mob: 9744187674

**GK GROUP**

(owned by C.G. Kutty/Ratnam Kattoor/Biju G Kutty/Binu G Kutty)

**ADVISORS, CONSULTANTS, COMMISSION AGENCY, BUSINESS ASSOCIATES**

C-1 Pearl Gardens, Near Co-op Society, Viyyur, Thrissur - 680 010, Kerala, India.
E-mail: gopalankutty48@gmail.com



# ārcee
## arts & events





ആഘോഷങ്ങൾക്ക്
മാറ്റ് കൂട്ടുവാൻ

# ആർസി

ആർട്സ് & ഇവന്റ്സ്

EVENT PLANNING
&
MANAGEMENT

## OUR SERVICES

- Kalyana Mandapam A/ C, Non A/ C
- Stage Decoration
- Home Decoration
- Engagement / Mehandi / Haldi Decoration
- Birthday / Anniversary Decoration
- Floral Arrangements
- Photography & Video Shoots
- Catering Service
- Sweets & Cakes
- Travels & Decorated Car
- Corporate Events
- Inaugration & Launching Events
- Government Function
- School & College Festival
- Cultural Events
- Sound System & Lighting
- Live Fusion, Nadaswaram & DJ
- Welcome Girls / Boys
- Security Service











**ARCEE ARTS & EVENTS**
K P N shopping complex,
Near Thiruvambady Temple, Thrissur

**ARCEE LIGHT & SOUNDS**
Opp: Poonkunnam Railway Station,
Thiruvambady, Thrissur

**ARCEE TOWER**
Pazhayanadakkavu, Thrissur

**FOR MORE DETAILS , CONTACT NOW**

| | |
|---|---|
| Ramachandran Changarath | 9847036535 |
| Sreekanth R C | 9605758535 |
| Sreeraj R C | 9656569059 |

ആർസിയോടൊപ്പം ആഘോഷങ്ങൾ

പ്രതിഫലനം

# എന്തെന്റെ മാവേലീ ഓണം വന്നൂ?



**എ.പി. സരസ്വതി**
ചീഫ് എഡിറ്റർ

നല്ല ചോദ്യം, അല്ലേ? കള്ളക്കർക്കിടകത്തിന്റെ കനത്ത മഴക്കെടുതികളും രാമായണമാസത്തിന്റെ ഭക്തിനിർഭരദിനങ്ങളുമൊക്കെ കഴിഞ്ഞല്ലേയുള്ളൂ? മഴക്കനം മുഴുവനായിട്ടും ഒഴിവായിട്ടില്ല (ഇതെഴുതുമ്പോഴത്തെ അവസ്ഥയാണിത് എന്നോർമ്മിക്കണേ...). പൊന്നിൻ ചിങ്ങം പിറന്നുവെന്നത് ശരിതന്നെ! എങ്കിലും ആകാശം ഇടയ്ക്കിടയ്ക്ക് മുഖം കറുപ്പിക്കുകയും കണ്ണീരൊഴുക്കുകയും ചെയ്യുന്നുണ്ട്. വസന്തത്തിന്റെ ചിരിപ്പൂക്കൾ വിടർന്നാലോ എന്നാലോചിക്കുന്നതേയുള്ളൂ. പൊന്നോണവെയിൽ പരക്കാൻ ഭാവിക്കുന്നതേയുള്ളൂ. അപ്പോൾ പിന്നെ മുകളിലത്തെ ചോദ്യത്തിനവകാശമുണ്ട്. ഓണത്തിനുള്ള ഒരുക്കമൊന്നുമായില്ല.



"ചന്തത്തിൽ മുറ്റവും ചെത്തിപ്പറിച്ചീല
എന്തെന്റെ മാവേലീ ഓണം വന്നൂ?
അമ്മാവൻ വന്നീല സമ്മാനം തന്നീല
എന്തെന്റെ മാവേലീ ഓണം വന്നൂ?
അച്ഛനും വന്നീല ആടകൾ തന്നീല
എന്തെന്റെ മാവേലീ ഓണം വന്നൂ?
ചന്തക്കുപോയീല നേന്ത്രക്കാവാങ്ങീല
എന്തെന്റെ മാവേലീ ഓണം വന്നൂ?"

ഒന്നുമറിയാതെ ഓണം വന്നതിന്റെ പരിഭവം മുഴുവൻ ഓണപ്പാട്ടിലെ ഈ ചോദ്യങ്ങളിലുണ്ട്. ചോദ്യങ്ങൾ ഇനിയുമുണ്ട്. കാരണം നമുക്ക് ഓണത്തിന് കുറെയധികം ഒരുങ്ങാനുണ്ടല്ലോ. ഉത്രാടപ്പാച്ചിലോടുകൂടിയല്ലേ അതവസാനിക്കൂ. ഓണപ്പൂക്കളവും ഓണത്തപ്പനും ഓണപ്പുടവയും ഓണപ്പാട്ടും ഓണക്കളിയും ഓണസ്സദ്യയും ഒരുക്കി ഓണത്തെ ഉഷാറായി എതിരേൽക്കണ്ടേ?

കാർഷികോത്സവം എന്നപോലെതന്നെ ഓണമിപ്പോൾ ദേശീയോത്സവവുമാണല്ലോ. കൊയ്ത്തൊക്കെക്കഴിഞ്ഞ് പുത്തൻ നെൽക്കതിരുകൾകൊണ്ട് വീടെല്ലാം 'നിറച്ചു' കഴിഞ്ഞു. 'പുത്തരി' ചിലയിടത്തൊക്കെ കഴിഞ്ഞുവെന്നുതോന്നുന്നു. എന്റെ വീടിനടുത്തുള്ള അമ്പലത്തിൽ തിരുവോണത്തിൻനാളാണ് പുത്തരിനിവേദ്യം. പുത്തരിപ്പായസമാണ് ഓണസ്സദ്യക്കുണ്ടാവുക. വേറെ പായസം വെക്കാറില്ല. അല്ലെങ്കിലും മലബാറിലൊന്നും ഓണത്തിനു പായസം പതിവില്ല. പഴം നുറുക്ക്, പപ്പടം, കായവറുത്തത്, ശർക്കരയുപ്പേരി എന്നിവയൊക്കെ സമൃദ്ധിയായിട്ടുണ്ടാവും. എന്തായാലും വേഗം ഓണവട്ടങ്ങളൊക്കെ ഒരുക്കുകൂട്ടിക്കോളൂ. 'കാണം വിറ്റും ഓണം ഉണ്ണണം' എന്നല്ലേ പറഞ്ഞിട്ടുള്ളത്. ഓണമിങ്ങെത്തി, കൂട്ടരേ....

എല്ലാവർക്കും നല്ലൊരു പുതുവർഷവും നല്ലോരോണവും ആശംസിച്ചുകൊള്ളുന്നു. ●



Brides *from* Bhima

**THRISSUR:** Near Vadakke Bus Stand.
Ph: 0487-2323998 / 2323995
**www.bhima.in**

BHIMA
AND BROTHER
Jewellers since 1925



ലേഖനം

# ശ്രേഷ്ഠമായ ഉച്ഛിഷ്ടം

പി.ആർ. നാഥൻ
മൊബൈൽ: 9495413741

എച്ചിൽ എന്നാൽ മോശമായ വസ്തുവാണെന്നാണ് നമ്മുടെയെല്ലാം ധാരണ. ശരാശരി അർത്ഥത്തിലെടുത്താൽ അത് സത്യംതന്നെ. കൈകൾ എച്ചിലായാൽ കഴുകണം. കഴുകാത്ത കൈകൊണ്ട് ദാനകർമ്മങ്ങൾ ചെയ്യരുത്. സ്വന്തം കൈകൊണ്ട് ആഹാരം കഴിക്കുമ്പോൾ കൈ എച്ചിലായി എന്ന് നമുക്ക് തോന്നാറില്ല. സ്വന്തം കൈകൾ ഒരു വ്യക്തിക്കും അശുദ്ധമായി തോന്നാറില്ല എന്നതാണ് വാസ്തവം. ജഗത്സർവ്വം വ്യാസോച്ഛിഷ്ടമാണെന്ന് പറയാറുണ്ട്. വ്യാസൻ എല്ലാ കാര്യങ്ങളെക്കുറിച്ചും വിസ്തരിച്ച് പ്രതിപാദിച്ചിരിക്കുന്നു. ആ മഹാത്മാവ് കൈവെയ്ക്കാത്ത മേഖലയില്ല. അതിനാൽ ഞാൻ ഇപ്പോൾ എഴുതിക്കൊണ്ടിരിക്കുന്ന ലേഖനവും വ്യാസോച്ഛിഷ്ടം തന്നെ. എന്തിനധികം, എന്റെ എഴുപത്തിയഞ്ചോളം ഗ്രന്ഥങ്ങളും വ്യാസോച്ഛിഷ്ടമാണ്. ഞാൻ വായിക്കുന്നതൊ? അതും അക്കൂട്ടത്തിൽപെടും. എച്ചിലിലയിൽ ഉരുളുന്ന ആചാരത്തെപ്പറ്റിയാണ് ഇവിടെ പരാമർശിക്കുന്നത്. അത് ഏറെ വിശദീകരിക്കേണ്ട ഒരു വിഷയമാണ്. ഉച്ഛിഷ്ടഗണപതിയെ ഉപാസിക്കുന്നവരുണ്ട്. ഉപാസനാരീതികളെക്കുറിച്ച് പഠിക്കുമ്പോൾ നമ്മുടെ മനസ്സിന്റെ വാതായനങ്ങൾ തുറക്കും. നമുക്കറിയാത്ത ധാരാളം കാര്യങ്ങൾ ഈ ഭൂമിയിൽ ഉണ്ടെന്ന കാര്യം മനസ്സിലാക്കണം. അറിഞ്ഞതും അറിയാത്തതുമായ കാര്യങ്ങൾ. അറിയില്ല എന്ന അറിവിനും അപ്പുറത്ത് കാര്യങ്ങളുണ്ട്.

ഒരിക്കൽ കാളഹസ്തി ക്ഷേത്രത്തിന്റെ മുമ്പിൽ ഞാൻ തമിഴ്നാട്ടുകാരായ ഏതാനും സഹൃദയരോടൊപ്പം ഇരിക്കുന്നു. ഇത്തരം ക്ഷേത്ര പശ്ചാത്തലങ്ങളിൽ സത്സംഗത്തിനായി ചമ്രംപടിഞ്ഞിരിക്കുന്ന ഭക്തന്മാരുണ്ട്. ഒരു സാധാരണക്കാരനായി അവരുടെ കൂടെയിരുന്ന് ഞാൻ ധാരാലം കാര്യങ്ങൾ മനസ്സിലാക്കിയിട്ടുണ്ട്. അങ്ങിനെയിരിക്കെ ഒരുദിവസം സംഭാഷണമദ്ധ്യേ എച്ചിൽ എന്ന വിഷയം ചർച്ചയിൽ വന്നു. സ്ഥലം കാളഹസ്തിയായതുകൊണ്ട് എച്ചിലന് പ്രാധാന്യമുണ്ടുതാനും. ഗ്രാമീണനായ ഒരാൾ കഥപറഞ്ഞുതുടങ്ങി. അയാളുടെ അച്ഛനിൽ നിന്നോ മാതുലനിൽ നിന്നോ കേട്ട കഥയായിരിക്കണം. കാളഹസ്തിയിലെ ഒരു ഭക്തൻ ഗുരുപൂജയുടെ കാര്യത്തിൽ ഒന്നാമനായിരുന്നു. ഗുരുവിനേക്കാൾ വലുതായി ആരുമില്ലെന്ന് ആ ഭക്തൻ വിശ്വസിച്ചു. യഥാർത്ഥത്തിൽ ഗുരു എന്നത് ദൈവം തന്നെയാണ്. ഗുരുവിലൂടെയാണ് നാം ദൈവത്തെ കാണുന്നത്. ദൈവത്തെക്കുറിച്ച് നമുക്ക് പറഞ്ഞു തന്നതും ഗുരുവാണ്. ആരാണ് ഗുരു? എവിടെനിന്നാണ് ഗുരുവിലേക്ക് ജ്ഞാനം കിട്ടിയത്. ഗുരുവിന്റെ ഗുരുവിൽനിന്നാണ്. അങ്ങിനെ പറഞ്ഞുതുടങ്ങിയാൽ ഗുരുവിന്റെ ഗുരു എന്ന പ്രയോഗം ദൈവത്തിൽ ചെന്നുനിൽക്കും. വൈദ്യുതിയുടെ ഉത്ഭവസ്ഥാനം അന്വേഷിച്ച് ഓരോ കമ്പിയേയും ശ്രദ്ധിച്ച് നടക്കുംമാതിരിയുള്ള ഒരു പ്രക്രിയയാണ് അത്. അതിനാൽ കാളഹസ്തിയിലെ ആ ഗൃഹസ്ഥൻ ഒരു ശരാശരി ഭക്തൻ മാത്രമാണ്. പ്രത്യേകം എടുത്തുപറയേണ്ട ഗുണങ്ങൾ ഒന്നും അദ്ദേഹത്തിന് ഇല്ല. ഇടയ്ക്കിടെ കാളഹസ്തി ക്ഷേത്രത്തിൽ നിന്ന് അയാൾ തൊഴും. അക്കാലത്ത് അവിടെ ഒരു സ്വാമി താമസിച്ചിരുന്നു. ഇന്നും ആ പശ്ചാത്തലത്തിൽ താമസിക്കുന്ന ധാരാളം സ്വാമിമാർ ഉണ്ട്. കാഷായവസ്ത്രം ധരിച്ചവരിൽ ഭൂരിഭാഗവും ഗുണങ്ങൾ ഇല്ലാത്തവരാണ്. ഭിക്ഷാടനം ഒരു തൊഴിലായി നടക്കുന്നവരും കാഷായവസ്ത്രം ധരിക്കാറുണ്ട്. വടക്കെ ഇന്ത്യയിലും ഹിമാലയ പാർശ്വങ്ങളിലും കാണുന്ന കാഷായവസ്ത്രധാരികളിൽ നല്ലൊരു ശതമാനം ഈ ഗണത്തിൽപ്പെട്ടവരാണ്. പക്ഷെ ഇക്കൂട്ടത്തിൽ യഥാർത്ഥ സന്യാസിമാരു

ണ്ട്. ജ്ഞാനികളുണ്ട് സിദ്ധി നേടിയവരുണ്ട്. ക്ഷേത്ര ദേവതയ്ക്ക് ശക്തിപകരുന്നത് അതിനു ചുറ്റും താമസിക്കുന്ന സന്യാസിമാരുടെ പരമ്പര യാണ് എന്ന് പറയാറുണ്ട്. നല്ല സന്യാസിമാരുടെ തപസ്സ് ദേവതയ്ക്ക് ശക്തിപകരുന്നു. ഇക്കൂട്ടത്തിൽ ഒരു നല്ല സന്യാസി അവിടെ താമസിച്ചിരുന്നു. അദ്ദേഹം തന്റെ ആശ്രമത്തിൽ നിന്നും കാളഹ സ്തിക്ഷേത്രത്തിലേക്ക് നടന്നുവരും. ആ സന്യാ സിയോട് ഗൃഹസ്ഥാശ്രമിക്ക് വളരെ ആരാധന തോന്നി. ഇടയ്ക്കിടെ ആ സ്വാമിയെ ദർശിക്കാനായി ആശ്രമത്തിലേക്ക് ചെല്ലും. അതൊരു പതിവായി. ദിവ്യമായ ഒരു ബന്ധമാണ് അവർക്കിടയിൽ ഉട ലെടുത്തത്. ഇത്തരം ബന്ധങ്ങളെക്കുറിച്ചുള്ള കഥ കൾ നാട്ടിൽ ധാരാളമുണ്ടെങ്കിലും ഈ ബന്ധ ത്തിന്റെ ക്ലൈമാക്സ് എനിക്ക് വളരെ ഇഷ്ടമാ യി.

സ്വാമിയുമായി ഏറെ അടുത്തപ്പോൾ ഭക്തന് ഒരു മോഹം. സ്വാമിയെ തന്റെ വീട്ടിലേക്ക് ക്ഷണി ക്കണം. സാധആരണഗതിയിൽ ഇത്തരം സന്യാ സിമാർ അവരുടെ കേന്ദ്രം ഉപേക്ഷിച്ച് എങ്ങോട്ടും പോകാറില്ല. ആശ്രമത്തിൽ നിന്ന് ക്ഷേത്രംവരെ പോകുക എന്നല്ലാതെ മറ്റൊരിടത്തേക്കും അവർ ചെല്ലുകയില്ല. ഒരു ഗൃഹസ്ഥാശ്രമിയുടെ മാനസിക വിചാരങ്ങളുമായി ബന്ധപ്പെട്ട തരംഗങ്ങളാണ് ഒരു ഗൃഹത്തിൽ ഉണ്ടാവുക. സന്യാസിയുടെ മാർഗ്ഗം അതല്ല. വീട്ടിലേക്ക് പലതവണ വിളിച്ചെങ്കിലും മൗനം അവലംബിക്കുകയല്ലാതെ സ്വാമി പ്രതിക രിക്കുകയുണ്ടായില്ല. എല്ലാ ആഗ്രഹങ്ങളും പൂവ ണിയണമെന്നില്ലല്ലൊ. അതൊരു സ്വപ്നമായി അവ ശേഷിച്ചു.

ഒരിക്കൽ ഗൃഹസ്ഥഭക്തൻ സ്വന്തം ഗൃഹ ത്തിൽ പൂജ നടത്തിക്കൊണ്ടിരിക്കുന്ന അവസരം. പൂജ നടത്തുമ്പോൾ അദ്ദേഹം പശ്ചാത്തലത്തെ ക്കുറിച്ച് ചിന്തിക്കുകയില്ല. എല്ലാം മറന്ന് അദ്ദേഹം മറ്റൊരു മാനസികമണ്ഡലത്തിലായിരിക്കും. പൂജയുടെ അവസാനത്തെ ചടങ്ങ് ഗൗരവമേറിയ താണ്. വായിൽ കൽക്കണ്ടം നിറയ്ക്കും. അത് മധു രമാണ്. എല്ലാ ദൈവവിശ്വാസവും മധുരിക്കുന്ന വയാണ്. ഈ പ്രപഞ്ചത്തിൽ മധുരമല്ലാതെ മറ്റൊ ന്നുമില്ല. വായിൽ കൽക്കണ്ടം നിറച്ച് തലയുയർത്തി യപ്പോൾ കാണുന്ന കാഴ്ച അത്ഭുതകരമായിരുന്നു. താൻ ആരാധിക്കുന്ന ഗുരുനാഥൻ വീട്ടിലേക്ക് കയ റിവരുന്നു. അദ്ദേഹം പൂജാമുറിയിൽ എത്തിക്കഴി ഞ്ഞു. തന്റെ പ്രിയശിഷ്യന്റെ ആരുഢം സന്ദർശി ക്കണമെന്ന ഉൾവിളി ആ സ്വാമിക്ക് എങ്ങിനെയൊ ഉണ്ടായതാവാം കാരണം. ഗുരുവിനെ കണ്ടതും ഞെട്ടലുണ്ടായി. എങ്ങിനെയാണ് സല്ക്കരിക്കുക?



വായിലിട്ട കൽക്കണ്ടം ഇറക്കാൻ വയ്യ. തുപ്പാനും വയ്യ. വെപ്രാളത്തിൽ എന്താണ് സഭവിച്ചതെന്ന് അറിഞ്ഞുകൂടാ. അത് വായിൽ നിന്നും സ്വാമി യുടെ ശരീരത്തിലേക്ക് തെറിച്ചു. ഉച്ഛിഷ്ടം കൊണ്ട് സ്വാമിയെ അഭിഷേകം ചെയ്തു എന്ന് ചുരുക്കം.

സംഭവിക്കാൻ പാടില്ലാത്തത് സംഭവിച്ചുകഴി ഞ്ഞു. ഭക്തൻ പശ്ചാത്താപം മൂലം മോഹാലസ്യ പ്പെടുമെന്ന സ്ഥിതിയിലായി. സ്വാമി പുഞ്ചിരി യോടെ ആ നിവേദ്യം സ്വീകരിച്ചു. കാൽക്കൽ വീണ് മാപ്പിരക്കാൻ തുടങ്ങിയതും ഗുരുനാഥൻ തടഞ്ഞു.

"നീ ഒരു തെറ്റും ചെയ്തിട്ടില്ല. ഒട്ടും വിഷമി ക്കേണ്ട."

"അങ്ങിനെ പറയരുത് സ്വാമി. അറിയാതെ ഞാൻ അവിവേകം ചെയ്തുപോയി..."

സ്വാമി വാത്സല്യപൂർവ്വം ശിഷ്യനെ തലോടി.

"ഇത് കാളഹസ്തിയുടെ മാഹാത്മ്യമാണ്. കണ്ണപ്പൻ പണ്ട് ശിവലിംഗത്തിൽ തുപ്പുകയാണു ണ്ടായത്. ഇവിടേയും അതാണ് സംഭവിച്ചത്. എച്ചിൽ എന്നൊന്ന് ഇല്ല. ശിവശക്തിയുടെ മുമ്പിൽ എന്ത് എച്ചിൽ? എന്ത് ഉച്ഛിഷ്ടം?

ഭക്തന്റെ കണ്ണുകളിൽ നിന്ന് ധാരധാരയായി കണ്ണുനീർ ഒഴുകി എന്ന് ആ ഗ്രാമീണർ ചുറ്റും കൂടി യവരോട് വിവരിക്കുന്നു. കാളഹസ്തിയിലെ ആകാശത്തെ സാക്ഷിനിർത്തി ഞാനത് ശ്രവിച്ചു കൊണ്ടിരുന്നു. എച്ചിലിനെ ആരാധനയുമായി ബന്ധിപ്പിച്ച സ്ഥലമാണ് കാളഹസ്തി. എച്ചിലും ശുദ്ധമായ വസ്തുതന്നെയാണ് എന്ന ഗുണപാഠം ശിവൻ നമുക്ക് പറഞ്ഞുതരുന്ന സ്ഥലമാണ് കാള ഹസ്തി. സന്ധ്യക്ക് മങ്ങിയ ഇരുട്ടിൽ കാളഹസ്തി യിലെ തെരുവിലൂടെ നടക്കുമ്പോൾ എന്റെ മന സ്സിൽ തെളിഞ്ഞുവന്നത് ശിവലിംഗത്തിലേക്ക് വെള്ളം തുപ്പിക്കൊണ്ട് അഭിഷേകം ചെയ്ത കണ്ണ പ്പന്റെ രൂപമായിരുന്നു.

TeethTune
Dental and ENT Clinic

ADVANCED ENT OPD ENDOSCOPY &
INTRA ORAL SCANNER AVAILABLE

# Bright Smiles & Clear Ears

Expert Care for Your Teeth & Ears!



## ENT SERVICES ( ഇ എൻ ടി വിഭാഗം )

- Ear infections , Hearing loss & Vertigo management | Nasal obstruction , Allergy & Sinusitis management | Tonsillitis & Adenoiditis management | Throat & Voice disorder management Snoring & Sleep apnea management | Ear, Nose & Throat Endoscopy | Foreign Body removal (Ear, Nose& Throat) | Ear lobe repair | Medical grade Ear & Nose piercing



## DENTAL SERVICES ( ഡെന്റൽ വിഭാഗം )

- Dental Implants & Full Mouth Rehabilitation | Temporomandibular Joint (TMJ) Disorder Management | Airway focused dentistry | Dentures (Removable and fixed) | Crown and bridges | Cosmetic Dentistry - Laminates & Veneers | Smile Designing & Teeth Whitening General & Preventive Dentistry | Root Canal Treatment | Braces & Clear Aligners (Invisalign) | Dental extraction and Disimpaction | Gum Disease Treatment & Laser Dentistry | Paediatric Dentistry

ഹാപ്പി ഓണം

ക്ലിനിക്കിന്റെ പ്രവർത്തനസമയം (clinic timings)
പൊതുവായ സമയം : രാവിലെ 9.30 AM - രാത്രി 8.00 PM
ഇ എൻ ടി കൺസൾട്ടേഷൻ :
ചൊവ്വ & വ്യാഴം ഒഴികെ എല്ലാ ദിവസവും :
( 2.00 PM TO 6 PM )

**Dr. Jishnu S Pisharody**
BDS , MDS Prosthodontics & Implantology

**Dr.Vidya Gopinathan Pisharody**
MBBS, MS ENT, DNB ENT | ENT Surgeon

www.teethtune.com

Teethtune

+91 9895800321

info@teethtune.com

23/31, Kattookaran Road, near Catholic Pastoral Centre, Keerankulangara, Thrissur, Kerala 680005

കഥ



രഘുനാഥ് പലേരി

# ചെമ്പരത്തിപ്പൂ പെൺകുട്ടി

**ചെ**മ്പരത്തിപ്പൂ പെൺകുട്ടിയെ ഞാൻ കാണുന്നത് ഒരു വൈകുന്നേരത്താണ്.

മുഴുനീള പാവാടയും...ഷർട്ടുപോലുള്ള ബ്ലൗസും...

ചെരുപ്പില്ലാ പാദവും... ഒറ്റക്കാലിൽ പാദസരവും...

മുകളിലേക്കുയർത്തിയ മെലിഞ്ഞ കൈയ്യിൽ പലനിറത്തിലുള്ള പ്ലാസ്റ്റിക്ക് വളകളും..

പിറകിലേക്ക് ഒഴുകി വീഴുന്ന നീളൻ കാർമേഘ മുടിയും...

അരികിൽ അനിയനെന്നു തോന്നുന്ന ഷർട്ടിടാത്ത ട്രൗസർ കുട്ടിയും.

അവനെ തൊട്ടു നിൽക്കുന്ന അവളുടെ ഇടം കൈയ്യും....

തലക്കു മുകളിൽ ഉയരത്തിലായി ഇടവഴി വേലിക്കൽ പടർന്നു പന്തലിച്ചു നിൽക്കുന്ന ചെമ്പരത്തിക്കാടിന്റെ വളഞ്ഞ കൊമ്പിലൊന്നിൽ കുലയായി പൂത്തു നിൽക്കുന്ന പൂക്കൾ പറിക്കാനായി അവൾ കൈ ഉയർത്തി റോക്കറ്റുപോലെ ചാടുകയാണ്. ത്രസ്റ്റ് പോരാഞ്ഞിട്ടാണെന്നു തോന്നുന്നു അവളുടെ കൈവിരലുകൾ അനിയന്റെ ചുമലിൽ ഓരോ ചാട്ടത്തിലും അമരുന്നുമുണ്ട്. അഞ്ചാറ് ചാട്ടം ചാടിയിട്ടും അവളുടെ വിരലുകൾ ചെമ്പരത്തി ദളത്തിൽ എത്തുന്നില്ല.

മുന്നോട്ട് നടക്കുന്ന എന്നിൽ നിന്നും അവരും അവളുടെ ചാട്ടവും വളരെ അകലെ. നീളൻ ഇടവഴിയുടെ അഗ്രം അവർക്കപ്പുറം വലത്തോട്ടോ ഇടത്തോട്ടോ തിരിയുന്നുണ്ട്. അവിടം സന്ധ്യയിലേക്ക് പ്രായമേറുന്ന പകലിന്റെ വെളിച്ചത്തിന് നിറം മങ്ങുന്നുണ്ട്. ഇടവഴി നിറയെ കരിയിലയും കുഞ്ഞു കല്ലുകളും നടന്നു പോയവരുടെ കാലടികളും അല്ലാതെ അവരും ഞാനും തനിച്ചാണ്. ഞാൻ ആരതി മാഡത്തിന്റെ വീടും തിരക്കി പോവുകയാണ്.

ആരതി എന്റെ പ്രിയപ്പെട്ട കൂട്ടുകാരി വനജാ മണിയുടെ ചങ്ങാതിയാണ്. വനജയാണ് എനിക്ക് ആരതിയെ പരിചയപ്പെടുത്തി തന്നത്.



"രഘൂ ഇവൾ ആരതി. എന്റെ ബസ്റ്റ് ഫ്രണ്ട്."

ആരതി പുഞ്ചിരിച്ചു. എന്നെക്കുറിച്ച് വനജയിൽ നിന്നും നേരത്തെ കേട്ടു കഴിഞ്ഞിട്ടുള്ള ആ പുഞ്ചിരിയിൽ വളരെ കാലമായി കൊണ്ടു നടക്കുന്ന ഒരു ഉൾചങ്ങാത്തം ഉണ്ടായിരുന്നു. ആരതിയും വനജാമണിയും ധാരാളം വായിക്കും. സന്തോഷം നിറക്കും വിധം ചിരിക്കും. രണ്ടുപേരും എന്നെക്കാൾ മുതിർന്നവരാണ്. കോളജിൽ പഠിപ്പിക്കുന്നവരാണ്. ഒരുപാട് വിദ്യാർത്ഥികൾ ഉള്ളവരാണ്. അതിൽ ആനന്ദം കണ്ടെത്തുന്നവരാണ്.

ആയിടെ എങ്ങോ ആരതി താമസം മാറ്റി. കോഴിക്കോട് ഗാന്ധി ആശ്രമത്തിനു പിറകിലുള്ള ഇടവഴിയിലേക്ക് ഇറങ്ങി വളഞ്ഞു പുളഞ്ഞു നടന്ന് ഇടതും വലതും തിരിഞ്ഞ് എങ്ങോട്ടൊക്കെയോ പോയാൽ ആരതിയുടെ പുതിയ വാടക വീട്ടിൽ എത്തും എന്നാണവർ കത്തിൽ എഴുതിയിരുന്നത്. ഓർമ്മയിൽ ആ വരികളിലെ മഷി നനവ് മാത്രമേ ഉള്ളൂ. അന്ന് ഗൂഗിളും മാപ്പും അതിലെ സഞ്ചാര വഴികൾ വരച്ചു കാണിക്കുന്ന നീല വരകളും ഒന്നും ഇല്ലായിരുന്നു.

പകരം വഴിയിൽ വഴി ചോദിക്കാൻ കണ്ടു കിട്ടുന്നവർ ഓരോരുത്തരും ഓരോ ഗൂഗിളായ് മാറുകയാണ് പതിവ്. ചില ഗൂഗിൾ കൈ നിട്ടീ നേരെ പോയി ഇടത്തോട്ട് തിരിയാൻ പറയും. ഒപ്പം അവരുടെ കൈയ്യും തിരിയും. ചിലർ വലത്തോട്ട് പറയും. ചിലർ അറിയില്ലെങ്കിലും ഇവിടെ ഒന്നും അങ്ങിനെ ഒരാളോ വീടോ സ്ഥലമോ ഇല്ലെന്ന് ഉറപ്പിച്ചങ്ങ് പറയും. അപൂർവ്വം ചിലർ കിറുകൃത്യമായി മറ്റാരോടെങ്കിലും ചോദിച്ചും ചോദിക്കാതെയും പറഞ്ഞു തരും. കേൾക്കുന്ന നമ്മൾ തുടർന്നു മുന്നോട്ടു പോയി അവരെക്കാൾ കൃത്യമായി ആ വഴി തേറ്റിക്കേം ചെയ്യും.

ആരതി മാഡത്തിന്റെ വീട്ടിലേക്കൊരു ക്ഷണം കിട്ടിയിട്ട് മാസങ്ങളായി. ചെല്ലാംന്ന് വാക്കു നൽകിയിട്ടും ആഴ്ച്ചകളായി. പെട്ടെന്നൊരു ബോധം വന്നപ്പോൾ ഞാൻ "ആരതിയെ ചെന്നൊന്ന് കാണട്ടെ" എന്നമ്മയോട് പറഞ്ഞ് ഇറങ്ങി നടന്നതാണ്. എന്റെ അത്തരം സഞ്ചാരങ്ങൾ ലക്ഷ്യത്തിനും അപ്പുറത്തേക്ക് നീളും എന്നമ്മക്ക് ഉറപ്പായതുകൊണ്ടാവും അമ്മ എന്നോട് ചോദിച്ചു.

"വേറെ എവിടേക്കെങ്കിലും പോവ്വോ നീയ്യ്...?"

അമ്മ അപ്പോൾ വീട്ടുപറമ്പിലെ അമ്മയോളം ഉയരമുള്ള ചെമ്പരത്തി ചെടികളിലെ പൂക്കൾ പറിക്കുകയിരുന്നു. അമ്മക്ക് ഇഷ്ടമുള്ള പൂക്കളാണ് ചെമ്പരത്തി. വളരെ കാലത്തിനു ശേഷം എന്റെ കുട്ടികളുടെ അമ്മയായി എന്നിലേക്ക് വന്ന സ്മിതക്കും ചെമ്പരത്തി ഒരുപാട് ഇഷ്ടമാണ്. ഒരേ ചെമ്പരത്തിയുടെ കമ്പുകൾ മുറിച്ച് അവൾ മുറ്റത്ത് അവിടവിടെ നട്ട് തളിർപ്പിക്കും. ചിലത് തളിർക്കും. ചിലത് വാടും.

വീട്ടിൽ നിന്നും ഇറങ്ങുമ്പോൾ മുന്നിൽ കണ്ട അമ്മക്കാഴ്ച്ചയാവാം ഇപ്പോൾ ഇടവഴിയുടെ ഇടവേളയിൽ വെച്ചു മുന്നിൽ വന്ന ചെമ്പരത്തിപ്പൂ പെൺകുട്ടിയിലേക്ക് എന്റെ മനസ്സ് പറിച്ചുനട്ടത്. രണ്ട് കാഴ്ച്ചയിലും പിടിച്ചു നിർത്തിയത് ചെമ്പരത്തിയാണ്. അമ്മക്ക് മുന്നിൽ കണ്ട ചെമ്പരത്തിയേക്കാൾ പൂക്കൾ നിറഞ്ഞതാണ് അനിയന്റെ ചുമലിൽ കൈ അമർത്തി പൂവിലേക്ക് ചാടുന്ന പെൺകുട്ടിക്കു മുന്നിലെ ചെമ്പരത്തിക്കാട്.

എന്തുകൊണ്ടോ യാത്രയിൽ കണ്ടുമുട്ടുന്ന കാഴ്ച്ചകളായിരുന്നു കുഞ്ഞുനാൾ മുതൽ എനിക്കു കിട്ടുന്ന പഠന പുസ്തകങ്ങളും പഠന മുറികളും. വീണു കിട്ടുന്ന അനുഭവങ്ങൾ ആശ്ലേഷങ്ങൾ ആണെന്ന് തോന്നാറുണ്ട്. ചിലത് വല്ലാതെ പിടിമുറുക്കി ശ്വാസം മുട്ടിച്ചു കളയും. ചിലവ അരുമയോടെ തടവി മൂർദ്ദാവിലൊന്ന് മുത്തിയങ്ങിനെ കടന്നുപോകും. അപൂർവ്വം ചിലത് പുഞ്ചിരിയിൽ ആരംഭിച്ച് പൊട്ടിച്ചിരിയുടെ പൂക്കുറ്റി തെറിപ്പിച്ച് വളരെകാലം ഉള്ളിൽ നിറഞ്ഞങ്ങിനെ നിൽക്കും. എന്നാൽ അത്യപൂർവ്വായി ചിലവ മനോമിടിപ്പുകൾക്കൊപ്പം എന്നിലേക്കങ്ങ് സന്നിവേശിക്കും.

നടന്നു നടന്ന് ചെമ്പരത്തിപ്പൂ പെൺകുട്ടിക്കരികിലേക്കെത്തുമ്പോഴേക്കും, തുള്ളിച്ചാടി നാലഞ്ചു പൂക്കൾ അവൾ അനിയനു വേണ്ടി പറിച്ചു കഴിഞ്ഞിരുന്നു. അപരിചിതനായൊരാൾ അടുത്തെത്തുമ്പോഴേക്കും ചാട്ടം നിർത്തി അവൾ ഓരം ചേർന്ന് ഒന്നൊതുങ്ങി നിന്നിരുന്നു. അത്രയും നേരം ചാടിത്തുള്ളിയതിന്റെ വിയർപ്പും കിതപ്പും അവളുടെ മുഖത്ത് പ്രസരിച്ചിരുന്നു. വഴി കൃത്യമായി ചോദിക്കാൻ ഒരാളെ കിട്ടിയ സന്തോഷത്തോടെ ഞാനാ ഏടത്തിയോടും അനിയനോടുമായി ചോദിച്ചു.

"പ്രൊഫസർ ആരതി മാഡത്തിന്റെ വീട് ഇവിടെ എവിടെയാണെന്ന് അറിയോ.."

ഉത്തരം പറയുന്നതിനു പകരം അവൾ എന്നെ നോക്കി പെട്ടെന്നൊരു പ്രകാശത്തോടെ പുഞ്ചിരിച്ചു. ആ പുഞ്ചിരി വീണിടം വർണ്ണമേറിയതും, കണ്ണിൽ അമ്പരപ്പും കൗതുകവും നിറഞ്ഞു. ഇത്തിരി സമയം എടുത്ത് അവിശ്വസനീയതയോടെ അവൾ എന്നോട് പറഞ്ഞു.

"നിങ്ങൾ താമസിച്ച വീട് തന്നെ."

എനിക്കൊന്നും മനസ്സിലായില്ല. ഉത്തരം പറഞ്ഞ് അത്രയും നേരം അതിശയത്തോടെ നിന്ന്

അനിയന്റെ കൈയ്യും പിടിച്ച് ചെമ്പരത്തിപ്പൂക്കളുമായി അവൾ എനിക്ക് മുന്നിലായി ഇടവഴിയിലൂടെ മുന്നോട്ടോടി. ഞാൻ താമസിച്ച ഏത് വീടെന്ന് എനിക്ക് ചോദിക്കണമായിരുന്നു. അതിനു മുൻപെ ഒന്നു തിരിഞ്ഞു നോക്കി അവൾ ഇടവഴിയുടെ വലതു വശത്തുള്ള ഒരു വഴിയിലേക്ക് കയറി മറഞ്ഞു. അവിടേക്ക് ഞാൻ നടന്നെത്തുമ്പോഴേക്കും അവൾ പറമ്പിൽ അകലെയായുള്ളൊരു കുഞ്ഞു വീടിന്റെ മുറ്റത്തോളം എത്തിക്കഴിഞ്ഞിരുന്നു. വെളുത്തൊരു നായക്കുട്ടി അവൾക്കു ചുറ്റും ഓടിക്കളിച്ചു തുടങ്ങിയിരുന്നു.

എനിക്കത്ഭുതം തോന്നി. ഞാനാ ഭാഗത്ത് ഒരു വീട്ടിലും താമസിച്ചിരുന്നില്ല. അതേ സമയം ഞാൻ താമസിച്ചിരുന്ന എതോ വീട്ടിലാണ് ഇപ്പോൾ ആരതി മാഡം താമസിക്കുന്നതും. കണ്ടുപിടിക്കാൻ എളുപ്പമായി. ഞാൻ താമസിച്ചിരുന്ന വീടെവിടാണെന്ന് എന്നോട് തന്നെ ചോദിച്ചാൽ മതിയല്ലൊ. ഞാൻ ചോദിച്ചു.

"എവിടാണ് രഘൂ ആ വീട്."

ഞാൻ രഘുവിന്റെ വീട് രഘുവിന്ന് പറഞ്ഞു കൊടുത്തു.

"ദാ.. ഇവിടെ അടുത്ത് തന്നെ.."

ആരതി മാഡത്തിന്റെ മുന്നിൽ ഇരിക്കുമ്പോൾ എനിക്കാ വീടിനോട് വല്ലാത്തൊരു സ്നേഹം തോന്നി. ഞാൻ താമസിച്ചിരുന്ന വീട്ടിലേക്ക് തന്നെ മറ്റൊരാളെ കാണാൻ വഴി ചോദിച്ചു വരുന്നത് ആദ്യമായാണ്. ആ ചെമ്പരത്തിപ്പൂ പെൺകുട്ടി പറഞ്ഞ ഉത്തരത്തിന്നുള്ളിലെ കാവ്യഭംഗി ആയിരുന്നു എന്റെ മനസ്സ് നിറയെ. ഇടവഴിയിലൂടെ അനിയന്റെ കൈ പിടിച്ച് മുന്നിൽ ഓടി തിരിഞ്ഞു നോക്കി പറമ്പിലേക്ക് കയറി വീട്ടുമുറ്റത്തെത്തി, പട്ടിക്കുഞ്ഞിനൊപ്പം വട്ടം കറങ്ങി, ഇതിനകം വീട്ടുജോലിയിൽ മുങ്ങിയ ചെമ്പരത്തിപ്പൂ പെൺകുട്ടിയുടെ മനസ്സിലിപ്പോൾ ഞാനിരിക്കുന്നത് മുൻപ് താമസിച്ചിരുന്ന വീട്ടിലാണ്.

ഇത്തിരി നേരം കൂടി സംസാരിക്കാനുള്ള സമയം അവൾ എനിക്കും അവൾക്കും നൽകിയിരുന്നെങ്കിൽ ഇപ്പോൾ ഞാൻ ഇരിക്കുന്നത് മുൻപ് താമസിച്ചിരുന്ന വീടല്ലാതായി മാറിയേനേ. അത് സംഭവിക്കാനുള്ള സാദ്ധ്യത അവൾ തന്നെ എനിക്കു മുന്നിൽ മായ്ച്ചു കളഞ്ഞു.

വീട്ടിലേക്കുള്ള വഴി ചോദിച്ചത് ഞാനാണെങ്കിലും, അവളോട് വഴി ചോദിച്ചത്, ഈ വീട്ടിൽ താമസിച്ചിരുന്ന മറ്റാരോ ആണ്. അവൾ അയാളെയാണ് എന്നിൽ കണ്ടത്.

ആരായിരിക്കും അത്..?

അതാരായാലും അതിപ്പോൾ ഞാനാണ്.

എന്നിലേക്ക് അപൂർവ്വമായി തെളിയുന്നൊരു പ്രകാശമല്ലേ അത്. ഒരിക്കലും കണ്ടിട്ടില്ലാത്തൊരാളായി മാറി മറ്റൊരാളുടെ മനസ്സിലെ അതിഥിയാവുക. കാലങ്ങളോളം മനസ്സിലൊരു പൂക്കാലം സൃഷ്ടിക്കാൻ എനിക്കിങ്ങിനെ വീണുകിട്ടുന്ന നുറുങ്ങ് ചെമ്പരത്തിപ്പൂക്കൾ മതി. ഇതെങ്ങിനെ സ്വായത്തമാക്കി എന്നെനിക്കറിഞ്ഞുകൂട. എന്നാൽ ഇത്തരം പൂക്കാലങ്ങളിലേക്കുള്ള സഞ്ചാരപഥം വെട്ടിത്തന്നത് അച്ഛനും അമ്മയും തന്നെയാണ്. അവർ കുട്ടിക്കാലത്ത് എനിക്കു ചുറ്റും വിതറിയ ശാന്തതയും സ്നേഹവും മാത്രമാണ്. ജീവിതമെന്ന പൂക്കാലത്തിന്റെ അടിവളം സമാധാനമാണ്. ശാന്തതയാണ്. സ്നേഹമാണ്.

ആരതി മാഡത്തിനൊപ്പം ഞാനാ വീടിന്റെ അകവും പുറവും അവിടെ മുൻപ് താമസിച്ചിരുന്ന അയാളായി നടന്നു കണ്ടു. അതൊരു കുഞ്ഞു വീട്. വൃത്തിയുള്ള മുറികൾ. കുഞ്ഞു ജാലകങ്ങൾ. അടുക്കള മുറ്റവും പൂമുഖ മുറ്റവും എല്ലാം ശുദ്ധം. പിൻഭാഗത്തൊരു പ്ലാവിൽ വേരിലും വളർന്നു നിൽക്കുന്ന പാകമായ എടുത്താ പൊങ്ങാത്ത ചക്ക.

"ഇതൊന്നും ആർക്കും വേണ്ടേ..?"

ആരതി മാഡം ഉത്തരം എഴുതി.

"മുൻപ് താമസിച്ചിരുന്ന ആള് ഇവിടെ പറമ്പിലുള്ളതൊക്കെ പറിച്ച് ആർക്കൊക്കെയോ കൊടുക്കുമായിരുന്നൂന്ന് വീട്ടുടമസ്ഥൻ പറഞ്ഞു. അതായിരുന്നൂത്രെ അയാളെ കൊണ്ടുള്ള ശല്ല്യം. ഉടമസ്ഥന് അതൊന്നും ഇഷ്ടം അല്ല. എന്നാലയാളൊട്ട് കൊണ്ടുപോവേം ഇല്ല."

ആ വീട്ടിൽ മുൻപ് താമസിച്ചിരുന്ന എന്നോട് എനിക്ക് ബഹുമാനം തോന്നി. നല്ല കാര്യല്ലേ ആ ഞാൻ ചെയ്തത്. വെറുതെ കളയുന്നതിലും ഉത്തമം ഫലങ്ങൾ ഭക്ഷണമായി വിശപ്പിലേക്ക് ആശ്വാസമാവുന്നതല്ലേ. വിശപ്പല്ലേ ഏതൊരു ഉടമസ്ഥനും സ്വന്തം. ഭക്ഷണം എപ്പോഴും ആരുടെയോ ദാനമല്ലേ. ചെമ്പരത്തിപ്പൂ പെൺകുട്ടിയുടെ മുഖത്ത് ഉദിച്ചു വന്ന പ്രകാശത്തിന്റെ ഉറവിടം എനിക്കാ ഒരേ ഒരു ഉത്തരത്തിൽ നിന്നും വ്യക്തമായി. ഇവിടെ മുൻപ് താമസിച്ചിരുന്ന ആ ഞാൻ ചുറ്റുപാടും ഉള്ളവർക്ക് വളരെ നല്ലവനായിരുന്നു. വഴിയിൽ വെച്ചു കണ്ട ചെമ്പരത്തീപ്പൂ പെൺകുട്ടിയെക്കുറിച്ച് ആരതി മാഡത്തോട് ഞാൻ പറഞ്ഞു. അവളെനിക്ക് വഴി പറഞ്ഞു തന്നത് ഞാൻ മുൻപ് താമസിച്ചിരുന്ന വീട്ടിലേക്കാണെന്നത് ആരതി മാഡത്തിനും അപൂർവ്വ കൗതുകമായിരുന്നു.

പിന്നീട് സംഭവിച്ചത് ഇന്നും എന്നിൽ കുടുതൽ തെളിവോടെ പരിലസിച്ചു നിൽക്കുന്നു. തിരികെ വരും വഴി വളവ് തിരിഞ്ഞ് ഇടവഴിയിലേ

ക്ക് കയറവേ വീട്ടിലേക്ക് ഓടി മറഞ്ഞ ഭാഗത്ത് ചെമ്പരത്തിപ്പൂ പെൺകുട്ടിയും ട്രൗസറിട്ട അനിയനും ഒപ്പം പ്രായമായൊരു സ്ത്രീയും എന്നെ കാത്തു നിൽക്കുന്നു. അവർ ആ കുട്ടികളുടെ അമ്മയോ അമ്മമ്മയോ ആവാം. അരികിൽ എത്തും തോറും,, "ദാ.. എത്താറായി.." എന്നവൾ പറയും പോലെ അവരുടെ മുഖം വികസിക്കുന്നു. അവളുടെ കൈയ്യിൽ പിടിച്ച് ആ അമ്മ ഇടവഴിയിലേക്ക് ഇറങ്ങാതെ സ്വൽപ്പം കൂടി മുന്നോട്ട് നീങ്ങി നിൽക്കുമ്പോഴേക്കും ഞാനവരുടെ മുന്നിലായി എത്തിയിരുന്നു. എന്നെ കാത്തു നിൽക്കയാണെന്ന് മനസ്സിലായതും ഞാൻ ആ അമ്മക്കു മുന്നിൽ നിന്നു. ട്രൗസർ അനിയനിൽ ഒരു കൗതുക നോട്ടം. ചെമ്പരത്തിപ്പൂ പെൺകുട്ടിയിൽ ആവട്ടെ കുറെക്കൂടി ധൈര്യമുള്ള പുഞ്ചിരി. ആ അമ്മ എന്നോട് വിഷമത്തോടെ ചോദിച്ചു.

"ഇവിടുന്ന് പോകുമ്പോ എന്തേ പറയാണ്ട് പോയ്യേ. എല്ലാർക്കും വല്ല്യ വിഷമായില്ലേ.."

എന്ത് പറയണമെന്നറിയാതെ ഞാൻ നിൽക്കേ പെട്ടെന്ന്... വളരെ പെട്ടെന്ന്.. ചെമ്പരത്തിപ്പൂ പെൺകുട്ടി എന്നെ തിരിച്ചറിഞ്ഞു.

ആ താമസക്കാരൻ ഞാനല്ല.

എന്നപ്പോലെ അവൾക്ക് തോന്നിച്ച മറ്റാരോ. ഓർമ്മയുടെ നൂൽപ്പാലത്തിൽ സംഭവിച്ച ചെറിയൊരു കാലിടറലിൽ എന്നോളം ഛായ തോന്നിച്ച ആരോ ആവളുടെ മനസ്സിൽ വന്നതാണ്. അയാളാവട്ടെ അവർക്ക് പ്രിയപ്പെട്ടവനുമാണ്. പറയാതെ യാത്ര പറഞ്ഞുപോയ അയാളെ ഒന്നുകൂടി കാണാനാണ് ആ അമ്മയും അവളുടെ കൈ പിടിച്ച് വേലിക്കൽ വരെ വന്നത്. കാരണം അവർക്ക് കാഴ്ച്ചയില്ലായിരുന്നു.

എല്ലാ തിരിച്ചറിവുകളും എന്നിലും അവളിലും ഒരേ സമയം വന്നതും എനിക്കവരോട് ഉത്തരം പറയാതെ വയ്യ. അവൾക്കും ഞാൻ അയാളല്ലെന്ന് ആ അമ്മയോടും പറയാൻ വയ്യ. അവൾ എന്നെ ദയനീയമായി നോക്കി. മുഖത്തെ സൂര്യൻ മാഞ്ഞു. അവിടം നിറയെ പൂത്തു നിന്ന ചെമ്പരത്തിപ്പൂക്കൾ വാടി. എനിക്കവരോട് സുഖവിവരങ്ങൾ ഒന്നും തിരക്കാൻ വയ്യ. എനിക്കവരെക്കുറിച്ച് ഒന്നും അറിയില്ല. പേരുപോലും അറിയില്ല. അറിയാത്ത പേര് ചോദിക്കാനും പാടില്ല. അതറിയുന്ന ഞാനെങ്ങിനെ അറിയാത്ത ഞാനായി അവരോട് വീണ്ടും ചോദിക്കും.

രണ്ടും കൽപ്പിച്ച് ഞാനാ അമ്മയുടെ കൈ പിടിച്ചു.

ഒന്നു ചുമച്ചു.

എന്തേ വയ്യേ.. എന്നാ അമ്മ ചോദിച്ചു.

ശബ്ദം ശരിയല്ലെന്നും വയ്യെന്നും ഞാൻ ഉത്തരം പറഞ്ഞു.

എന്തേ പെട്ടെന്ന് വീടും വിട്ടുകൊടുത്ത് പറയാതെ പോയതെന്ന് അമ്മ വീണ്ടും ചോദിച്ചു.

എനിക്കറിയാത്ത ആ എനിക്കു വേണ്ടി ഞാൻ അമ്മയോട് സത്യം പറഞ്ഞു.

"ഉടമസ്ഥന് വീട് വേണംന്ന് പറഞ്ഞു. ഞാൻ വിട്ടു കൊടുത്തു. സങ്കടംകൊണ്ടാ ആരോടും പറയാൻ നിൽക്കാഞ്ഞത്."

ആ അമ്മ എന്റെ കയ്യിൽ പതിയെ തടവി.

അതിശയത്തോടെ നോക്കുന്ന ചെമ്പരത്തിപ്പൂ പെൺകുട്ടിയെ സ്നേഹത്തോടെ ഞാനൊന്ന് ശാസിച്ചു.

"അവിടെ പിറകിലെ പ്ലാവില് നെറച്ചും ചക്കയുള്ളത് കണ്ടിട്ടില്ലേ. അവിടെ ഇപ്പോ താമസിക്കുന്നത് കോളേജിലെ പ്രൊഫസറാ. നിന്നെക്കുറിച്ച് ഞാൻ പറഞ്ഞിട്ടുണ്ട്. നിനക്ക് ഇവനേം കൂട്ടിപ്പോയി ആ ചക്ക പറിച്ചൂടെ. വെറുതെ കളയണോ."

അമ്മക്കൊപ്പം ചെമ്പരത്തിപ്പൂ പെൺകുട്ടിയും അറിയാതെ ചിരിച്ചുപോയി.

വീണ്ടും ഇടവഴിയിലേക്കിറങ്ങി ചെമ്പരത്തിക്കാടുകൾക്കിടയിലൂടെ നടക്കവേ കാഴ്ച്ചയിൽ നിന്നും മറയും വരെ അവരെന്നെ നോക്കി നിന്നുവെന്ന് ഉറപ്പ്. യാത്ര പറയാതെ പോയ ആരെയോ മറ്റൊരാളായി വീണ്ടും കണ്ടുമുട്ടിയ ആദരവാവാം അവരിൽ അപ്പോൾ. ഒരുപക്ഷെ അത് ഞാനല്ലെന്ന് കാഴ്ച്ചയില്ലാത്ത ആ അമ്മയും തിരിച്ചറിഞ്ഞിരിക്കാം.

അവരെ ഞാൻ പിന്നീട് കണ്ടിട്ടില്ല.

ആ വഴിയിലൂടെ പിന്നീട് ഞാൻ സഞ്ചരിച്ചിട്ടുമില്ല.

നാൽപ്പതിലധികം വർഷങ്ങൾ കഴിഞ്ഞിരിക്കുന്നു.

ചെമ്പരത്തിക്കാടുകൾ വളർന്ന ഇടവഴി വാഹനങ്ങൾ ദേഹം ഒതുക്കി കടന്നുപോകുന്ന നിരത്തായിരിക്കുന്നു. പറമ്പുകളിൽ കെട്ടിടങ്ങൾ കൈകൊർത്തു നിൽക്കുന്നു. വേരോളം കായ്ക്കുന്ന പ്ലാവുകൾ മാഞ്ഞു. വഴി പറഞ്ഞു കൊടുക്കാൻ ആളുകൾക്ക് ആപ്പുകൾ നിറയെ. മാറ്റമില്ലാത്തത് മനസ്സെന്ന അത്ഭുതത്തിന് മാത്രം.

പകരം വെക്കാനില്ലാത്ത ഒന്നാണ് മനസ്സ്.

സത്യത്തിൽ എന്താണ് മനസ്സ്..

അവിടേക്കുള്ള വഴി ഏതാണ്..

ചെമ്പരത്തിപ്പൂ പെൺകുട്ടി കൃത്യമായി പറഞ്ഞുതരും.

"നിങ്ങൾ മുൻപ് താമസിച്ച മനസ്സില്ലെ... അതന്നെ മനസ്സ്."




ERNAKULAM . THRISSUR
www.bluskifms.com

BluSki Facilities Management
Make Living Easier

- Deep Cleaning, Sofa shampooing Pest control
- AC,Electrical & Plumbing maintenance
- Civil, Painting, Carpentry, Tiling, Fabrication
- Home renovation services

CALL: 97462 59902
info@bluskifms.com
www.bluskifms.com

Pisharasyar Store
Pazhayanadakkavu , Thrissur

പാരമ്പര്യ രുചിക്കൂട്ടിന്റെ
കലവറ തൃശ്ശൂരിൽ

Homemade Pickle, Curry Powders
Natural Food Oils, Spice Blends
98956 84342, 97462 59902



ലേഖനം

അഷ്ടമൂർത്തി

# അമ്പതു വർഷത്തിന്റെ അടയാളങ്ങൾ

ഞങ്ങൾ താമസിയ്ക്കുന്നത് കരുവന്നൂർപ്പുഴയുടെ തീരത്താണ്. കുറുമാലിപ്പുഴയും മണലിപ്പുഴയും ചേർന്ന് കരുവന്നൂർപ്പുഴയായി മാറി കിഴക്കുനിന്ന് ഒഴുകിയെത്തുന്ന പുഴ ഞങ്ങളുടെ തൊടിയിൽത്തട്ടി തെക്കോട്ടൊഴുകിപ്പോവുന്നു. ഈ തിരിവിന് കൊറ്റിക്കൽ കാപ്പ് എന്നാണ് പേര്. ആ പേരിൽ ഒരു കഥ എഴുതിയിട്ടുണ്ട്. അതിൽ ഞങ്ങളുടെ പുഴയ്ക്കും പ്രകൃതിയ്ക്കും വന്ന മാറ്റങ്ങളൊക്കെ രേഖപ്പെടുത്തിയിട്ടുണ്ട്. മറ്റു ചില കുറിപ്പുകളിലും അത് വിഷയമായിട്ടുണ്ട്. എങ്കിലും എല്ലാം ഒരിയ്ക്കൽക്കൂടി ഒന്ന് ഓർമ്മിച്ചെടുക്കാം.

കൊറ്റിക്കൽ കാപ്പ് ഞങ്ങൾ കുട്ടികളുടെയായിരുന്നു. പ്രത്യേകിച്ചും വേനൽക്കാലം. പരീക്ഷപ്പുസ്തകങ്ങൾ വലിച്ചെറിഞ്ഞ് നേരെ ഞങ്ങൾ പുഴയിലേയ്ക്കെടുത്തു ചാടും. അക്കരേയ്ക്ക് എത്ര വട്ടം നീന്തിവരാമെന്നും എത്രയെണ്ണുന്നതുവരെ മുങ്ങിക്കിടക്കാമെന്നും മത്സരമായിരുന്നു. അതിനിടയിൽ പുഴവെള്ളം കുറേ അകത്താവും. ഉള്ളംകൈ കുതിർന്നു ചുളിയും. ദേഹത്തിന് പുഴയുടെ വാസന പിടിയ്ക്കും. മൂന്നുനാലുമണിക്കൂർ നീളുന്ന മദിച്ചിലിൽ കൊറ്റിക്കൽ കാപ്പ് കലങ്ങിമറിയും. പുഴ ഇരുളുമ്പോൾ അമ്മമാർ വിളി തുടങ്ങും. അവരെ ശപിച്ചുകൊണ്ടാണ് ഞങ്ങൾ കുളിച്ചുകയറുക.

അങ്ങനെ മദിച്ചുതിമർക്കുന്നതിനിടയിൽ രണ്ടുമാസം തീരുകയായി. ഒരു ദിവസം കുളിച്ചുകൊണ്ടുനിൽക്കുമ്പോൾ എവിടെനിന്നെന്നില്ലാതെ ഒരു തണുത്ത കാറ്റുവീശും. ഞങ്ങൾ ആകാശത്തേയ്ക്കു നോക്കും. പടിഞ്ഞാറുനിന്ന് കിഴക്കോട്ടോടുന്ന മേഘക്കൂട്ടങ്ങളെ അപ്പോഴാണ് കാണുക. പടിഞ്ഞാറ് കാറു കണ്ടാൽ പടി വരെ എന്നാണ് പ്രമാണം. താമസമില്ല. കാറ്റിനു പിന്നാലെ കനത്ത മഴത്തുള്ളികൾ പുഴയിൽ പതിയ്ക്കുകയായി. പുഴയിലപ്പോൾ വെള്ളിക്കിണ്ണങ്ങൾ നിരക്കും. ഇടവപ്പാതിയുടെ വരവാണ്. രണ്ടുദിവസം കഴിഞ്ഞാൽ സ്ക്കൂൾ തുറക്കുകയായി എന്ന സങ്കടത്തോടെ ഞങ്ങൾ കുളിച്ചു കയറും.

മഴയുടെ ദിവസങ്ങളാണ് പിന്നെ. മഴ പെയ്തു പെയ്ത് കൊറ്റിക്കൽ കാപ്പ് നിറയും. ഞങ്ങളുടെ കടവിലെ കരിങ്കൽപ്പടവുകൾ മൂന്നും നാലുമാണ് ദിവസം തോറും വെള്ളത്തിന്നടിയിലാവുക. ആ വെള്ളം കർക്കടകം തീരുന്നതുവരെ ഏറെക്കുറെ അങ്ങനെത്തന്നെ നിൽക്കും. വേനലിലെ പുഴയല്ല വർഷത്തിലെ പുഴ. ആർത്തലച്ചുകൊണ്ടാണ് കിഴക്കുനിന്നു വരിക. കൂടെ നുരയും പതയുമുണ്ടാവും. കൊറ്റിക്കൽ കാപ്പിലെ തിരുകുഴിയിൽപ്പെട്ട് അവ വട്ടം കറങ്ങും. പകലും പുഴ ഇരുണ്ടുകിടക്കും. ചേറിന്റെ മണം പരക്കും.

അക്കരെ മുളങ്ങ്. അത് മറ്റൊരു രാജ്യമാവുന്നത് അപ്പോഴാണ്. ദൂരെനിന്ന് ജോലി കഴിഞ്ഞെത്തുന്ന ആണുങ്ങൾ അവിടേയ്ക്കു കടക്കാൻ വഞ്ചിയുംകാത്ത് ഉച്ചത്തിൽ കൂക്കും. അക്കരെനിന്ന് മറുകൂക്കുയരും. വൈകാതെ വഞ്ചിയെത്തുമെന്നാണ് സന്ദേശം. മണ്ടേമ്പാടത്തുനിന്ന് രാത്രി

മുഴുവൻ തവളകളുടെ കരച്ചിലുയരും. അതുകേട്ടാണ് ഞങ്ങളുറങ്ങുക.

മുളങ്ങ് താഴ്ന്ന പ്രദേശമായതുകൊണ്ട് അവിടേയ്ക്കു വെള്ളം കയറും. അവർക്ക് വീടൊഴിഞ്ഞു പോവേണ്ടിവരും. കടലാശ്ശേരി സ്കൂളിലേയ്ക്ക് അവരെ മാറ്റിപ്പാർപ്പിയ്ക്കും. അത് ദുരിതത്തിന്റെ കാലമാണവർക്ക്. എന്നാൽ ഇക്കരെയുള്ളവർക്ക് മലവെള്ളം ഒരാഘോഷമാണ്. പെണ്ണുങ്ങൾ കൂട്ടം കൂട്ടമായി പുഴവക്കത്തെത്തും. നീണ്ടതോട്ടികളുമായാണ് അവരെത്തുക. ഒഴുകിവരുന്ന വിറകു കൊള്ളികൾ ശേഖരിയ്ക്കുകയാണ് ഉന്നം. മഴക്കാലമായതുകൊണ്ട് ആണുങ്ങൾക്കു പണിയുണ്ടാവില്ല. അവർ വീട്ടിൽ പുതച്ചുമൂടിയിരുന്ന് ബീഡി വലിയ്ക്കും. അടുപ്പു പുകഞ്ഞില്ലെങ്കിൽ അവരുടെ ചീത്തയും ചവിട്ടും കിട്ടുക പെണ്ണുങ്ങൾക്കാണ്.

വിറകു മാത്രമല്ല, ചത്ത പോത്തും പട്ടിയും പൂച്ചയുമെല്ലാം ഒലിച്ചുവരും. അപ്പോൾ കാപ്പിൽ വൃത്തികെട്ട നാറ്റം പരക്കും. ഇടയ്ക്ക് ചത്തുമലച്ച പെരുമ്പാമ്പിനേയും കൊണ്ടാവും പുഴയുടെ വരവ്.

ഇതൊക്കെ പഴയ കഥകളാണ്. ഇപ്പോൾ പുഴ അങ്ങനെ കവിയാറില്ല. അണക്കെട്ടുകൾ വന്നതുകൊണ്ടാവാം. വേനലിൽ മണൽ വാരിയെടുക്കുന്നത് എഴുപതുകളിലേ തുടങ്ങിയിരുന്നു. അതിന്റെ പേരിൽ അക്കരെ താമസിയ്ക്കുന്നവർ ബഹളം കൂട്ടിയിരുന്നു. പുഴവക്ക് ഇടിഞ്ഞുപോവുകയാണെന്നായിരുന്നു പരാതി. ഏതായാലും ഒരു കൊല്ലത്തെ വെള്ളക്കെട്ടൊഴിഞ്ഞപ്പോൾ മണൽത്തിട്ടില്ല. പക്ഷേ പുഴവക്ക് ഇടിയുന്നതു തുടർന്നു. മീൻപിടുത്തക്കാർ തോട്ട പൊട്ടിയ്ക്കാൻ തുടങ്ങിയതോടെയായിരുന്നു അത്. ഞങ്ങളുടെ കുളിക്കടവു പൊട്ടിപ്പൊളിയാനുള്ള കാരണവും അതായിരുന്നു.

ഒരു കാലത്ത് അക്കരെയും ഇക്കരെയുമായി ധാരാളം പേർ ഈ പുഴയിൽ കുളിച്ചിരുന്നു. അക്കരെ മണൽത്തിട്ടുണ്ടായിരുന്നു. അവിടെ പശുവിനേയും പോത്തിനേയുമൊക്കെ കുളിപ്പിയ്ക്കാൻ കൊണ്ടുവന്നിരുന്നു. മണൽത്തിട്ടിലേയ്ക്ക് കല്ലുകൾ നീട്ടിയെറിയുന്നത് ഒരു മത്സരമായിരുന്നു. കുട്ടികൾ എറിയുന്ന കല്ലുകൾ അക്കരെയെത്താതെ വെള്ളത്തിൽത്തന്നെ വീണുപോവും. ഇതെല്ലാം ഞങ്ങൾക്ക് കുട്ടികളെ പറഞ്ഞുകേൾപ്പിയ്ക്കാനുള്ള പഴങ്കഥകളായിമാറി.

ഇന്ന് കുളിയ്ക്കാൻ ആർക്കും പുഴ വേണ്ടാതായി. വീടുകളിൽ ആധുനികരീതിയിലുള്ള കുളിമുറികൾ പണിതു. പുതിയ തലമുറയ്ക്ക് പൊതുസ്ഥലങ്ങളിൽ കുളിയ്ക്കുന്നതു കുറച്ചിലായി. പ്രായമായ ചില പെണ്ണുങ്ങൾ മാത്രം ഇപ്പോഴും ഞങ്ങളുടെ കടവിൽ കുളിയ്ക്കാൻ വരുന്നുണ്ട്. ആ തലമുറയ്ക്കു ശേഷം കടവ് അവർക്കും വേണ്ടാതാവും. സ്വന്തം കടവുള്ള ഞങ്ങൾ തന്നെ കുളി കുളിമുറിയിലാക്കി. മഴക്കാലത്ത് ബന്ധുക്കളും സുഹൃത്തുക്കളും ചോദിയ്ക്കും: പുഴയിൽ വെള്ളം എങ്ങനെ? നിറഞ്ഞോ? നിറഞ്ഞുകവിഞ്ഞോ?

മറുപടി പറയാറില്ല. പുഴ കണ്ടിട്ടു വേണ്ടേ? പുഴവക്കത്താണെങ്കിലും പുഴ കാണാറില്ല ഈയിടെയായി എന്ന് സ്വയം നിന്ദയോടെ ഓർമ്മിയ്ക്കട്ടെ.

പുഴയിൽ ഇപ്പോഴും ധാരാളം വെള്ളമുണ്ട്. ചിമ്മിനി ഡാമിന്റെ വരവോടെ ഏതു കാലത്തും ഏറെക്കുറെ ഒരേ വിതാനത്തിൽ പുഴയുണ്ട്. മഴക്കാലത്ത് ഇപ്പോഴും പുഴയിൽ വെള്ളം ഇരച്ചെത്താറുണ്ട്. എന്നാലും പണ്ടത്തെ ഇരമ്പലില്ല. നുരയും പതയുമില്ല. ചത്ത പൂച്ചയും പട്ടിയുമൊന്നും ഒഴുകി വരാറില്ല. മരത്തടികൾ ഒലിച്ചുവരാറില്ല. ചുള്ളിക്കമ്പുകൾ ഒഴുകി വരുന്നുണ്ടെങ്കിലും തോട്ടി ഉപയോഗിച്ച് അതു വലിച്ചെടുക്കാൻ ആരും എത്താറില്ല. ചങ്ങാടത്തിൽ വീടൊഴിഞ്ഞു പോവുന്നവരേയും കാണാറില്ല. അക്കരെയും ഇക്കരെയുമായി തോണിയ്ക്കു വേണ്ടി കൂക്കും മറുകൂക്കുമായി കാത്തുനിൽക്കുന്നവരുമില്ല. കാലവർഷത്തിലെ പുഴ കാണാൻ അകലെ നിന്നല്ല നാട്ടുകാർ പോലും എത്താറില്ല. എത്ര വേഗമാണ് പുഴ ആർക്കും വേണ്ടാതായത്!

അങ്ങനെ പറയാനും വയ്യ. പുഴയ്ക്ക് ഇപ്പോഴും ആവശ്യക്കാരുണ്ട്. വീട്ടിലെ മാലിന്യങ്ങൾ വലിച്ചെറിയുന്നതിന് പുഴയേപ്പോലെ സൗകര്യമുള്ള ഒന്നില്ല. കുറുമാലിപ്പുഴയിലേയ്ക്ക് മലമാലിന്യങ്ങൾ കൊണ്ടുതള്ളുന്നതിന്റെ വാർത്ത ഏതാനും മാസങ്ങൾക്കു മുമ്പ് പത്രങ്ങളിൽ വന്നിരുന്നു. അതുകൊണ്ട് പുഴയ്ക്ക് ഇപ്പോൾ അസഹ്യമായ ഒരു മണമുണ്ട്. ചേറിന്റെയല്ല. ചീഞ്ഞ ഇലകളുടേയുമല്ല. വേറെ എന്തിന്റെയോ ആണ്. പുഴ ഇപ്പോൾ കുളിയ്ക്കാനും മീൻ പിടിയ്ക്കാനും ഒന്നുമല്ലല്ലോ.

മണ്ണേമ്പാടവും മാറിപ്പോയി. ഒരു കാലത്ത് രണ്ടു പൂവ് കൃഷിയുണ്ടായിരുന്നു. പാടത്തുനിന്ന് തേക്കുപാട്ടും കൊയ്ത്തുപാട്ടും കേട്ടിരുന്നു. ഇടവപ്പാതിയിൽ രാത്രി മുഴുവൻ അവിടെനിന്ന് തവളകളുടെ കരച്ചിൽ കേൾക്കാം. പുഴ നിറഞ്ഞ് പാടത്തേയ്ക്കൊഴുകും. വരമ്പു കവിഞ്ഞ് ഏന്തുന്ന വെള്ളത്തിൽ പാടം മുങ്ങും. പിന്നെ പാടവും പുഴയും ഒന്നാവും. വരമ്പിന്റെ ഒരുഭാഗത്ത് കുത്തിയൊഴുകുന്ന പുഴ. പാടം പക്ഷേ ശാന്തമാണ്. മഴക്കാലത്ത് ഞങ്ങൾ തോണിയെടുത്ത് കളിയ്ക്കാൻ ഇറങ്ങുക മണ്ണേമ്പാടത്തേയ്ക്കായിരുന്നു.

കവിത

# അലഭ്യലഭ്യശ്രീമാൻ

ഡോ. ഉണ്ണികൃഷ്ണവർമ്മ, ദുബായ്

മൗനപ്പുഴയുടെ കാണാക്കയങ്ങളിൽ
മുങ്ങിയും പൊങ്ങിയും
വീർപ്പുമുട്ടുന്നൊരാ
വാക്കിനെ രക്ഷിച്ചു
സംഭാഷണത്തിന്റെ
പച്ചത്തുരുത്തിലായ്
എത്തിച്ചതിൻ പിന്നെ
മെല്ലെ മൊഴിഞ്ഞവൾ,
കൊഞ്ചിപ്പറഞ്ഞവൾ...
'ഇനിയല്പനേരം നമുക്കുരിയാടാതെ
കണ്ണോടു കണ്ണും കൊരുത്തങ്ങിരിയ്ക്കാം'...

ഇറ്റുവെട്ടം വരാ-
-തുള്ളൊരാ വീഥിയിൽ
കൈത്തിരി തേടുന്നു രാവുറങ്ങാതെ ഞാൻ
പുലരൊളിയെത്തുന്ന
യാമമടുക്കവേ
കൈവന്ന കൈവിളക്കൂതീട്ടു ചൊന്നവൾ....
'ഇനിയല്പനേരം വെയിലേറ്റു വാടാതെ
കണ്ണാരം പൊത്തിക്കളിച്ചു തിമർത്തിടാം'...

കാതങ്ങൾ താണ്ടി ഞാൻ
ഓടിത്തളരവേ
ഏതോ മരുപ്പച്ച കണ്ടു കൊതിച്ച നാൾ
ശീതളച്ഛായയിൽ ചില്ലു പാത്രങ്ങളിൽ
സൂക്ഷിച്ച ദാഹനീർ
തൂവിക്കളഞ്ഞവൾ
കാതോരമോതി
'വാ, ഓടിക്കളിച്ചിടാം'....

മഷിതീർന്ന പേനയാൽ
എഴുതുവാൻ കടലാസും
ഇല്ലാതെ വലയുന്ന നേരത്തു വന്നവൾ...
ഞൊടിയിടയോർത്തിട്ടു
മെല്ലെപ്പറഞ്ഞു ഞാൻ
'പേന തൻ മുനയൊടി-
-ച്ചിട്ടിന്നു നമ്മൾക്ക്
കടലാസുതോണിയുണ്ടാക്കിക്കളിച്ചിടാം'....

---

അതും ഇപ്പോൾ പഴയ കഥയാണ്. തവളകളാണ് ആദ്യം അപ്രത്യക്ഷമായത്. എഴുപതുകളിലെ തവളപിടുത്തത്തിന്റെ ഫലം. പാടത്തിന്റെ പാരിസ്ഥിതികതുലനം അവിടെയാണ് തെറ്റിത്തുടങ്ങിയത്. കൃഷിയേക്കാൾ ലാഭകരം മണ്ണു വിൽക്കുന്നതാണ് എന്ന കണ്ടുപിടുത്തം നടന്നത് പിന്നീടാണ്. ഓട്ടുകമ്പനികളുടെ നാടാണ് ഞങ്ങളുടേത്. എത്ര കളിമണ്ണ് കിട്ടിയായാലും മതിയാവില്ല. ഒരു നിയന്ത്രണവുമില്ലാതെ മണ്ണെടുത്തെടുത്ത് മണ്ടേമ്പാടം കുണ്ടും കുഴിയുമായി. കൃഷി ചെയ്യാൻ പറ്റാതായി. മേത്തരം കളിമണ്ണ് കിട്ടാൻ വിഷമമായതോടെ ഓട്ടുകമ്പനികൾ അധികവും പൂട്ടിപ്പോയി. മണ്ടേമ്പാടം അവർക്കും വേണ്ടാതായി.

കഴിഞ്ഞ അമ്പതു വർഷങ്ങളിൽ സംഭവിച്ചതാണ് ഈ മാറ്റങ്ങൾ. ഭൂമിയുടെ ആയുസ്സിൽ അമ്പതു വർഷത്തിന് അര നിശ്വാസത്തിന്റെ സമയദൈർഘ്യം പോലുമില്ല. അതിനിടയ്ക്കാണ് ഇത്ര വമ്പിച്ച മാറ്റങ്ങൾ വന്നത്. ഒരുപക്ഷേ അതിനു മുമ്പുള്ള അഞ്ഞൂറു വർഷങ്ങളിൽ ഉണ്ടായ മാറ്റങ്ങളേക്കാൾ വലിയ മാറ്റമാവും ഈ അമ്പതു വർഷത്തിനുള്ളിൽ നടന്നത്.

ഒഴുകുന്ന പുഴയ്ക്കും ഒഴിഞ്ഞ പാടത്തിനും നടുക്കുള്ള വരമ്പ് ഇപ്പോൾ കാലവർഷത്തിലും മുങ്ങാറില്ല. പൊട്ടിപ്പൊളിഞ്ഞ് നടക്കാൻ പോലും ബുദ്ധിമുട്ടുണ്ടായിരുന്ന വരമ്പിന് ഇപ്പോൾ വീതി കൂട്ടി. പാത ടാറിട്ടു വെടുപ്പാക്കി. ഇതിലെ വാഹനങ്ങൾ ധാരാളം ഓടിക്കൊണ്ടിരിക്കുന്നു. ഞങ്ങൾക്ക് ഹൈവേയിലേയ്ക്കുള്ള എളുപ്പവഴിയാണ് ഇത്. പുതുക്കാട്ട് റെയിൽവേ സ്റ്റേഷനിലേയ്ക്ക് അഞ്ചു കിലോമീറ്റർ പോയാൽ മതി.

ഓടിപ്പോവുന്ന വാഹനങ്ങളെ ഒഴിഞ്ഞ് ചില സന്ധ്യകളിൽ ഈ പാതയുടെ ഓരത്ത് വെറുതെ ചെന്നു നിൽക്കാറുണ്ട്. പാടത്തുനിന്നുള്ള നേരിയ കാറ്റു കൊണ്ടു നിൽക്കുമ്പോൾ ചിന്തിയ്ക്കാറുണ്ട്. ഈ പാടവും പുഴയും ഇനിയും ഒരര നൂറ്റാണ്ടു കൂടി കഴിഞ്ഞാൽ? അതൊന്നും ഇല്ലാതാവില്ല എന്നുറപ്പ്. പക്ഷേ അതൊന്നും ഇന്നു കാണുന്ന പോലെയാവില്ല എന്നും ഉറപ്പ്. എന്നാലും അതു കാണാൻ ഇതെഴുതുന്ന ആൾ ഭൂമിയിൽ ഉണ്ടാവില്ലല്ലോ എന്ന ആശ്വാസം മാത്രം.


ഗോൾഡ് ലോൺ
ഏറ്റവും ഉയർന്ന വായ്പ തുകയിൽ
മാബെനിൽ ആവട്ടെ...
സ്വർണ്ണ പണയവായ്പ
DOOR STEP GOLD LOAN
MABEN NIDHI LTD
GL
Online Gold Loan
എല്ലാ തൊഴിൽ മേഖലയിൽ ഉള്ളവർക്കും
3 ദിവസത്തിനുള്ളിൽ
മാബെൻ ഭൂപണയ വായ്പ
ബിസിനസ്സ് വിപുലീകരണം
വീട് നവീകരണം
വിവാഹം
അങ്ങനെ ആവശ്യങ്ങൾ എന്തുമാവട്ടെ
മാബെൻ ഭൂപണയ വായ്പാ...
എല്ലാ ജില്ലകളിലും ശാഖകൾ
24 7
ONLINE GOLD LOAN
TOLL FREE NO : 1800 4195 227
ഞങ്ങൾ എത്തും
നിങ്ങളുടെ അടുത്തേക്ക്
9072602309
MABEN NIDHI LTD
A MANAPPURAM GROUP ENTERPRISE
*Condition* apply For private circulation to members only

## കവിത

# ബീജബുദ്ധൻ



രാമൻ മുണ്ടനാട്

കവി ഒരുനാൾ വരികൾ തേടി
ബോധിവൃക്ഷത്തണലിലെത്തി.
മാറാപ്പിൽ ഒരു പിടി ആശയങ്ങൾ
അയാൾ കരുതിയിട്ടുണ്ടായിരുന്നു.
കുചേലന്റെ ചേലത്തുമ്പിലെ
കുത്തരിക്കല്ലവിൽ കണക്കെ.
ആത്മബോധസാക്ഷാത്ക്കാരത്തിൽ
മതിമറന്നിരിക്കുകയായിരുന്നു ശാക്യമുനി.
നോവിന്റെ കടൽ കുടിച്ചുവറ്റിക്കാൻ
നഗ്നപാദനായി താണ്ടിയ ദൂരങ്ങൾ
ആ മുഖത്തെ ചുളിവുകളിൽ എഴുന്നുനിന്നു.
കുറച്ചുനേരം മൗനമായി കാത്തുനിന്നശേഷം
ശ്രദ്ധയാകർഷിക്കാൻ കവി പതിയെ ചുമച്ചു.
കാരുണ്യവർഷം ഊറിക്കൂടിയ ഇമകൾ
പതുക്കെ തുറന്നുകൊണ്ട് ഗൗതമൻ
മൃദുവായി കവിയോടു ചോദിച്ചു.
എന്നിൽ നിന്നും എന്തുപ്രതീക്ഷിച്ചാണ്
നീദൂരകാലങ്ങൾ താണ്ടി ഇവിടെ എത്തിയത്.
ജീവിതം തളിർക്കുന്ന വരികൾ
കണ്ടെടുക്കാൻ അങ്ങെന്നെ സഹായിക്കണം.
സഹനശതങ്ങളിൽ നിന്നും
ശരണസഹസ്രങ്ങളിലേക്ക്
ഒരു ജനതയെ പിടിച്ചുനടത്തിയ
ആ മൃദുവായ വിരലുകൾ കൊണ്ടദ്ദേഹം
ബോധിതരുവിൽനിന്നും വീണൊരു കായ
കുനിഞ്ഞെടുത്ത് കവിക്കു നേരെ നീട്ടി.
ഈ വിത്തിൽ വരികളും വരകളും
അക്ഷരബീജകണങ്ങളായി
ആധാനം ചെയ്യപ്പെട്ടിരിക്കുന്നു.
ആയിരമായിരം ബോധികൾ
ഇതിൽ നിന്നും മുളപൊട്ടി
ചതുരസത്യങ്ങളായി വളരും.
അതിന്റെ ശിഖരങ്ങളിലോരോന്നിലും
അനാദ്യന്തമൗനത്തിന്റെ പക്ഷികൾ
പറന്നുവന്നെത്തി കൂടുകൂട്ടും.
അന്ന് നീ അധമബോധത്തിൽ നിന്നും
ആത്മബോധത്തിലേക്ക് ചിറകടിച്ചുയരും.
അപ്പോൾ സീമയില്ലാത്ത സമയരാശികളുടെ
സമാധാനസ്ഥൂപങ്ങൾക്കു മുകളിൽ നീ
നിന്റെ വരികളെ കണ്ടെത്തുന്നതായിരിക്കും.
തഥാഗതൻ തിരികെ ധ്യാനനിമഗ്നനായി. ●

## നന്ദകിഷോറിന് ധീരതയ്ക്കുള്ള അംഗീകാരം



ആർത്തലച്ചൊഴുകുന്ന മണലിപ്പുഴയിൽ വീണ് ഒഴികിപ്പോയ യുവതിയെ സ്വന്തം ജീവൻ പണയം വെച്ച് രക്ഷപ്പെടുത്തിയ ശ്രീ. നന്ദകിഷോർ നാട്ടുകാരുടെ മുഴുവൻ അനുമോദനവും ആദരവും പുതുക്കാട് MLA ശ്രീ. കെ.കെ. രാമചന്ദ്രനിൽ നിന്ന് ഏറ്റുവാങ്ങി. കോളേജ് പഠനകാലത്ത് നീന്തൽ മത്സരങ്ങളിൽ പങ്കെടുത്തതിന്റെ പരിചയം ഈ ജീവൻ രക്ഷാപ്രവർത്തനത്തിന് മുതൽക്കൂട്ടായതായി ശ്രീ. നന്ദകിഷോർ പറഞ്ഞു.




കൊടകര ശാഖാംഗങ്ങളായ തൃക്കൂർ പിഷാരത്ത് ശ്രീ. പ്രസന്നൻ പിഷാരോടിയുടെയും കാക്കൂർ പിഷാരത്ത് ശ്രീമതി നിർമ്മലയുടെയും മകനാണ്.

മണലി രാമപുരം ക്ഷേത്രത്തിൽ കഴകപ്രവർത്തകനായ ശ്രീ. നന്ദകിഷോറിന് പിഷാരടി സമാജത്തിന്റെയും തുളസീദളത്തിന്റെയും വെബ് സൈറ്റിന്റെയും അഭിനന്ദനങ്ങൾ!


Ayurcream™
essence of ayurveda
THE NEW FACE OF
AYURVEDIC
ELEGANCE
Ayurcream
essence of ayurveda
KUMKUMADI
THAILAM CREAM
Saffron Face Cream
Enhances Skin Glow
Removes Dark Spots
Enriched with Saffron Extract
Prevents Premature Skin Aging
Works against Hyperpigmentation & UV radiation
KUMKUMADI
THAILAM CREAM
Saffron Face Cream
Ashtavaidyan Thrissur Thaikat Mooss'
SNA OUSHADHASALA PRIVATE LIMITED
Since 1920
Moosspet Road, East Fort, Thrissur, Kerala - 680 005 | T: +91 487 2420948, 2441948
mail@thaikatmooss.com | www.thaikatmooss.com
SHOP NOW www.ayurcream.com
+91 95440 42424

ലേഖനം

# ഒരു നൂറ്റാണ്ട് മുമ്പ് പാവങ്ങൾ വാങ്ങി വായിച്ച ചെറുകര പിഷാരടിയും ചെറുകാടും



മുരളി വട്ടേനാട്ട്

മലയാളത്തിലേക്കുള്ള വിവർത്തന കൃതികളുടെ ചരിത്രം പരിശോധിക്കുമ്പോൾ വിക്ടോർ യൂഗോയുടെ പാവങ്ങൾക്കുള്ള സ്ഥാനം അദ്വിതീയമാണ്. അതിനും നൂറ്റാണ്ടുകൾക്ക് മുമ്പ് മലയാള ഭാഷാ പിതാവായിരുന്ന തുഞ്ചത്തെഴുത്തച്ഛൻ വാത്മീകിയുടെ ആദികാവ്യം കിളിപ്പാട്ട് രൂപത്തിൽ മലയാളിക്ക് സംഭാവന ചെയ്തത് വിസ്മരിക്കാനാവില്ല. അദ്ധ്യാത്മ രാമായണം ഒരു പദാനുപദ തർജ്ജുമ്മയായിരുന്നില്ല, മറിച്ച് ആദിമദ്ധ്യാന്തം അദ്ദേഹത്തിന്റെ സർഗ്ഗശേഷി പ്രത്യക്ഷമാക്കുന്ന ഒരു സ്വതന്ത്ര കാവ്യം തന്നെയായിരുന്നു. മഹാകാവ്യം.



നാലപ്പാട്ട് നാരായണമേനോൻ 'ലെ മിസെറാബ്ൾ' എന്ന ബൃഹത്ത് ഫ്രഞ്ച് കൃതിയെ 1925ലാണ് പാവങ്ങൾ എന്ന പേരിൽ വിവർത്തനം ചെയ്ത് പ്രസിദ്ധീകരിക്കുന്നത്. അതായത് ഒരു വിവർത്തന കൃതി മഹത്തായ 100 വർഷങ്ങൾ പിന്നിടുന്നു.

1862ൽ ഫ്രഞ്ച് ഭാഷയിൽ പ്രസിദ്ധീകരിച്ചത് മുതൽ ലോകമെമ്പാടും വായിക്കപ്പെട്ട കൃതിയാണ് 'പാവങ്ങൾ'. പത്തൊമ്പതാം നൂറ്റാണ്ടിന്റെ മധ്യദശകത്തെയും അന്ന് നിലനിന്നിരുന്ന മനുഷ്യന്റെ ജീവിതാവസ്ഥകളുടെയും നേർചിത്രങ്ങൾ യൂഗോ വരച്ചു വെച്ചു. കരുണാമയനായ ഡിയിലെ മെത്രാനും വിശന്നു വലഞ്ഞ അനുജത്തിക്കു വേണ്ടി അപ്പം മോഷ്ടിച്ച് പിടിക്കപ്പെട്ട ഴാങ് വാൽ യാങ്ങും സ്ഥിതിസമത്വത്തിനു വേണ്ടി പോരാടിയ മരിയൂസും കൊസെത്തും ഗവ്റോഷും ഇന്നും അനുവാചക ഹൃദയങ്ങളിലുണ്ട്. അവരെല്ലാം ഓരോ വായനക്കാരനോടും പറയുന്നത് കൂടുതൽ മികച്ച മനുഷ്യരാകാനാണ്.

മനുഷ്യൻ അജ്ഞനും നിരാശനുമായി എവിടെയുണ്ട്, സ്ത്രീകൾ ഭക്ഷണത്തിനു വേണ്ടി എവിടെ വിൽക്കപ്പെടുന്നു,

അറിവുണ്ടാക്കാനുള്ള ഗ്രന്ഥവും തണുപ്പു മാറ്റാനുള്ള അടുപ്പും കിട്ടാതെ കുട്ടികൾ എവിടെ കഷ്ടപ്പെടുന്നു, അവിടെയെല്ലാം പാവങ്ങൾ എന്ന പുസ്തകം വാതിൽക്കൽ മുട്ടി വിളിച്ചു പറയും:

'എനിക്ക് വാതിൽ തുറന്നു തരിക, ഞാൻ വന്നത് നിങ്ങളെ കാണാനാണ്.'

-വിക്ടോർ യൂഗോ.

രാമായണവും നമ്മോട് പറയുന്നത് മറ്റൊന്നല്ല. നല്ല മനുഷ്യരാവുക. തിന്മകളെ തിരസ്കരിക്കാനും നന്മകളെ കൂടെക്കൂട്ടുവാനുമാണ് ആദികാവ്യവും പഠിപ്പിക്കുന്നത്.

1919ൽ നാലപ്പാടനും മുമ്പ് 'ലെ മിസെറാബ്ൾ' സരസ്വതി എന്ന പേരിൽ മനോരമ പത്രം വഴി വിവർത്തനം ചെയ്ത് പ്രസിദ്ധീകരിക്കുകയുണ്ടായിട്ടുണ്ട്. പക്ഷെ അതിൽ പല പേരുകളും തദ്ദേശീയമാക്കിയാണ് മൂന്ന് വർഷം കൊണ്ട് പത്രം അത് പ്രസിദ്ധീകരിച്ചത്. മാമ്മൻ മാപ്പിള വിവർത്തനം നിർവ്വഹിച്ച മേൽപ്പറഞ്ഞ സരസ്വതി പിന്നീട് പുസ്തകമാക്കിയെങ്കിലും വലുതായി വായിക്കപ്പെട്ടില്ല.

1925ൽ പ്രസിദ്ധീകരിച്ച പാവങ്ങൾ മൂലകൃതിയോട് ആദ്യന്തം നീതി പുലർത്തിയ ഒരു കൃതിയായിരുന്നു. അദ്ദേഹം അത് നടത്തിയതാകട്ടെ മൂല കൃതിയോട് അങ്ങേയറ്റം അടുത്തു നിൽക്കുന്ന ഇസബെൽ എഫ്. ഹാപ്ഗുഡിന്റെ (Isabel Florence Hapgood) ആംഗലേയ പരിഭാഷയിൽ നിന്നുമാണ്.

1920കളിൽ 2510 പേജുകളുള്ള പാവങ്ങളുടെ 3 വാല്യങ്ങളുടെ പ്രസിദ്ധീകരണം ഏറ്റെടുക്കാൻ ആരും തയ്യാറായില്ല. ഇത്രയും വലിയൊരു പുസ്തകം വിറ്റു പോവുമോ എന്ന ഭയാശങ്കകൾ തന്നെയായിരുന്നു അന്ന് പ്രസാധകരെ അലട്ടിയിരിക്കുക. ഒടുവിൽ നാലപ്പാട്ട് നാരായണ മേനോന്റെ സുഹൃത്തതായിരുന്ന മഹാകവി വള്ളത്തോൾ തന്റെ പുസ്തകങ്ങളുടെ റോയൽറ്റി മുഴുവൻ പണയം വെച്ചാണ് മംഗളോദയം വഴി പുസ്തകം പ്രസാധനം ചെയ്തത്.

അക്കാലത്ത് ഇത്രയും വലിയൊരു പുസ്തകം വില കൊടുത്ത് വാങ്ങിക്കാൻ കഴിവുള്ള എത്ര പേർ ഉണ്ടായിരിക്കാം എന്നതോർക്കുമ്പോൾ ഇതിന്റെ വില്പനയെക്കുറിച്ച് നമുക്കൂഹിക്കാം. അന്നൊക്കെ കവികൾ സ്വയം പുസ്തകങ്ങൾ കൊണ്ട് നടന്ന് വിൽക്കുന്ന സമ്പ്രദായം നിലനിന്നിരുന്നു. അങ്ങിനെ മഹാകവി വള്ളത്തോളും നാലപ്പാട്ട് നാരായണമേനോനും കൂടി പുസ്തകം ചുമക്കുവാൻ ഒരാളെയും വെച്ച് നടന്നാണ് ആദ്യകാല വില്പനകൾ നടത്തിയതത്രെ. സമ്പന്ന ഗൃഹങ്ങളായിരുന്നു ഇവരുടെ ഉന്നം. അങ്ങിനെ വാങ്ങിയവരിൽ ഇ.എം.എസ് നമ്പൂതിരിപ്പാടുമുണ്ട്. ആ വഴിക്ക് ഏലംകുളത്തു നിന്നും അകലെയല്ലാത്ത അന്നത്തെ ജന്മിമാരായിരുന്ന ചെറുകര പിഷാരത്തും അവർ ആ പുസ്തകം വില്പന നടത്തിയിരിക്കണം. അങ്ങിനെ വിശ്വസിക്കാൻ ഒരു കാരണമുണ്ട്. ചെറുകാടിന്റെ ആത്മകഥയായ ജീവിതപ്പാതയിൽ പാവങ്ങളെക്കുറിച്ച് ഒരദ്ധ്യായം തന്നെയുണ്ട്. അദ്ദേഹം ആദ്യമായി പാവങ്ങൾ വായിക്കുന്നത് തന്റെ മുത്തച്ഛന്റെ പിഷാരമായ ചെറുകര പിഷാരത്ത് നിന്നുമാണ്.

ജീവിതപ്പാതയിലെ പാവങ്ങളെക്കുറിച്ചുള്ള പ്രസക്തമായ ഭാഗങ്ങൾ നമുക്ക് വായിക്കാം.

ജീവിതപ്പാതയിൽ നിന്നും

*ഇടക്കിടക്ക് ചെറുകരെ പിഷാരത്ത് പോയി വിരുന്ന് താമസിച്ചിരുന്നു. ചെറുകരെ പിഷാരത്ത് അന്ന് യാഥാസ്ഥിതികത്വവും ഉത്പതിഷ്ണുത്വവും തമ്മിലുള്ള മത്സരമായിരുന്നു. പിഷാരോടി സമാജ പ്രവർത്തനത്തിന്റെ അലകളും ആ നാടുവാഴി കുടുംബത്തിന്റെ അകത്തുംപുറത്തും പരിവർത്തനങ്ങളുണ്ടാക്കിക്കൊണ്ടിരുന്നു.*

*അതുവരെ ആ പിഷാരോടി നാടുവാഴിക്കുടുംബത്തിലെ സ്ത്രീകളുമായി പിഷാരോടിമാർക്ക് വിവാഹമുണ്ടായിട്ടില്ല. വിധിപ്രകാരമുള്ള താലികെട്ട് കല്യാണം കഴിഞ്ഞ പെൺകിടാങ്ങളിൽ നമ്പൂതിരിമാരാണ് ബീജാധാനം നടത്താറ്. രാമനുണ്ണിയുടെയും ശേഖരനുണ്ണിയുടെയും സഹായസഹകരണങ്ങളോടെ കുഞ്ഞിക്കാവ് എന്ന പിഷാരസ്യാർ സജാതീയ വിവാഹത്തിനു പെൺകിടാങ്ങളെ പ്രേരിപ്പിച്ചുകൊണ്ടിരുന്നു. ഇദംപ്രഥമമായി എ.പി. ഭരതപിഷാരോടി എന്ന ഒരാൾ ആ നാടുവാഴിക്കുടുംബത്തിലെ മാധവിക്കുട്ടിയെ കല്യാണം കഴിച്ചു. യാഥാസ്ഥിതികരായ കാരണവൻമാർക്ക് ഈ പരിവർത്തനത്തിനെതിരായി ശബ്ദിക്കാൻപോലും കഴിഞ്ഞില്ല.*

*ചെറുകരെ നാടുവാഴിക്കുടുംബത്തിന്റെ പൊതുഭരണം ശേഖരനുണ്ണിപ്പിഷാരോടിക്കാണെങ്കിലും തറവാട്ടുകാര്യം രാമനുണ്ണിപ്പിഷാരോടിയാണ് നടത്തിയിരുന്നത്. ശേഖരനുണ്ണിയുടെ ജ്യേഷ്ഠനായ രാമനുണ്ണി സംസ്കാരസമ്പന്നനായ ഒരു വിശാലഹൃദയനായിരുന്നു. അനാഡംബരമെങ്കിലും തറവാ*



ടിത്തം തുളുമ്പുന്ന അദ്ദേഹത്തിന്റെ ആകൃതിയും പ്രകൃതിയും പെരുമാറ്റവും എന്നെ വളരെയധികം ആകർഷിച്ചു. പൊതുരംഗത്തു വന്ന് പ്രവർത്തിക്കുകയില്ലെങ്കിലും പ്രവർത്തിക്കുന്ന എന്നെപ്പോലുള്ള ചെറുപ്പക്കാരെ പ്രോത്സാഹിപ്പിച്ചും സഹായിച്ചും വന്നു. കിഴക്കേ പത്തായപ്പുരയുടെ വരാന്തയിൽ വരി വരിയായി അടക്കിയൊതുക്കിത്തൂക്കിയ ദേശീയ നേതാക്കൻമാരുടെ ചിത്രങ്ങൾ ആ നാടുവാഴിയുടെ ദേശസ്നേഹത്തെ വ്യക്തമാക്കി. ഓരോ നേതാവിനെ സംബന്ധിച്ച് അദ്ദേഹം ആകാവുന്നേടത്തോളം മനസ്സിലാക്കിയിട്ടുണ്ട്. ഒഴിവുള്ളപ്പോൾ എന്നെ അടുത്തിരുത്തി ആ നേതാക്കളുടെ ചരിത്രത്തെ വൃത്തിയായി അദ്ദേഹം എനിക്ക് പറഞ്ഞുതരും.

"എല്ലാറ്റിനും ഒരു ചിട്ടവേണം." രാമനുണ്ണി ഉപദേശിക്കും; 'കാലത്തെഴുന്നേറ്റാൽ ഉറങ്ങുന്നതുവരെയുള്ള ജീവിതം ചിട്ടയായി ചെയ്തുതീർക്കണം. ചിട്ടയായ ജീവിതം ആരോഗ്യത്തെ നിലനിർത്തും. പ്രവർത്തിക്കാനുള്ള കഴിവ് കൂടുതലുണ്ടാക്കും. നിത്യത്തൊഴിലാനയെ എടുക്കും."




നിത്യത്തൊഴിൽ ആനയെ എടുക്കും എന്ന തത്വത്തെ വിശദീകരിക്കുന്ന ഒരു കഥ പറഞ്ഞുതരും. ഇംഗ്ലീഷോ സംസ്കൃതമോ വളരെയധികമൊന്നും പഠിച്ചിട്ടില്ലെങ്കിലും സംസ്കാരസമ്പന്നരുമായി ഇടപഴകി ജീവിച്ച രാമനുണ്ണിയുടെ ഉപദേശങ്ങളെ ഞാൻ പ്രായോഗികജീവിതത്തിൽ പകർത്താൻ പരമാവധി ശ്രമിച്ചിട്ടുണ്ട്.

കുറച്ചു സംസ്കൃതം മാത്രം പഠിച്ച് കൂപമണ്ഡൂകമായി വയനാട്ടിലെ എഴുത്തച്ഛനായി ജീവിച്ചുപോന്ന എന്നെ എനിക്ക് കാണിച്ചുതന്നത് രാമനുണ്ണിയാണ്.

"നമ്മളൊക്കെ വളരെ മോശക്കാർ." രാമനുണ്ണി ഉപദേശിച്ചു. "വളരണം. വിശ്വത്തോളം വളരണം. മരിക്കുന്നതുവരെ വളരണം."

ഞാൻ മൂളികേട്ടു.

'വലിയ ഒരു മനുഷ്യന്റെ വലിയ കഥ എന്റെ പക്കലുണ്ട്." രാമനുണ്ണി പാവങ്ങളിലെ ഴാങ്ങ് വാൽ ഴാങ്ങിന്റെ കഥ എനിക്ക് പറഞ്ഞു തന്നു. തുടർന്നു: "നമ്മുടെ മഹാന്മാരായ മഹർഷിമാരേക്കാൾ–ഒരുപക്ഷെ ഈശ്വരന്മാരേക്കാൾ–അധികം ശക്തനും മാന്യനുമായ കഥാപാത്രമാണ് ഴാങ്ങ് വാൽ ഴാങ്. ഗോവിന്ദൻ 'പാവങ്ങൾ' വായിക്കണം. വലിയ വെളിച്ചം കിട്ടും."

"എവിടുന്ന് കിട്ടും?" ഞാൻ തുടർന്നു: "കിട്ടിയാൽ വായിക്കും. കാശ് കൊടുത്ത് വായിക്കാൻ കഴിയില്ലല്ലോ"

"സാധനം എന്റെ കയ്യിലുണ്ട്." രാമനുണ്ണി തുടർന്നു. "എനിക്ക് പൊതു പ്രവർത്തകരെ, ബഹുമാനമാണെങ്കിലും അശേഷം വിശ്വാസമില്ല. ഇവിടെ ഇരുന്ന് വായിക്കാമെങ്കിൽ തരാം."

"എന്നെ വിശ്വസിക്കണം." ഞാനപേക്ഷിച്ചു. "പുസ്തകം തരണം, ഒരു കേടുംകൂടാതെ ഞാൻ തിരിച്ചുതരും."

"അത് പറ്റില്ല. ഇവിടെ താമസിച്ച് ഇവിടെ ഇരുന്ന് വായിച്ചോളു. ചായ തരാം; ചോറു തരാം; വിളക്കു തരാം; വടക്കേ അറ ഒഴിച്ചുതരാം. സമയമായാൽ സ്കൂളിലേക്ക് പൊയ്കൊള്ളു. സ്ക്കൂൾ വിട്ടുവന്ന് ഇവിടെ കൂടിക്കൊള്ളു."

"എന്നാലങ്ങനെ. ഞാൻ വീട്ടിൽപോയി പറഞ്ഞ് ഒരാഴ്ച താമസിക്കാൻ ഒരുങ്ങിവരാം." ഞാൻ പറഞ്ഞു: "ഒരാഴ്ച ഇവിടെ കൂടാം."

"ഒരാഴ്ചകൊണ്ടൊന്നും തീരില്ല." രാമനുണ്ണി തുടർന്നു: "മനസ്സിരുത്തി വായിക്കാൻ ചുരുങ്ങിയത് ഒരു മാസം വേണ്ടിവരും."

"ഒരാഴ്ച നോക്കട്ടെ." ഞാൻ യാത്ര പറഞ്ഞു പിരിഞ്ഞു.

*ഞാൻ വീട്ടിൽ പോയി. ഒരാഴ്ച മുത്തച്ഛന്റെ വീട്ടിൽ വിരുന്നു താമസിക്കാൻ ഒരുങ്ങിപ്പോന്നു. സ്കൂൾ വിട്ട ഉടനെ ചെറുകര പിഷാരത്തെത്തി.*

*"വന്നു അല്ലേ?" രാമനുണ്ണി പറഞ്ഞു: "കുളിക്കാം, ചായ കഴിക്കാം, പത്തായപ്പുരമുകളിൽ വടക്കേ അറയിൽ വായിക്കാനൊക്കെ ഒരുക്കിവെച്ചിട്ടുണ്ട്."*

*ഞാൻ കുളിച്ചു. ചായ കഴിച്ചു. പത്തായപ്പുരയുടെ മുകളിലെ വടക്കെ അറയിൽ ചെന്നു.*

*ഒരു മെത്തപ്പായ, തലയണ, പുതിയൊരു കമ്പിറാന്തൽ, തീപ്പെട്ടി, ചെല്ലം, ഒരു കെട്ട് ബീഡി, വടക്കുകിഴക്കെ മൂലയിലുള്ള സ്റ്റൂളിൻമേൽ അടുക്കിവെച്ച 'പാവങ്ങൾ' മൂന്നു വാല്യം!*

*"ഇനി എന്താണ് വേണ്ടത്?" രാമനുണ്ണി വരാന്തയിൽനിന്ന് ചോദിച്ചു.*

*"ഒന്നും വേണ്ട."*

*"വായിക്കൂ." രാമനുണ്ണി വാതിൽ ചാരി.*

*ഞാനൊരു പ്രേമഭാജനത്തെ എന്നപോലെ ആ വിശ്വോത്തരകൃതിയെ സമീപിച്ചു.*

*ചെറുകരെ കിഴക്കെ പത്തായപ്പുരമുകളിലെ വടക്കേ മുറിയിൽ ഇരുന്ന് മൂന്നു ദിവസം കൊണ്ട് ഞാൻ 'പാവങ്ങളു'ടെ ഒന്നാം ഭാഗം വായിച്ചുതീർത്തു. ഒരു വെള്ളിയാഴ്ച വൈകുന്നേരമാണ് തുടങ്ങിയത്. തിങ്കളാഴ്ച കാലത്ത് എട്ടൊമ്പത് മണിയായപ്പോഴേക്കും ഒന്നാം ഭാഗം വായന തീർന്നു. സ്കൂളിലേക്ക് പോകാനൊരുങ്ങുമ്പോൾ രാമനുണ്ണിയോടു ചോദിച്ചു. "രണ്ടാം ഭാഗം കൊണ്ടുപോകാൻ സമ്മതിക്കുമോ?" ഞാൻ ഉറപ്പുകൊടുത്തു: "പൊന്നുപോലെ സൂക്ഷിച്ച് ഒരു കേടും വരാതെ വായിച്ചു മടക്കിത്തരും."*

*കുറച്ചുനേരം രാമനുണ്ണി എന്റെ മുഖത്തുതന്നെ നോക്കിയിരുന്നശേഷം ചോദിച്ചു: "എപ്പോൾ?'*

*"വരുന്ന വെള്ളിയാഴ്ച കഴിഞ്ഞ് അടുത്ത വെള്ളിയാഴ്"*

*"കൈമാറിപ്പോവില്ലല്ലോ?"*

*"ഇല്ല."*

*"എന്നാൽ കൊണ്ടുപൊയ്ക്കോളൂ." രാമനുണ്ണി ഉപദേശിച്ചുറപ്പിച്ചു. "സൂക്ഷിക്കണം."*

*പാവങ്ങളുടെ രണ്ടാംഭാഗവുമായിട്ടാണ് ഞാനന്ന് സ്കൂളിൽ പോയത്. പറഞ്ഞ സമയത്തിനു മുമ്പുതന്നെ രണ്ടാംഭാഗം വായിച്ചുതീർത്തു. മൂന്നാം ഭാഗവും കൊണ്ടുവന്ന് വായിച്ച് മടക്കിക്കൊടുത്തു.*

*പുതിയൊരു വെളിച്ചം തലച്ചോറിൽ മിന്നിത്തിളങ്ങുന്നതുപോലെ എനിക്കുതോന്നി. ഴാങ്ങ് വാൽ ഴാങ്ങ്, ഫൻതീൻ, തെനാർദിയെർ, ഴാവേർ തുടങ്ങിയ കഥാപാത്രങ്ങൾ ഇടക്കിടക്ക് കയറിവന്ന് എന്റെ കരളിൽ മുട്ടിത്തുറന്ന് അകത്തു കടന്നിരിക്കുന്ന ഒരനുഭവം എനിക്കുണ്ടായി.*

*"നിയമത്തിന്റെയും ആചാരത്തിന്റെയും ബലത്തിൻമേൽ-ഭൂമിയിലെ പരിഷ്കാരത്തിന്റെ നടുക്ക്-നരകങ്ങളെ ഉണ്ടാക്കിത്തീർത്തുകൊണ്ടും മനുഷ്യ കർമ്മത്തെ വിധിയോട് കൂട്ടിച്ചേർത്തുകൊണ്ടും സമുദായത്താൽ കൽപ്പിക്കപ്പെടുന്ന തീവ്രശിക്ഷകൾ എത്രകാലം നിലനിൽക്കുന്നുവോ: പുരുഷാന്തരത്തിലെ മൂന്ന് വൈഷമ്യങ്ങൾ-പുരുഷനു വമ്പിച്ച ദാരിദ്ര്യത്താലുള്ള അധഃപതനം. സ്ത്രീക്ക് വിശപ്പ് കാരണമുണ്ടാകുന്ന മാനഹാനി, കുട്ടികൾക്ക് അറിവില്ലായ്മയാൽ വരുന്ന വളർച്ചക്കേട് ഇവ എത്രകാലം തീരാതെ കിടക്കുന്നുവോ, അത്രകാലം പാവങ്ങൾപോലെയുള്ള പുസ്തകങ്ങൾ ഒരിക്കലും പ്രയോജനപ്പെടാതെ വരാൻ നിവൃത്തിയില്ല." യൂഗോവിന്റെ ഈ അഭിപ്രായം ഉള്ളിൽ വെച്ചുകൊണ്ടാണ് ഞാൻ പാവങ്ങൾ വായിച്ചത്.*

*ഒരജ്ഞാതതേജസ്സിനെ കണ്ടെത്തിയ 'ഡി'യിലെ മെത്രാൻ എന്റെ കരളിലെ വികാരങ്ങളുടെ നടുവിൽ കയറിയിരുന്നു. "ഞാൻ എല്ലാവരെക്കുറിച്ചും കരയുന്നു." എന്നു പറഞ്ഞ ഡിയിലെ മെത്രാനോട് "ഒരേ മാതിരി!" എന്നു ചോദിച്ച ആ അജ്ഞാതതേജസ്. എന്നല്ല "തുലാസ്" എങ്ങോട്ടെങ്കിലും അൽപമൊന്ന് ചെരിയണമെങ്കിൽ പൊതുജനങ്ങളുടെ ഭാഗത്തേക്കാവട്ടെ. "അവർ അധികകാലമായി ദുഃഖം അനുഭവിക്കുന്നു" എന്നുപദേശിച്ചത് ഒരു മിന്നൽ പോലെ, ഇടിവെട്ടുപോലെ, ചൂടുപോലെ, എന്റെ തലച്ചോറിൽ പരന്നുകിടക്കുന്നു.*

*ആ ദിവ്യതേജസ്സിന്റെ മുമ്പിൽ 'ഡി'യിലെ മെത്രാൻ തലതാഴ്ത്തിനിന്നു പറഞ്ഞു. 'ഞാനൊരു പുഴു' എന്ന വാക്യം തത്വജ്ഞാനത്തിന്റെ മേലങ്കിയണിഞ്ഞ് കരളിന്റെ ഒരു മുക്കിൽ ഇന്നും ഇരുപ്പുണ്ട്. കൃത്യമായി വിവരിക്കാനാവാത്ത-എന്നാൽ എന്നെ പരിഷ്കരിച്ച ഒരനുഭൂതി പാവങ്ങളുടെ പാരായണത്തോടെ എന്നിൽ വിലയിച്ചു.*

പാവങ്ങളുടെ 100 വർഷം പിന്നിടുന്ന ഈ വേളയിൽ മറ്റൊരു പ്രത്യേകത കൂടിയുണ്ട്. ജീവിതപ്പാത 50 വർഷം പിന്നിട്ടിരിക്കുന്നു.

ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യകാലത്ത് നമ്മുടെ സമുദായത്തിന്റെ അവസ്ഥ എന്തായിരുന്നു എന്ന് കൃത്യമായി രേഖപ്പെടുത്തിയ ഒരു കൃതി കൂടിയാണ് ജീവിതപ്പാത.

●

കവിത

# ഇത് പൂക്കാലമാണ്



രമാ പിഷാരടി

ഇത് വെളിച്ചത്തിന്റെ-
പൂവുകൾ മുറ്റത്ത്
തിരിയിട്ട് നിൽക്കുന്നൊ-
രയനകാലപ്പകൽ

ഇത് സൂര്യകാന്തിയുടെ,
തുമ്പയുടെ പൂവിടീൽ
ഇത് ചെമ്പരത്തിയുടെ-
ചെന്തീക്കനൽക്കുട!

കദളിയുടെ പൂവിതൾ,
നാട്ടുമന്ദാരത്തിനിലകൾ,
പനിനീർറോസ്, നാട്ടു-
ചെത്തിക്കുട

വരികൾ തെറ്റാതെ-
വിരിഞ്ഞ് നിൽക്കും തരി-
ച്ചിറകുള്ള മുല്ലകൾ,
വെള്ളിലപ്രാവുകൾ!

കനലുരുക്കി കടുക്കൻ-
പൂവലുക്കുകൾ
കവിളിലൊരു മുത്ത-
മിട്ടാവണിക്കാറ്റല

അമൃതവള്ളിക്കും-
കെടാതെ വാടാമുല്ല-
യതിരിട്ട് നിൽക്കും
നടപ്പാതയൊന്നിനും

പവിഴമല്ലിക്കും പൊഴിഞ്ഞ-
പൂത്തണലിനും,
നറുസുഗന്ധത്തിന്നിലഞ്ഞി-
വൃക്ഷത്തിനും

കനവറ്റ് നിൽക്കും-
മഴക്കാറ്റിനിടയിലായ്
പുതിയ പൂച്ചെണ്ടിന്റെ-
കാവടിപ്പൂവിനും

സ്ഫടിക കൂടിൻ-
ചിത്രശലഭസമാധിയെ-
ഉയിരിലേറ്റുന്നരളി-
മലരിയുടെയിലകൾക്ക്

കസവ് നൂൽ പാകുന്ന-
ബന്തികൾക്കിടയിലായ്
നിറമിട്ട് പോകുന്ന
പച്ചിലക്കൂട്ടിന്

മയിലാഞ്ചി മണമുള്ള-
കൈയിൽ തലോടുന്ന-
കുടമുല്ലകൾക്കും, കുട-
ച്ചെത്തിയുണർവിനും

കതിർ കൊയ്ത പാടത്ത്,
കായലിൻ ഹൃദയത്തിൽ
കനവ് നെയ്തുണരുന്നൊ-
രാമ്പലിൻ പൂക്കൾക്ക്

സ്മൃതികൾക്ക്, കസവിന്റെ-
പുടവയ്ക്ക്, കൊയ്ത്തിന്റെ
നിറവിന്ന് പ്രളയം കടന്ന-
കാലങ്ങൾക്ക്

മഴകൾക്ക് ശേഷം വരും-
പ്രകാശത്തിന്റെ
തരികളിത് ഭൂമിയുടെ
പൂക്കാലമാണിത്...



Best Compliments From
YOGLOANS
Building Better Lives
Kerala | Karnataka | Tamil Nadu | Andhra Pradesh
33 YEARS OF TRUST
166
BRANCHES
Building Better Lives
Gold Loan
Two wheeler Loan
Business Loan
Consumer Durable Loan
YOGAKSHEMAM LOANS LTD
3rd Floor, Ottappath Tower, Aswini Junction, Thrissur, Kerala, PH :0487 2320102,
Mob :9188525630

കഥ

# ഒരു പ്രണയത്തിന്റെ ബാക്കിപത്രം



ഇ.പി. ഉണ്ണിക്കണ്ണൻ

കുറേ ദിവസങ്ങൾക് ശേഷം തട്ടിൻപുറത്തു ഒന്നു കയറി നോക്കാൻ തോന്നി. പഴയ പാത്രങ്ങളും, മരം കൊണ്ടുള്ള പെട്ടികളും, കമ്പിറാന്തലുകളും, ഓണവില്ലുകളും ഗതകാലത്തിന്റെ സ്മരണകൾ ഉണർത്തികൊണ്ട് അവിടെ കിടപ്പുണ്ട്. ഒരു മൂലയിൽ ഞാൻ പണ്ട് ഉപയോഗിച്ചിരുന്ന ഒരു ഇരുമ്പ് പെട്ടിയും അനാഥമായി കിടക്കുന്നുണ്ട്. കൗതുകത്തോടെ അതൊന്നു തുറന്ന് നോക്കി. പഴയ കുറേ കടലാസുകളും കുറച്ചു കത്തുകളും ഒരു വെഡ്ഡിംഗ് കാർഡും അതിൽ കിടപ്പുണ്ട്. അവിടെ അവിടെ ആയി കറകൾ വീണ ആ വെഡ്ഡിംഗ് കാർഡ് ഒന്ന് എടുത്തുനോക്കി. അത് ഒരു പഴയ കാല പ്രണയകഥയിലേക്കുള്ള വാതായാനങ്ങൾ തുറന്നു വച്ചു.

നിയമനത്തിനു മുൻപായി കോയമ്പത്തൂരിൽ ട്രെയിനിംഗ് നടക്കുന്ന കാലം. കുറച്ചു ദിവസം കഴിഞ്ഞപ്പോൾ മറ്റൊരു ട്രെയിനിംഗ് ബാച്ച് കൂടി തുടങ്ങി. ആ ബാച്ചിൽ ഇരുപതോളം പെൺകുട്ടികൾ ആയിരുന്നു. എന്റെ ബാച്ച് കാലത്തായിരുന്നു. അവരുടെ ബാച്ച് ഉച്ചക്കുശേഷവും. ഒരു ദിവസം ക്ലാസ്സിൽ എത്തിയപ്പോൾ എന്റെ സീറ്റിനു താഴെ ഒരു ലേഡീസ് പേഴ്സ് കിടക്കുന്നുണ്ടായിരുന്നു. ഞാൻ അതൊന്ന് എടുത്തു നോക്കി. അതിൽ കുറച്ചു നോട്ടുകളും ഒരു തിരിച്ചറിയൽ കാർഡും ഉണ്ടായിരുന്നു. ഗായത്രി എന്ന ഒരു ട്രെയിനിയുടെ താണ് പേഴ്സ് എന്ന് മനസ്സിലായി. ക്ലാസ് കഴിഞ്ഞതും ഞാൻ എന്റെ സീറ്റിൽ തന്നെ ഇരുന്നു. അപ്പോഴേക്കും കുറച്ച് ട്രെയിനീസ് ക്ലാസിലെത്തി. എനിക്കറിയാവുന്ന തമിഴിൽ ആരാണ് ഗായത്രി എന്ന് അന്വേഷിച്ചു. പിന്നിൽ നിന്നിരുന്ന ഒരു കുട്ടി ഒരു മന്ദഹാസത്തോടെ എന്റെ അരികിൽ വന്നു. താൻ തന്നെയാണോ ഗായത്രി എന്ന് ചോദിച്ചപ്പോൾ മറുപടിയായി അതേ മന്ദഹാസം. പേഴ്സ് കൈമാറി ഞാൻ യാത്ര പറഞ്ഞ് പുറത്തിറങ്ങി. പിന്നെയുള്ള ദിവസങ്ങളിൽ എല്ലാം എന്നെ കാണുമ്പോൾ ആ മന്ദഹാസത്തിന്റെ പൂനിലാവ് ലോഭമില്ലാതെ പൊഴിഞ്ഞുകൊണ്ടിരുന്നു. വാക്കുകളില്ലാത്ത മനസ്സുകൊണ്ടും മിഴികൾ കൊണ്ടുമുള്ള അനുരാഗത്തിന്റെ അതീവ സുന്ദരമായ ദിവസങ്ങൾ അതിവേഗം കടന്നുപോയി.



ട്രെയിനിങ് കഴിഞ്ഞ് എനിക്ക് നോർത്ത് ആർക്കാട് ഡിസ്ട്രിക്റ്റിലെ ഒരു പ്രസിദ്ധ ക്ഷേത്രനഗരിയിൽ പോസ്റ്റിങ്ങ് ആയി. ഗായത്രിയോടും വിവരങ്ങൾ പറഞ്ഞു. അവൾക്ക് ഒരു മാസം കൂടി ട്രെയിനിങ് ബാക്കിയുണ്ട്. അന്നെന്തോ അവളുടെ ആ മന്ദഹാസത്തിന് ഒരു മങ്ങൽ. മിഴികളിൽ നീർമണികൾ തിളങ്ങി നിന്നിരുന്നു. നിശബ്ദയായി വീണ്ടും വീണ്ടും തിരിഞ്ഞു നോക്കിക്കൊണ്ട് അവൾ നടന്നകന്നു.

കോയമ്പത്തൂർ ജംഗ്ഷനിൽ നിന്ന് മദ്രാസിലേക്കുള്ള ട്രെയിൻ പുറപ്പെടാൻ സമയമായി തുടങ്ങി. വിൻഡോ സീറ്റിൽ ഇരുന്ന് ആ മഹാനഗരത്തോട് മനസ്സ് വിട പറയുകയായിരുന്നു. അപ്പോഴാണ് അകലെ നിന്ന് കൈകൾ ഉയർത്തി പ്ലാറ്റ്ഫോമിലൂടെ ഓടിവരുന്നു ഗായത്രി. തികച്ചും അപ്രതീക്ഷിതമായി വീണ്ടും ഒരു സമാഗമം. ഒരു സ്വീറ്റ് പാക്കറ്റ് സമ്മാനിച്ച് അവൾ എന്റെ കൈകളിൽ മുറുകെ പിടിച്ചു യാത്രാമൊഴിയേകി. അഗാധ നീലിമ നിറഞ്ഞ അവളുടെ നീൾ മിഴികളിൽ അനുരാഗത്തിന്റെ തിരയിളക്കം. ട്രെയിൻ കണ്ണിൽ നിന്നും മറയും വരെ ജലാർദ്ര നയനങ്ങളുമായി അവൾ ആ പ്ലാറ്റ്ഫോമിൽ തന്നെ നിൽക്കുകയായിരുന്നു. പ്രണയത്തിന്റെ അനുഭൂതികളെക്കുറിച്ച് അജ്ഞനായ എന്നിൽ ഒരു പ്രണയ വസന്തം തന്നെ സൃഷ്ടിച്ച് കടന്നുവന്ന ഗായത്രി ജീവിതത്തിൽ വിസ്മയങ്ങൾ തീർക്കുകയായിരുന്നു. സ്നേഹിക്കപ്പെടുന്നു എന്നറിയുമ്പോഴാണ് സ്നേഹത്തിന്റെ വിലയറിയുന്നത്. അത് നിർവചിക്കാൻ ആവാത്ത അദൃശ്യമായ ഒരു വികാരമാണ്. ഒരു നിർവൃതിയാണ്. അനുഭവിക്കുമ്പോൾ മാത്രം അറിയുന്ന ഒരു നിത്യ സത്യവുമാണ്.

അടുത്ത ദിവസം തന്നെ ജോലിക്ക് ചേർന്നു. സ്നേഹസമ്പന്നരായ സഹപ്രവർത്തകർ. അതിൽ മലയാളികളായ നമ്പീശനും നമ്പ്യാരും നൽകിയ സഹകരണം ജോലിയിൽ പ്രാവീണ്യം നേടുന്നതിന് ഏറെ സഹായകമായി. ദിവസങ്ങൾ കടന്നുപോയി അതിനിടയിൽ ഗായത്രിക്ക് ജില്ലാ തലസ്ഥാനമായ വെല്ലൂരിൽ നിയമനം കിട്ടി. ട്രങ്ക് എക്സ്ചേഞ്ചുകളിലൂടെ നിരന്തരം ബന്ധപ്പെടുന്ന ജോലിയായതിനാൽ പ്രണയ നദി തടസ്സമില്ലാതെ ഒഴുകി. സുഖ അന്വേഷണങ്ങൾ തമാശകൾ കുടുംബ വിശേഷങ്ങൾ സംഘടനാ പ്രവർത്തനങ്ങൾ എന്നിവയും സംസാര വിഷയങ്ങൾ ആകും.

ഒരു ദിവസം പ്രതീക്ഷിക്കാതെ ഗായത്രി ക്ഷേത്ര നഗരിയിൽ വന്നു. അവളുടെ മുഖത്തുള്ള സംഭ്രമം മനസ്സിലാകാതെ ഞാനും ചിന്താ കുലനായി. അടുത്തുതന്നെയുള്ള വിശാലമായ ക്ഷേത്രമതിലകത്ത് പോയിരുന്ന് ഞങ്ങൾ സംസാരിച്ചു. ശോകാർദ്രമായിരുന്നു അവളുടെ വാക്കുകൾ. അമ്മയുടെ സഹോദരനെ കൊണ്ട് അവളെ വിവാഹം കഴിപ്പിക്കാനുള്ള ശ്രമങ്ങൾ തകൃതിയായി നടക്കുന്നുണ്ടെന്നും ഇത് ഗായത്രി ആഗ്രഹിക്കുന്നില്ലെന്നും അവളുടെ കാര്യത്തിൽ ഞാൻ ഒരു ഉറച്ച തീരുമാനമെടുക്കണം എന്നും വളച്ചു കെട്ടില്ലാതെ അവൾ പറഞ്ഞു. ഇത്തരം വിവാഹങ്ങൾ തമിഴ്നാട്ടിൽ സർവസാധാരണമാണെന്നും അവളിൽനിന്ന് അറിയാൻ കഴിഞ്ഞു. മദ്രാസിൽ എൻജിനീയറായ മാമനെ കൊണ്ട് വിവാഹം കഴിപ്പിക്കുവാൻ വീട്ടുകാർ ധൃതി കൂട്ടുകയാണ്.

കേവലം 20 വയസ്സ് മാത്രം പ്രായമുള്ള എനിക്ക് വിവാഹത്തെക്കുറിച്ച് ചിന്തിക്കാൻ പോലും വയ്യാത്ത ഒരു അവസ്ഥയാണ്. പറക്കമുറ്റാത്ത സഹോദരി സഹോദരന്മാരും അസുഖബാധിതനായ അച്ഛനും അമ്മയും അടങ്ങുന്ന കുടുംബത്തിന്റെ ഏക ആശ്രയമായ ഞാൻ പെട്ടെന്ന് ഒരു തീരുമാനമെടുക്കാൻ കഴിയാത്ത ചുറ്റുപാടിൽ ആണെന്നും കുറച്ചു വർഷങ്ങൾ എങ്കിലും കാത്തിരുന്നേ പറ്റൂ എന്നും സ്നേഹപൂർവ്വം അവളെ അറിയിച്ചു. ഈ പ്രണയം നഷ്ടപ്പെടും എന്ന് ഭയത്തിലായിരുന്നു അവൾ. വീണ്ടും പ്രതീക്ഷയുണ്ടെന്നും അല്പ ദിവസങ്ങൾ കാത്തിരിക്കാം എന്നും നിറമിഴികളുടെ മൊഴിഞ്ഞുകൊണ്ട് അവൾ യാത്രയായി.

ദിവസങ്ങളും മാസങ്ങളും കൊഴിഞ്ഞുവീണു. അനുകൂലമായ ഒരു തീരുമാനമെടുത്ത് ഗായത്രിയെ അറിയിക്കുവാൻ എനിക്ക് കഴിഞ്ഞില്ല. എന്റെ നിശബ്ദത അവളെ വല്ലാതെ വേദനിപ്പിച്ചു കാണും. പിന്നെ പിന്നെ ലൈനിലുള്ള സംഭാഷണങ്ങൾ കുറഞ്ഞു കുറഞ്ഞു വന്നു. വിഷാദ കലുഷിതമായ മനസ്സുമായി ഞാനും ദിവസങ്ങൾ തള്ളി നീക്കി. അതിനിടയിൽ ഗായത്രി നീണ്ട ലീവിലാണ് എന്ന് വെല്ലൂരിലെ ഒരു സുഹൃത്തിൽ നിന്നും അറിയാൻ കഴിഞ്ഞു.

ചില ദിവസങ്ങൾക്കു ശേഷം എന്റെ അഡ്രസ്സിൽ ഒരു വെഡിങ് കാർഡ് വന്നു. അത് ഗായത്രിയുടേതായിരുന്നു. കണ്ണുനീർപ്പാടുകൾ വീണ ആ വെഡ്ഡിംഗ് കാർഡ് ആണ് നീണ്ട അറുപതാണ്ടുകൾക്ക് ശേഷം ഗതകാല സ്മരണകളിലേക്ക് വെളിച്ചം പകർന്നുകൊണ്ട് ആ പഴയ പെട്ടിയിൽ നിന്ന് കാണാനിടയായത്. ഒരു പ്രണയത്തിന്റെ ബാക്കിപത്രം പോലെ.

പരാജയപ്പെട്ട പ്രണയം സൂക്ഷിച്ചുവെക്കുന്ന മനസ്സുകൾ വിരളമാണ്. ചിലർ അത് മനസ്സിൽ സൂക്ഷിച്ചു വയ്ക്കും ഒറ്റയ്ക്കിരിക്കുമ്പോൾ പുറത്തെടുത്ത് താലോലിക്കാൻ ഒരു മധുര നൊമ്പരമായി.

●

## ഓർമ്മക്കുറിപ്പ്



# അസ്തമിക്കാത്ത സൂര്യൻ

### ഡോ. കെ.എൻ. പിഷാരോടി എന്ന ഡോ: അമ്മാമനെ കുറിച്ചുള്ള ഓർമ്മകൾ

**കല്ലങ്കര രാമൻകുട്ടി**

"Spread love wherever you go. Let no one ever come to you without leaving happier"

-Mother Theresa.

**സ്നേ**ഹമസൃണമായ ആ ജീവിതം വിടപറഞ്ഞിട്ട് അമ്പത്തിമൂന്ന് വർഷം തികയുന്നു.

ഒരിക്കലും എഴുതിയാൽ തീരാത്ത ഒരദ്ധ്യായമാണ് ഡോക്ടർ അമ്മാമന്റെ ജീവിതം. അതിൽ ഹൃദയസ്പർശിയായ ചില ഓർമ്മക്കുറിപ്പുകൾ ഇവിടെ പങ്കുവക്കട്ടെ.

വളരെ പരിമിതങ്ങളായ സൗകര്യങ്ങൾ മാത്രമുണ്ടായിരുന്ന, പല ഗ്രാമങ്ങളിലും വൈദ്യുതി പോലും എത്തിയിട്ടില്ലാത്ത ആ ഒരു കാലത്ത്, സ്വപ്രയത്നവും, നിശ്ചയദാർഢ്യവും, കൊണ്ട് ഒരു മനുഷ്യായുസ്സിൽ എത്തിപ്പിടിക്കാൻ കഴിയുന്നത്ര ഉയരങ്ങൾ കീഴടക്കിയ ഒരു അതുല്ല്യ പ്രതിഭയായിരുന്നു നമ്മുടെ എല്ലാവരുടേയും എപ്പോഴത്തേയും അഭിമാനമായിരുന്ന ഡോ. കെ.എൻ. പിഷാരടി എന്ന ഡോ. അമ്മാമൻ.

ആ കർമ്മയോഗിയുടെ കാൽപാടുകൾ പതിഞ്ഞിട്ടില്ലാത്ത പ്രസ്ഥാനങ്ങളില്ല.... സംരംഭങ്ങളില്ല.

പ്രവർത്തിച്ച മേഖലകളിലെല്ലാം തികഞ്ഞ ആത്മാർത്ഥതയോടേയും, ആദർശത്തോടേയും, അസാമാന്യ പാഠവത്തോടേയും, തന്റേതായ വ്യക്തി മുദ്ര പതിപ്പിച്ച് മുന്നേറി വിജയിച്ച സർവ്വ സമ്മതനായ ഒരു കലാസ്നേഹിയും, കലാ ആസ്വാദകനും, സർവ്വോപരി മനുഷ്യസ്നേഹിയുമായിരുന്നു അമ്മാമൻ.

കാലിക്കറ്റ് മെഡിക്കൽ കോളേജ് രൂപം കൊണ്ടത് മുതൽ അതിന്റെ പ്രഥമ പ്രിൻസിപ്പലായി സ്ഥാനമേൽക്കുകയും, വേണ്ടത്ര അദ്ധ്യാപകരേയും മറ്റു സ്റ്റാഫ് അംഗങ്ങളേയും നിയമിക്കും വരെ, മെഡിസിൻ വിഭാഗവും, അനാട്ടമി വിഭാഗവും സ്വയം കൈകാര്യം ചെയ്ത സമർത്ഥനായ ഒരു മാതൃകാ അദ്ധ്യാപകനായിരുന്നു അമ്മാമൻ.

തന്റെ ഔദ്യോഗിക പദവിയിൽ നിന്നും വിരമിച്ചശേഷം രണ്ടു വർഷക്കാലം കേരള കലാമണ്ഡലത്തിന്റെ ചെയർമാനായി സേവനമനുഷ്ഠിച്ചതിന് ശേഷം, അമ്മാമൻ തൃശൂരിലും, ഇടയ്ക്കൊക്കെ ഇരിങ്ങാലക്കുടയിലുമായി താമസമാരംഭിച്ച കാലം....

ക്ഷേത്ര കലകളായ കഥകളി, ചാക്യാർ കൂ

ത്ത്, കൂടിയാട്ടം, മുതലായവയെ പരിപോഷിപ്പിക്കാനും, അതിന്റെ കലാകാരന്മാരെയും, അണിയറ പ്രവർത്തകരേയും ഉദ്ധരിക്കാനും ഉയർത്തുവാനുമാണ് അമ്മാമൻ ഏറ്റവും കടുതൽ സമയം ചിലവഴിക്കാറ്.

ഉണ്ണായി വാരിയർ സ്മാരക കഥകളി സംരംഭം രൂപം കൊണ്ടതിനപ്പുറം അതിന്റെ സത്ഗതിക്കും ഉന്നതിക്കും വേണ്ടി കൈ മെയ് മറന്ന് പ്രവർത്തിച്ചിട്ടുണ്ട്.

അവിടുത്തെ ഓരോ കലാകാരന്മാരുടേയും ആരോഗ്യസ്ഥിതികളെക്കുറിച്ചും കുടുബ കാര്യങ്ങളെക്കുറിച്ചും അദ്ദേഹം സദാ ജാഗരൂകനായിരുന്നു. അവരുടെ എല്ലാ കാര്യങ്ങളും നേരിട്ട് തിരക്കുകയും വേണ്ടത്ര സഹായങ്ങൾ ചെയ്ത് കൊടുക്കാനും വളരെയധികം ശ്രദ്ധിച്ചിരുന്നു.

അമ്മാമന്റെ അമ്മയുടെ തറവാട്ട് വക സ്ഥലത്ത് അമ്മാമൻ തന്നെ പണി കഴിപ്പിച്ചതായിരുന്നു ഇരിങ്ങാലക്കുടയിലെ വീട്.

എന്റെ അമ്മുമ്മയുടെ ജ്യേഷ്ഠ സഹോദരനും, ഞങ്ങളുടെ 'കല്ലങ്കര' തറവാടിന്റെ അന്നത്തെ തലമൂത്ത കാരണവരുമായിരുന്നു അമ്മാമൻ.

ഞാനും, രാധയും, അമ്മയും (അമ്മു ചേച്ചി) അവിടെയാണ് താമസിച്ചിരുന്നത്.

അമ്മാമൻ ഇരിങ്ങാലക്കുടയിലേക്ക് വരുമ്പോൾ മിക്കപ്പോഴും അമ്മായിയും, മകൻ ബാലകൃഷ്ണൻ ചേട്ടനും കൂടെയുണ്ടാകുമായിരുന്നു. ബാലകൃഷ്ണൻ ചേട്ടനാണ് കാറോടിക്കുക പതിവ്. ഇരിങ്ങാലകുടയിലെത്തിയാൽ ദിനചര്യയുടെ ഭാഗമായി, കൂടൽമാണിക്യ സ്വാമിയുടെ ദർശനവും, അയ്യൻങ്കാവിലമ്മയുടെ ദർശന പുണ്യവും ഒരിക്കലും മുടക്കാറില്ല.

പുതൂർ അച്ചുതമേനോനും, കേശവൻ വൈദ്യരും മറ്റും അടങ്ങുന്ന വലിയ ഒരു സുഹൃത് വലയം തന്നെയുണ്ടായിരുന്നു അമ്മാമന് ഇരിങ്ങാലക്കുടയിൽ.

ഉണ്ണായി വാര്യർ സ്മാരക കലാനിലയത്തിലെ കഥകളിയരങ്ങുകൾ ഒരിക്കൽ പോലും അമ്മാമൻ ഒഴിവാക്കാറില്ലായിരുന്നു. ആട്ട കഥയുടെ രത്നച്ചുരുക്കം കാണികൾക്ക് വൃത്തിയായി മനസ്സിലാക്കിക്കൊടുക്കാൻ വേണ്ടി സദസ്സിൽ കഥ പറയുവാനും, രംഗത്തെത്തുന്ന കലാകാരന്മാരെ പരിചയപ്പെടുത്താനും അമ്മാവൻ ഒരിക്കലും മറക്കാറില്ലായിരുന്നു.

അമ്മാമന്റെ നിര്യാണത്തിൽ അനുശോചനമറിയിക്കാൻ എത്തിയ തൃശൂരിലെ ഒരു പ്രമുഖ ഫർണീച്ചർ വ്യാപാരി അന്ന് പറഞ്ഞ വാക്കുകൾ വളരെ ശ്രദ്ധേയമാണ്. ഒരു വിങ്ങലോടെ മാത്രമെ അദ്ദേഹത്തിന് ആ കഥ വിവരിക്കാനായുള്ളു.

അദ്ദേഹത്തിന്റെ അനുഭവത്തിലൂടെ:

'സ്വന്തമായുള്ള, പാരമ്പര്യമായുള്ള ഫർണീച്ചർ ഷോപ്പ് നടത്തി വന്നിരുന്ന കാലം. അവിചാരിതമായി ഉണ്ടായ ഒരു തീ പിടുത്തത്തിൽ എല്ലാം കത്തിയമർന്നു. ജീവിതത്തിന്റെ മുഴുവൻ സമ്പാദ്യങ്ങളും സ്വപ്നങ്ങളും അതിനോടൊപ്പം കത്തിയമരുകയായിരുന്നു എന്ന് ഒരു വേദനയോടെ മാത്രമെ ഓർക്കാൻ കഴിഞ്ഞുള്ളു.

കണ്ണിൽ ഇരുട്ടു കയറിയ നിമിഷങ്ങൾ.... മുമ്പോട്ട് ഇനിയെങ്ങിനെ.... എന്ന ചിന്ത മനസ്സിനെ അലട്ടിക്കൊണ്ടേയിരുന്നു.

പല പല ചിന്തകളിലാണ്ട് ഒരു ദിവസം വീട്ടിന്റെ കോലായിൽ ചാരു കസേരയിൽ റോഡിലേക്ക് കണ്ണുംനട്ട് ഇരിക്കുകയായിരുന്നു ഞാൻ. ഒരു ചെറിയ കറുത്ത ഓസ്റ്റിൻ കാർ ഗേറ്റിനു മുന്നിൽ വന്നു നിന്നു. ഡോർ തുറന്ന് പുറത്തിറങ്ങിയ അദ്ദേഹം വീട്ടിലേക്ക് കയറി വന്നു. അത് മറ്റാരുമല്ലായിരുന്നു. അന്നത്തെ കാലിക്കറ്റ് മെഡിക്കൽ കോളേജിന്റെ പ്രിൻസിപ്പലായിരുന്ന, ഡോ. കെ.എൻ. പിഷാരടിയായിരുന്നു.

ഒട്ടനവധി അംഗീകാരങ്ങളും, പ്രശസ്തി പത്രങ്ങളും, കീർത്തി മുദ്രകളും കൈ നീട്ടി വാങ്ങിയിട്ടുള്ള ആ വലിയ മനസ്സുള്ള ഡോക്ടർ പിഷാരടിക്ക് പക്ഷെ എളിമയും വിനയവും എന്നും മുഖമുദ്രയായിരുന്നു.

ഒരു ചെറു പുഞ്ചിരിയോടെ അദ്ദേഹം ഉമ്മറത്തെ കോലായിലേക്ക് കയറി തിണ്ണയിൽത്തന്നെ ഉപവിഷ്ടനായി, മുഖവുരയില്ലാതെത്തന്നെ വന്ന കാര്യം വ്യക്തമാക്കി.

കോഴിക്കോട് പുതിയ മെഡിക്കൽ കോളേജ് ആരംഭിക്കുകയാണ്. അവിടത്തേക്ക് വേണ്ട എല്ലാ ഫർണിർച്ചറുകളും ഇവിടുന്ന് ഉണ്ടാക്കിത്തരണം. ക്ലാസ്സ് മുറികളിലേക്ക് വേണ്ടുന്ന ബെഞ്ചുകളും, ഡെസ്ക്കുകളും കൂടാതെ മറ്റെല്ലാ ആവശ്യത്തിനുമുള്ള ഫർണീച്ചറുകൾക്കും ഉള്ള അഡ്വാൻസ് കൈയ്യിൽ തന്നിട്ട്, കയ്യിൽ മുറുകെ പിടിച്ച് പറഞ്ഞ ആ സാന്ത്വനത്തിന്റെ വാക്കുകൾ ഇന്നും കാതിൽ മുഴങ്ങുകയാണ്. ഒന്നും പേടിക്കണ്ട... എല്ലാം ശരിയാവും... ഈശ്വരൻ കൂടെയുണ്ട്.

ആഹ്ലാദം കൊണ്ട് എന്ത് പറയണമെന്നറിയാതെ മനസ്സ് മരവിച്ച് നിൽക്കുമ്പോൾ...

ഒരു നന്ദിവാക്കിനു പോലും കാത്തു നിൽക്കാതെ മെല്ലെ അദ്ദേഹം നടന്നു നീങ്ങി, കാറിൽ കയറി യാത്രയായി.

എല്ലാം അവസാനിച്ചു എന്നു കരുതിയിരുന്നിടത്തു നിന്ന് വീണ്ടും ജീവജലം നൽകി ഉയർത്തെഴുന്നേൽപ്പിച്ച ഡോക്ടർ പിഷാരടിയുടെ കരങ്ങൾ.... കൈ വിട്ടു പോയെന്നു കരുതിയ ജീവിതം തിരികെ നല്കി ആശ്ലേഷിച്ച മനുഷ്യ സ്നേഹി... അന്ന് ഈശ്വരൻ കൺമുന്നിൽ പ്രത്യക്ഷപ്പെട്ട പ്രതീതിയായിരുന്നു.'

കൂടൽമാണിക്യം ക്ഷേതത്തിലെ കൂത്തരങ്ങുകളും അമ്മാവൻ ഒരിക്കലും ഒഴിവാക്കാറില്ലായിരുന്നു. കർക്കിടക മാസത്തിലെ ശ്രീ. അമ്മന്നൂർ മാധവചാക്യാരുടെ രാമായണം പ്രബന്ധം ഏറെ പ്രസിദ്ധമാണ്. കൂത്തമ്പലം കവിഞ്ഞൊഴുകി നിൽക്കുന്ന തിരക്കായിരിക്കും പലപ്പോഴും അനുഭവപ്പെടാറ്. വളരെ ദൂരെ നിന്നു പോലും ആസ്വാദകർ എത്തുക പതിവുണ്ടായിരുന്നു അവിടെ.

ചാക്യാർ കൂത്തിലും, കൂടിയാട്ടത്തിലും അഗ്രഗണ്യനായിരുന്നു ശ്രീ. അമ്മന്നൂർ മാധവ ചാക്യാർ. അദ്ദേഹത്തിന് ഇരിഞ്ഞാലക്കുടയിലെ കലാസ്വാദക പൗരാവലിയുടെ വക ഒരു വിശിഷ്ട പുരസ്കാരം നല്കി ആദരിക്കാൻ തീരുമാനമായി. അതിനായി അന്ന് നിയോഗിക്കപ്പെട്ടത് സംസ്കൃത പണ്ഡിതനായ, പണ്ഡിതരത്നം ശ്രീ. കെ.പി. നാരായണ പിഷാരടിയും, ഡോ. കെ.എൻ. പിഷാരടിയുമായിരുന്നു. ഒരു ആമുഖ പ്രസംഗത്തിനു ശേഷം, ശ്രീ കൂടൽമാണിക്യം ക്ഷേത്രാങ്കണത്തിലെ കൂത്തമ്പലത്തിൽ വെച്ച് ശ്രീ. മാധവചാക്യാരുടെ കഴുത്തിൽ 'പ്രബന്ധ വാചസ്പതി' എന്ന് ആലേപനം ചെയ്തിരുന്ന ആ സുവർണ പതക്കം അണിയിച്ച് കൊടുത്തതും, ചാക്യാരുടെ സന്തോഷാശ്രുക്കളോടെയുള്ള സാഷ്ടാംഗ പ്രണാമവും ഇന്നും മായാത്ത ഓർമ്മകളായി മനസ്സിൽ തങ്ങി നില്ക്കുന്നു.

ക്ഷേത്ര മേൽശാന്തിമാരുടേയും, തന്ത്രിമാരുടേയും, ശാന്തിക്കാരുടേയും ആരോഗ്യ കാര്യത്തിലും അതീവ ശ്രദ്ധാലുവായിരുന്നു അമ്മാവൻ. ഒരിക്കൽ കൂടൽമാണിക്യം ക്ഷേത്രത്തിലെ മേൽശാന്തി ഏതോ രോഗ നിവാരണത്തിനായി അമ്മാമനെ കാണാനെത്തി. എല്ലാ ഔപചാരികതയോടും, ഏറെ ബഹുമാനത്തോടേയും അമ്മാവൻ അദ്ദേഹത്തെ സൽക്കരിച്ച് ഇരുത്തി രോഗവിവരങ്ങളെക്കുറിച്ച് തിരക്കി, രോഗനിർണ്ണയം ചെയ്ത് അദ്ദേഹത്തെ സമാധാനിപ്പിച്ചയച്ചു. ഇന്നത്തെ പോലെ സാങ്കേതിക സൗകര്യങ്ങൾ കുറവായിരുന്ന ആ കാലത്ത് പോലും അമ്മാമൻ നിർണയിച്ചതിനപ്പുറം പോവാറില്ല ഒരു അസുഖവും.

അതായിരുന്നു ആതുര സേവനത്തിൽ ആ കൈകളുടെ വൈദഗ്ദ്യവും നൈപുണ്യവും.

ഒരിക്കൽ പോലും മേൽശാന്തിമാരുടേയും, തന്ത്രിമാരുടേയും മുന്നിൽ അമ്മാമൻ ഇരുന്ന് സംസാരിക്കാറില്ലായിരുന്നു എന്നത് ഏറെ ശ്രദ്ധേയമാണ്... അതായിരുന്നു ആ വിനയത്തിന്റേയും, എളിമയുടെ വലിപ്പം.

ഏറെ സന്തോഷത്തോടെ ഇറങ്ങി നടന്ന ആ വലിയ തിരുമേനി തിരിഞ്ഞ് നിന്ന് പറഞ്ഞ വാക്കുകൾ ഇന്നും മനസ്സിൽ മായാതെ നിൽക്കുകയാണ് 'നിറകുടം ഒരിക്കലും തുളുമ്പില്ല... ഡോക്ടർക്ക് അങ്ങയുടെ വലിപ്പം അറിയില്ല.'

സമാനതകളില്ലാത്ത വ്യക്തിത്വത്തിന് ഉടമയായ അമ്മാമന്റെ ജീവിതം വരും തലമുറ കണ്ടു പഠിക്കേണ്ടതും, മാതൃകയാക്കേണ്ടതുമാണ്.

ജനുവരിയിൽ അമ്മായിയുടെ വിയോഗം ആ മനസ്സിനെ എത്രയധികം തളർത്തിക്കാണും എന്ന് ഊഹിക്കാവുന്നതെയുള്ളു.... കാരണം അത്രക്കും സ്നേഹസമ്പുഷ്ടമായിരുന്നു ആ ദാമ്പത്യം.... മംഗല്യത്തോടെയുള്ള അമ്മായിയുടെ മരണം വളരെ കുറച്ചു പേർക്കുമാത്രം കിട്ടുന്ന ഒരു സൗഭാഗ്യമാണ്... ഏറെ പുണ്യം ചെയ്ത ജന്മമായിരുന്നു അമ്മായിയുടേത്.

വേദനിക്കുന്ന ഒരു ഓർമക്കുറിപ്പ്... ഇന്നും മനസ്സിൽ ഒരു വിങ്ങലോടെ മാത്രം ഓർക്കാൻ കഴിയുന്ന ആ ഓർമ്മക്കു മുന്നിൽ ഒരു പിടി പൂക്കളർപ്പിച്ചു കൊണ്ട് ഈ അദ്ധ്യായം ഇവിടെ അവസാനിപ്പിക്കുകയാണ്.

തിരുവമ്പാടി ക്ഷേതത്തിലെ (തിരുവമ്പാടി ദേവസ്വം വാങ്ങിയ വലിയ ചന്ദ്രശേഖരൻ) ആനയെ നടയിരുത്തൽ ചടങ്ങ് നിർവഹിച്ച ശേഷം, അമ്മാമൻ ഇരിഞ്ഞാലക്കുടയിലേക്ക് തിരിച്ചു. കുറച്ച് കാര്യങ്ങൾ ചെയ്ത് തീർക്കുവാനുണ്ടായിരുന്നു എന്നു തോന്നുന്നു .യാത്രാ മദ്ധ്യേ ചെറുതായി ഷോൾഡർ പെയിൻ അനുഭവപ്പെട്ടിരുന്നു എന്നു പറഞ്ഞു. എങ്കിലും കാര്യമാക്കിയില്ലത്രെ.

ഒരു സുഹൃത്തിന്റെ കാറിലാണ് അമ്മാമൻ വന്നിറങ്ങിയത്. അമ്മാമനെ ഗേറ്റിൽ വരെ എത്തിച്ച് ഇറക്കിയ ശേഷം സുഹൃത്ത് യാത്രയായി.

ഗേറ്റിൽ നിന്നും മന്ദം മന്ദം നടന്നു വരുന്ന അമ്മാമനെ കണ്ടപ്പോൾ അമ്മ മുറ്റത്തേക്ക് ഇറങ്ങി ചെന്നു.

'സ്വല്പം ക്ഷീണമുണ്ട്, ഞാനൊന്ന് വിശ്രമിക്കട്ടെ' എന്നും പറഞ്ഞ് പതിവു പോലെ പടിഞ്ഞാറെ മുറിയിലേക്ക് കടന്ന് കട്ടിലിൽ കയറിക്കിടന്നു.

എണ്ണിയാലൊടുങ്ങാത്ത തന്റെ ശിഷ്യന്മാരെ

ഭിഷഗ്വരന്മാരാക്കി വാർത്തെടുത്ത, അനേകായിരങ്ങളെ ചികിത്സിച്ചും പരിചരിച്ചും രോഗവിമുക്തരാക്കിയ ഏറെ പരിചയസമ്പത്തും, അനുഭവ സമ്പത്തും കൈ മുതലായുള്ള, ഡോക്ടർ അമ്മാമന് എന്തോ ഒരു ഉൾവിളിയെന്നോണം തോന്നിയിരിക്കണം, 'ഡോ: ഐപ്പിനെ ഒന്ന് വിളിപ്പിച്ചോളൂ' എന്ന് പറഞ്ഞു.

ഒരാൾ പോയി ഉടനെത്തന്നെ ഡോ. ഐപ്പിനെ കൂട്ടിക്കൊണ്ടുവന്നു. പക്ഷെ ഫലമുണ്ടായില്ല.

തന്റെ ഗുരുനാഥന്റെ കൈത്തലം സ്പർശിച്ചപ്പോൾത്തന്നെ ഡോ. ഐപ്പിന് മനസ്സിലായി... വൈകിപ്പോയിരിക്കുന്നു എന്ന്.

LMP യിൽ നിന്നും MBBS ലേക്കുള്ള തന്റെ ചുവടു വെയ്പ്പിന് കാരണഭൂതനായ ആ വലിയ മനുഷ്യന്റെ പാദങ്ങളിൽ ഡോ. ഐപ്പ് നമസ്കരിച്ചു.

സ്വർഗത്തിലേക്കുള്ള ആ യാത്ര ആരംഭിച്ചു കഴിഞ്ഞിരുന്നു.

അവിടെയുണ്ടായിരുന്ന എല്ലാവരും തുളസി തീർത്ഥം ആ ചുണ്ടുകളിൽ അർപ്പിച്ചു.

പാതി കൂമ്പിയിരുന്ന ആ മിഴികൾ ഡോ. ഐപ്പ് തന്നെ തഴുകിയടപ്പിച്ചു.

ആയുസ്സിന്റെ എൺപതാം പടവിൽ വച്ച് ഡോ. കെ.എൻ പിഷാരടി എന്ന 'ദീപം' പൊലിഞ്ഞു.

1972 ജൂൺ 8 : കേരളം കണ്ട പ്രഗത്ഭനായ ഒരു ഡോക്ടറുടെ കർമ്മനിർഭരമായ ജീവിതത്തിന് തിരശ്ശീല വീണു.

ബന്ധുമിത്രാദികളുടേയും, സഹപ്രവർത്തകരുടേയും, ശിഷ്യ ഗണങ്ങളുടേയും തോരാത്ത കണ്ണീരിൽ കുതിർന്ന് ഭൂമിയോട് അലിഞ്ഞു ചേർന്നു.

സ്വന്തം അമ്മയെ ഏറെ സ്നേഹിച്ച, വാത്സല്യ നിധിയായ ആ പുത്രൻ ഒടുവിൽ അമ്മയുടെ (കല്ലങ്കര തറവാട്ട് വളപ്പിൽ) മണ്ണിൽത്തന്നെ അന്ത്യവിശ്രമം കൊണ്ടു.

ജനഹൃദയങ്ങളിൽ ഒരിക്കലും അസ്തമിക്കാത്ത കല്ലങ്കരയുടെ ആ സൂര്യതേജസ്സ് എന്നും എല്ലാവരുടേയും എക്കാലത്തേയും വഴി വിളക്കായിരിക്കട്ടെ.... പ്രചോദനമായിരിക്കട്ടെ...

'പ്രകാശമുള്ളിടത്ത് നില്ക്കാൻ എല്ലാവർക്കും കഴിയും..... പക്ഷെ നില്ക്കുന്നിടത്ത് പ്രകാശം പരത്താൻ ഹൃദയത്തിൽ പ്രകാശമുള്ളവർക്കെ കഴിയു.'

അത്രയ്ക്കും ധന്യമായിരുന്നു ആ ജീവിതം.

**(പുനഃപ്രസിദ്ധീകരണം)** ●


# ഭാരതി ധന സമൃദ്ധി ചിറ്റ്സ്

BDSC

CIN U65929KL2021PTC072579

HO : പുലാമന്തോൾ

**തിരുവേഗപ്പുറ ബ്രാഞ്ച്, വാഴകുന്നം ടവർ**

പാലക്കാട് ജില്ല, കേരള - 679 304

PH : 04662218500, 9447384030, 9846781379, 9447442539, 9847284506

കഴിഞ്ഞ രണ്ട് വർഷമായി മലപ്പുറം, പാലക്കാട് ജില്ലകളിലെ ഇടപാടുകാർക്കിടയിൽ വിശ്വാസമാർജ്ജിച്ച് പ്രവർത്തിക്കുന്ന സ്ഥാപനം...

## ഞങ്ങളുടെ പ്രത്യേകതകൾ



### ഉടൻ ആരംഭിക്കുന്ന മാസ ലേല ചിട്ടി

| ക്രമ നമ്പർ | തുക | കാലാവധി | മാസ തവണ | 2-ാമത് തവണ 30% ലേലകിഴിവിന് ശേഷം | രജിസ്ട്രേഷൻ ഫീ | ദിവസ തവണ |
|---|---|---|---|---|---|---|
| 1 | 1,00,000 | 40 മാസം | 2500 | 1875 | 150 | 100 രൂപ |
| 2 | 2,00,000 | 40 മാസം | 5000 | 3750 | 250 | 200 രൂപ |
| 3 | 5,00,000 | 40 മാസം | 12500 | 9375 | 250 | 500 രൂപ |
| 4 | 10,00,000 | 50 മാസം | 20000 | 15000 | 300 | 800 രൂപ |

### മാസത്തിൽ രണ്ട് ലേലം വരുന്ന ചിട്ടികൾ

| ക്രമ നമ്പർ | തുക | കാലാവധി | തവണ സംഖ്യ | 2-ാമത് തവണ 30% ലേലകിഴിവിന് ശേഷം | രജിസ്ട്രേഷൻ ഫീ | ദിവസ തവണ |
|---|---|---|---|---|---|---|
| 1 | 10,00,000 | 100 | 10000 | 7500 | 300 | 800 രൂപ |

### ആഴ്ച ലേല ചിട്ടികൾ

| ക്രമ നമ്പർ | തുക | കാലാവധി | ആഴ്ച തവണ | 2-ാമത് തവണ 30% ലേലകിഴിവിന് ശേഷം | രജിസ്ട്രേഷൻ ഫീ | ദിവസ തവണ |
|---|---|---|---|---|---|---|
| 1 | 1,00,000 | 100 | 1000 | 750 | 150 | 100 രൂപ |
| 2 | 3,00,000 | 100 | 3000 | 2250 | 250 | 500 രൂപ |

വിവിധ തരം ആകർഷകമായ ലേല ചിട്ടികൾ ഉടൻ ആരംഭിക്കുന്നു...

# DAPCO

DHANKISSAN AGRI PRODUCER COMPANY LTD

Reg:No: U01611KL2024PTC0854642

(Controlled By Ministry of Corporate Affairs, GOVT:OF INDIA)

**കർഷകർക്കായുള്ള കേന്ദ്രസർക്കാർ അംഗീകൃത സ്ഥാപനം**

## ഗോൾഡ് ലോൺ

(കാർഷിക വായ്പകൾ)

- ജൈവ വളങ്ങൾ, ഹൈബ്രിഡ് വിത്തുകൾ കാർഷിക ഉപകരണങ്ങൾ, വളർത്തു മൃഗങ്ങൾക്കുള്ള ഭക്ഷണം
- കേന്ദ്രസർക്കാരിന്റെ 50% സബ്സിഡിയോടുകൂടിയുള്ള കാർഷിക ഉപകരണങ്ങൾക്കായുള്ള രജിസ്ട്രേഷൻ
- വിവിധ കാർഷിക സഹായ പദ്ധതികൾ

# AGROCOPS

ഒരു കാർഷിക വാണിജ്യ വിജ്ഞാന വിനിമയ കേന്ദ്രം

OUTLET NO: KL10017

Phone: 9847284506, 9496523500

തൃശൂരിൽ പൂജകൾക്കാവശ്യമായ
എല്ലാം ലഭിക്കുവാൻ സന്ദർശിക്കുക

# ഷാരത്ത് പൂജാസ്റ്റോഴ്സ്

മാരിയമ്മൻകോവിലൽ, കൗസ്തുഭത്തിനു സമീപം

ഷൊർണ്ണൂർ റോഡ്, തൃശൂർ

ഫോൺ: 9645141801, 9744161273

SINCE 1935

# Kannan Swami's

KRISHNA CATERING

Near Vaidyuthi Bhavan, Kottappuram Road,
Punkunnam, Thrissur - 680002. Ph: 9447122744
E-mail: paladakannan@gmail.com

കഥ

# കുമ്പസാരം



മുരളി ബാല

അയാൾ ലാപ്ടോപ്പിന് മുന്നിൽ ഒരു നിമിഷം ധ്യാനമഗ്നനായി ഇരുന്നു. മനസ്സിൽ പഴയ കാലം പുനർജ്ജനിക്കുന്നത് പോലെ അയാൾക്ക് തോന്നി. എല്ലാം ഇന്നലെ കഴിഞ്ഞതുപോലെ ഒരു പുകമറയുമില്ലാതെ വ്യക്തമായിതന്നെ. മനസ്സ് വീണ്ടും ചാഞ്ചാടുന്നു. എല്ലാം തുറന്നു പറയണോ, അതൊരു വിവാദമാകുമോ, രാഷ്ട്രീയ വിഷയമായി മാറുമോ, നിയമസഭ പ്രക്ഷുബ്ധമാവുമോ... അറിഞ്ഞുകൂടാ. വരുന്നിടത്ത് വെച്ചു കാണാം. തുറന്നെഴുതുക തന്നെ...

ലാപ്ടോപ്പ് കീബോർഡിൽ അയാളുടെ വിരലുകൾ പടർന്നു. അക്ഷരങ്ങൾ, വാക്കുകൾ, വാക്യങ്ങൾ... മനസ്സിൽ നിന്നും തള്ളി തള്ളി വന്ന വാക്കുകൾ കീബോർഡിലേക്ക് പകരാൻ വിരലുകൾക്ക് വേഗത പോരെന്ന് തോന്നി. അങ്ങനെ സംഭവങ്ങളെല്ലാം വളരെ പെട്ടെന്ന് തന്നെ എഴുതിക്കഴിഞ്ഞപ്പോൾ വർഷങ്ങളായി മനസ്സിൽ പേറി നടന്നൊരു ഭാരം ഇറക്കിവെച്ചതിന്റെ ആശ്വാസം. എന്തെങ്കിലും എഴുതാൻ വിട്ടുപോയിട്ടുണ്ടോ എന്നറിയാനായി അയാൾ തുടക്കം മുതൽ വായിക്കാൻ തുടങ്ങി....

ഒരു സംഭവകഥ.

ഇന്ന് പള്ളിമേടയും, പാതിരിയും, കുമ്പസാരക്കൂടുമില്ലാതെ ഞാൻ കുമ്പസാരിക്കട്ടെ...

കൊലപാതകങ്ങളുടെ യഥാർത്ഥ വസ്തുത തുറന്നു പറയുന്ന ഒരു കാലഘട്ടമാണിതെന്ന് തോന്നുന്നു. എന്റെ ഇപ്പോഴത്തെ കുമ്പസാരത്തിന് അല്ലെങ്കിൽ തുറന്നു പറച്ചിലിന് ഒരു പരിധിവരെ എനിക്ക് മാതൃക എന്ന് പറയാൻ നക്സലൈറ്റ് വർഗ്ഗീസിന്റെ കൊലപാതകം ഏറ്റുപറഞ്ഞ പോലീസുകാരനും, ഇടുക്കിയിലെ രാഷ്ട്രീയ കൊലപാതകങ്ങൾ അക്കമിട്ടു പറഞ്ഞ രാഷ്ട്രീയ നേതാവും ആണ്. എന്നാൽ അവരൊക്കെ എന്തോ ധീരകൃത്യം ചെയ്തുവെന്ന മട്ടിൽ അഹങ്കാരത്തോടെ പറഞ്ഞതുപോലെയല്ല എന്റെ കാര്യം. ഒരുപാട് കുറ്റബോധത്തോടെ, മനസ്സിന്റെ വിങ്ങലോടെ ഒരു പശ്ചാത്താപമായാണ് ഞാനിത് ഏറ്റുപറയുന്നത്. ഈയൊരു ഏറ്റുപറച്ചിലിന്റെ പേരിൽ ഒരുപക്ഷെ



കേസെടുക്കാൻ പോലീസ് അധികാരികൾക്ക് അവകാശമുണ്ടാകാം. അവരത് നടപ്പിലാക്കിയാലും എനിക്കതിൽ തീർത്തും വിഷമമില്ല. നിയമത്തിന്റെ മുമ്പിൽ കൊലപാതകകുറ്റം തെളിയിക്കാൻ കൊല്ലപ്പെട്ടവന്റെ ആരും തന്നെ മുന്നോട്ടു വരാതിരുന്നതുകൊണ്ടും, ഇനിയിട്ടു വരില്ലെന്നറിയാവുന്നതുകൊണ്ടും, സ്വമേധയാ ഇതൊരു സെൻസിറ്റീവ് കേസ് ആക്കി മാറ്റാൻ ആർക്കും താൽപ്പര്യമില്ലാത്തതിനാലും മാത്രമാവണം ഞാനിപ്പോഴും സമൂഹത്തിൽ മാന്യതയോടെ ജീവിക്കുന്നത്. പക്ഷേ എന്റെ മനസ്സാക്ഷിക്കൂട്ടിൽ ഞാൻ ഒരായിരം വട്ടം തൂക്കിലേറിക്കഴിഞ്ഞിരിക്കുന്നു. എല്ലാം തുറന്നു പറഞ്ഞുകഴിയുമ്പോൾ ഒരുപക്ഷെ എന്റെ മനസ്സ് ഒരൽപ്പം ശാന്തമായേക്കാം എന്ന വിശ്വാസത്തിലാണ് ഞാനിപ്പോൾ നിങ്ങളുടെ മുമ്പിൽ കുമ്പസാരിക്കുന്നത്. ഇനി ഞാനാ സംഭവം നിങ്ങളോട് പറയട്ടെ, എന്നിട്ട് നിങ്ങൾ തീരുമാനിക്കൂ എനിക്കെന്ത് ശിക്ഷ നൽകണമെന്ന്.

1992 ഡിസംബറിലെ ഒരു ഞായറാഴ്ച രാത്രി.

മുംബൈ സബർബനിലെ കാന്തിവലിയിലെ സെക്ടർ 3 ലേക്ക് ഞാനും ഭാര്യയും ബസ്സിറങ്ങി നടന്നു വരികയായിരുന്നു. ഏകദേശം രാത്രി 11 മണിയായിട്ടുണ്ടാവും. ഞങ്ങളവിടെ താമസമാക്കിയിട്ട് മൂന്നോ നാലോ മാസങ്ങളെ ആയിട്ടുള്ളൂ എന്നാണോർമ്മ. അന്നൊരൊഴിവ് ദിവസമായതിനാൽ പകൽ മുഴുവനും ഞങ്ങൾ തൊട്ടടുത്തുള്ള സ്റ്റേഷനായ ബോറീവലിയിലെ യോഗിനഗറിൽ താമസിക്കുന്ന ചേട്ടന്റെ ഫ്ളാറ്റിലായിരുന്നു. വൈകുന്നേരം മുതൽ മുംബയിൽ പലയിടത്തും ഹിന്ദു മുസ്ലീം വർഗ്ഗീയ ലഹള പൊട്ടിപ്പുറപ്പെട്ടിരുന്ന വാർത്ത ഞങ്ങളറിഞ്ഞിരുന്നില്ല. അകലെ ഉയരുന്ന തീയും പുകയും കണ്ട് ഭാര്യ എന്റെ കയ്യിൽ മുറുകെ പിടിച്ചു. കാര്യമെന്താണെന്ന് അറിയാത്ത ഞാൻ അവളെ സമാധാനിപ്പിക്കാനായി പറഞ്ഞു, 'അതാരെങ്കിലും മൈതാനത്ത് തീയിട്ടതായിരിക്കും.' പതിവില്ലാത്ത വിധം റോഡ് വിജനമായിരുന്നു. ഞങ്ങളുടെ സെക്ടറിനടുത്തെത്തിയപ്പോൾ മനസ്സിലായി തൊട്ടടുത്തുള്ള മുംസ്ലീം വീടുകളാണ് നിന്നു കത്തുന്നതെന്ന്. വരുന്ന വഴിയിൽ വീടുകളിൽ നിന്ന് ജനൽ പാതി തുറന്ന് വിജനമായ റോഡിലൂടെ നടന്നു വരുന്ന ഞങ്ങളെ ചിലർ പരിഭ്രാന്തിയോടെ വീക്ഷിക്കുന്നുണ്ടായിരുന്നു. ഭാര്യ എന്റെ കയ്യിലെ പിടുത്തം ദൃഢമാക്കി അവളുടെ പേടി അറിയിച്ചു.

ഉള്ളിൽ ഞാനും ഭയപ്പെട്ടിരുന്നെങ്കിലും ധൈര്യമുള്ളവനാണെന്ന് കാണിക്കാനായി ജീവിതഭാരം കൊണ്ട് ചുളുങ്ങിയ നെഞ്ചിലേയും കൈകളിലേയും മസിലുകളെ തള്ളിപ്പിടിച്ച് അവളുടെ ശോഷിച്ച കയ്യും പിടിച്ച് വേഗം വീട്ടിലേക്ക് നടന്നു. എന്തോ അപകടം വരാൻ പോകുന്നതായി ഉള്ളിലിരുന്നാരോ പറയുന്നതുപോലെ. വീടിന്റെ വാതിൽക്കൽ ചെന്ന് വാതിൽ തുറക്കാൻ ശ്രമിക്കുന്നതിന് മുമ്പേ വീടിനകത്ത് ആരുടെയോ കാൽപ്പെരുമാറ്റം കേട്ടു. അയ്യോ എന്ന് അമർത്തിയ നിലവിളിയോടെ ഭാര്യയെന്നെ പുറകോട്ട് വലിച്ചു. നൈറ്റ് ലാച്ച് ഉള്ള വാതിലായതുകൊണ്ട് പുറത്തിറങ്ങുമ്പോൾ അറിയാതെ വാതിലടഞ്ഞുപോകാൻ സാദ്ധ്യതയുള്ളതുകൊണ്ട് ഒരു താക്കോൽ എപ്പോഴും തൊട്ടടുത്തുള്ള വീട്ടിൽ ഏൽപ്പിക്കുമായിരുന്നു. അവരെന്തെങ്കിലും ആവശ്യത്തിന് വന്നതാവുമെന്ന് ഞാനവളോട് പറഞ്ഞു. പക്ഷേ അവർ കർണ്ണാടകയിലുള്ള അവരുടെ വീട്ടിലേക്ക് പോയിരിക്കുകയാണെന്ന് അവൾ പറഞ്ഞു. അവളെന്നെ പുറകോട്ട് വലിക്കാനും കരയാനും തുടങ്ങി. വാതിൽ തുറക്കാതെ ഞാൻ അവളേയും കൂട്ടി രണ്ടുമൂന്നു വീടപ്പുറമുള്ള മറാട്ടി ടീച്ചറുടെ വീട്ടിലേക്ക് പോയി. സമാധാനമായിരിക്കാൻ ഉപദേശിച്ച് അവളെ ടീച്ചറുടെ അടുത്താക്കി ഞാൻ പോയത് കുറച്ചകലെ താമസിക്കുന്ന മലയാളി ബാച്ചിലേഴ്സിന്റെ വീട്ടിലേക്കായിരുന്നു. നടക്കുന്നതിനിടയിൽ ഞാനെന്റെ മുംബൈ ജീവിതം പെട്ടെന്ന് ഒന്നവലോകനം ചെയ്തു. എനിക്കിവിടെ ശത്രുക്കളായി ആരെങ്കിലുമുണ്ടോ? പറഞ്ഞുകേട്ടിട്ടുണ്ട് പലപ്പോഴും ഹിന്ദു മുസ്ലീം ലഹളകൾ നടക്കുമ്പോൾ വിസക്ക് വേണ്ടി കാശു വാങ്ങി പറ്റിച്ചവർ കാശ് തിരിച്ചു ചോദിച്ചു ചെല്ലുന്നവനെ തട്ടിക്കളയും. അതുപോലെ പൂർവ്വവൈരാഗ്യം തീർക്കാനും ഇത്തരം സന്ദർഭങ്ങൾ ആളുകൾ പ്രയോജനപ്പെടുത്താറുണ്ടത്രേ. കാരണം കൊല്ലപ്പെട്ടത് ഹിന്ദുവാണെങ്കിൽ കൊന്നത് മുസ്ലീം, മറിച്ചാണെങ്കിൽ ഹിന്ദു. കൊലയാളിക്ക് പേരില്ല, പകരം അത് മതം മാത്രമായി തീരുന്നു. മതത്തിനെതിരെ എന്തു കേസ്! എന്നെ സംബന്ധിച്ചിടത്തോളം വിസക്ക് വേണ്ടി ഞാനാർക്കും പണം കൊടുത്തിട്ടില്ല. ഇവിടെയെന്നല്ല എവിടെയും ആരുമായും ശത്രുതയുമില്ല. ശത്രുതയെക്കുറിച്ച് പറഞ്ഞു വന്നപ്പോഴാണ് ചെറിയൊരു സംഭവമാണെങ്കിലും അതിന്റെ പ്രത്യാഘാതമായിരിക്കുമോ ഇന്നത്തെ സംഭവം എന്ന ആധി എന്നെ പിടികൂടിയത്.

വിവാഹത്തിന് തൊട്ട് മുമ്പുള്ള സമയത്തായിരുന്നു ആ സംഭവം. ഞങ്ങൾ 4 പേർ ബാച്ചലേഴ്സ് ആയി മുംബൈയിൽ ഗോവണ്ടി എന്ന

സ്ഥലത്തായിരുന്നു താമസം. കൂട്ടത്തിലൊരാൾക്ക് ചെമ്പൂർ എന്ന സ്ഥലത്ത് മഹാരാഷ്ട്ര ഹൗസിംഗ് ബോർഡ് കോളനിയിലൊരു ഫ്ളാറ്റ് കിട്ടി. സ്ഥാവര ജംഗമസ്വത്തുക്കളെന്ന് പറയാൻ കാര്യമായി ഒന്നുമില്ലാത്തതിനാൽ ലൊട്ടു ലൊടുക്ക് സാധനങ്ങൾ ഒരു ചെറിയ ടെമ്പോയിൽ കയറ്റി ചെമ്പൂരിലെ ഹൗസിംഗ് കോളനിയിലെ ആറാം നമ്പർ ബിൽഡിംഗിന് മുന്നിലെത്തുന്നു. സഹമുറിയന്മാർ സാധനങ്ങളിറക്കി ഫ്ളാറ്റിലേക്ക് നടന്നപ്പോൾ ഞാൻ ടെമ്പോയുടെ അടുത്ത് കാവൽ നിന്നു. എല്ലാം കഴിഞ്ഞ് ടെമ്പോ തിരിച്ചയച്ച് ഞാൻ ഒന്നാം നിലയിലെ ഫ്ളാറ്റിലേക്ക് നടക്കുമ്പോൾ ബിൽഡിംഗിന്റെ ഒരു ഭാഗത്ത് നിന്ന് എന്നെ തന്നെ ശ്രദ്ധിച്ചു കൊണ്ടിരുന്ന ഒരു മറാട്ടി യുവാവ് കൈ ഞൊടിച്ചു വിളിച്ചു. ഒരു പട്ടിയെ വിളിക്കുന്ന ആ രീതി എനിക്കൊട്ടും ഇഷ്ടമല്ലാത്തതിനാൽ ഞാനയാളെ ഗൗനിച്ചില്ല. എന്റെ അവഗണന അയാൾക്കിഷ്ടപ്പെട്ടില്ല എന്നുവേണം കരുതാൻ. അയാൾ പെട്ടെന്ന് അടുത്തേക്ക് വന്ന് എന്റെ ഷർട്ടിന്റെ കോളറിൽ പിടിച്ചു നിർത്തി. എന്റെ അന്നത്തെ ഒരു സ്വഭാവം വെച്ച് കോളറിൽ പിടിച്ചവന്റെ മോന്തക്കിട്ട് ഒന്ന് പൊട്ടിക്കുകയായിരുന്നു വേണ്ടിയിരുന്നത്. പക്ഷേ അന്യനാടാണെന്നുള്ള ബോധം ആ സാഹസത്തിന് മുതിരാതെ ഞാൻ അയാളുടെ കൈപിടിച്ച് ഊക്കോടെ തള്ളി മാറ്റി. അയാളത് പ്രതീക്ഷിക്കാത്തതുകൊണ്ടാവണം പിടി വിട്ട് കുറച്ച് പിന്നാക്കം പോയി. അപ്പോഴേക്കും അയാളുടെ കൂട്ടുകാർ ഓടി വന്ന് അയാളുടെ ഇരുവശങ്ങളിലുമായി നിലയുറപ്പിച്ചു. അടി വീഴുമെന്ന് കരുതിയെങ്കിലും അയാൾ അവരെ തടഞ്ഞുകൊണ്ട് രൂക്ഷമായി എന്നെ നോക്കി കൊണ്ട് അടുത്തു വന്നു. ഞാൻ രണ്ടും കല്പിച്ചു നിന്നു. എന്നെ അടിച്ചാൽ ചത്താലും ശരി ഞാൻ തിരിച്ചടിക്കും എന്ന് മനസ്സിലുറപ്പിച്ചു നിന്നു. പക്ഷെ എന്നെ ഞെട്ടിച്ചുകൊണ്ട് അയാൾ ചിരിച്ചുകൊണ്ട് ചോദിച്ചു, 'ഏത് ഫ്ളാറ്റിലേക്കാണ് വന്നത്'. ഞാൻ ഒന്നാം നിലയിലെ ഫ്ളാറ്റ് ചൂണ്ടിക്കാട്ടി. അപ്പോളയാൾ തോളിൽ തട്ടിക്കൊണ്ട് പറഞ്ഞു. 'എന്റെ അയൽക്കാരനും ധീരനാണ്, ഇഷ്ടപ്പെട്ടു. വീണ്ടും കാണാം.' അപ്പോളയാളുടെ കൂട്ടുകാർ മറാട്ടിയിൽ പറയുന്നത് എനിക്ക് വ്യക്തമായി കേൾക്കാമായിരുന്നു. 'ദാദ ആരാണെന്ന് അവനെ ഒന്നറിയിക്കാമായിരുന്നു.' അതിനയാൾ പറഞ്ഞത്, 'ഞാനൊന്നും മറക്കില്ല, ഉചിതമായ സമയത്ത് അവനെന്റെ മുന്നിൽ വരും.' അതൊരു തിണ്ണമിടുക്കായി മാത്രമേ ഞാൻ കരുതിയുള്ളൂ. പക്ഷെ ഒന്നാം നിലയിലെത്തിയപ്പോൾ പൂരം കാണാനെന്ന പോലെ ആ ഫ്ളോറുകളിലെ താമസക്കാരെല്ലാവരും കോമൺ വരാന്തയിൽ നിൽക്കുന്നു. എന്നെ കണ്ട് ഒരപൂർവ്വ ജീവിയെ എന്നപോലെ മറാട്ടികളും ഗുജറാത്തികളും നോക്കുന്നു. ഇതൊന്നുമറിയാതെ എന്റെ സഹമുറിയന്മാർ വീട്ടുസാധനങ്ങൾ ഒതുക്കുന്ന തിരക്കിലായിരുന്നു. ഒരു മലയാളി ഇക്ക എന്നെ വരാന്തയുടെ ഒരു മൂലയിലേക്ക് വിളിച്ചു കൊണ്ടുപോയി ദേഷ്യത്തോടെ ചോദിച്ചു. 'അനക്കെന്താ പിരാന്താ, അനക്ക് ജീവന് വെല ഇല്ലെങ്കീ മാണ്ട, കൂടെ പൊറുക്കണ മൂന്നെണ്ണത്തിനെ മയ്യത്ത് ആക്കാൻ നോക്കണാ.' എനിക്കൊന്നും മനസ്സിലായില്ല. ഞാൻ മിഴിച്ച് നിൽക്കുന്നത് കണ്ട് അയാൾ പറഞ്ഞു. 'നീയാരെ പിടിച്ചാ തള്ളിയതെന്ന് തിരിഞ്ഞാ, ഛോട്ടാ രാജൻ എന്ന് കേട്ടട്ട്ണ്ടാ, ഈ ബോംബേലെ അധോലോകരാജാവ്.... പടച്ചോനേ വിശാരിച്ച് ചെന്ന് കയ്യും, കാലും പിടിച്ച് മാപ്പാക്കി തരാൻ പറഞ്ഞാ അന്റെ ജീവൻ പോകാണ്ടിരിക്കും, ചങ്ങായിമാരടേം.' എന്നിട്ട് ദേഷ്യത്തിൽ അയാളുടെ ഫ്ളാറ്റിലേക്ക് കേറി പോയി. പോകുമ്പോളയാൾ ആത്മഗതമെന്നോണം പറയുന്നുണ്ടായിരുന്നു, 'ഓരോന്നുങ്ങളും കുറ്റീം പറച്ച് ബരും മനുസനെ എടങ്ങേറാക്കാൻ.'

ഛോട്ടാ രാജനെ കുറിച്ച് കാര്യമായൊന്നും കേട്ടിട്ടില്ലാത്തതിനാൽ ഞാൻ ഞെട്ടിയില്ല. പക്ഷെ ഞാനവിടെ താമസിച്ച കുറച്ചു കാലയളവിനുള്ളിൽ ഒരു സബ് ഇൻസ്പെക്ടറെ സിനിമാ തീയറ്ററിന് മുന്നിലിട്ട് കുത്തിക്കൊന്നതടക്കം ഛോട്ടാ രാജന്റെ വീരപരാക്രമങ്ങൾ കണ്ടും കേട്ടും ഉറക്കത്തിൽ മാത്രമല്ല ഉണർന്നിരിക്കുമ്പോഴും ഞെട്ടിയെന്നുള്ളത് മറ്റൊരു സത്യം. കൂടെ താമസിക്കുന്നവർ ഛോട്ടാ രാജനോട് മാപ്പ് പറയാൻ എന്നെ നിർബ്ബന്ധിച്ചു കൊണ്ടിരുന്നു. തെറ്റ് ചെയ്തിട്ടില്ലെന്ന് ബോധ്യമുള്ളിടത്തോളം മാപ്പ് പറയാൻ എന്റെ മനഃസാക്ഷി എന്നെ അനുവദിച്ചില്ല. അതിനിടയിൽ ഛോട്ടാ രാജന്റെ അനുജൻ ദീപക്കുമായി ഞാൻ നല്ല സൗഹൃദത്തിലാവുകയും ചെയ്തു. പക്ഷെ ജീവനിൽ കൊതിയുള്ള സഹമുറിയന്മാർ ഞാൻ മാപ്പ് പറയില്ലെന്ന് അറിഞ്ഞതോടെ ആ ഫ്ളാറ്റിൽ നിന്നും എന്നെ ഇറക്കി വിട്ടു. പിന്നീടൊരിക്കലും ഞാൻ ചെമ്പൂരിലേക്ക് പോയില്ല.

കാലമെത്ര കഴിഞ്ഞാലും അധോലോകം പകവീട്ടുമെന്ന എന്റെ ചിന്തകളാവാം വീട്ടിലെ കാൽപ്പെരുമാറ്റത്തിന് പിന്നിൽ ഛോട്ടാ രാജന്റെ ഗാങ്ങ് ആയിരിക്കുമോ എന്ന് ഭയന്നത്. എന്നെ അവർ കൊന്നാൽ എട്ടും പൊട്ടും തിരിയാത്ത ഈ നാട്ടിൽ എന്റെ ഭാര്യ എന്തു ചെയ്യുമെന്നോർത്ത്

മനസ്സ് വല്ലാതെ നീറി. ഏയ് അങ്ങനെയൊന്നും സംഭവിക്കില്ല. സ്വയം മനസ്സിനെ സാന്ത്വനിപ്പിച്ച് ഞാൻ വേഗം മലയാളി ബാച്ചിലേഴ്സിന്റെ വീട്ടിലേക്ക് ചെന്നു. അവിടെ അപ്പോൾ രണ്ടുപേരെ ഉണ്ടായിരുന്നുള്ളൂ. രണ്ടുപേരും ടിവി കാണുകയായിരുന്നു. ഞാനവരോട് കാര്യം പറഞ്ഞു. അവർ അപ്പോൾ തന്നെ എന്റെ കൂടെ വന്നു. വരുന്ന വഴിക്ക് കൺസ്ട്രക്ഷൻ നടക്കുന്ന സ്ഥലത്ത് നിന്ന് ഒരു നല്ല കമ്പിയെടുത്ത് കയ്യിൽ വെക്കാൻ ഞാൻ മറന്നില്ല. കൂടെ വന്നവരിലൊരാൾക്ക് നല്ല ടെൻഷനുണ്ടായിരുന്നു. 'നമുക്ക് പോലീസിൽ അറിയിച്ചാലോ' എന്നവൻ ചോദിച്ചു. പക്ഷെ കണ്ണൂർക്കാരനായ രണ്ടാമൻ പറഞ്ഞു. 'ഏയ്, അതൊന്നും വേണ്ട, ഇത് സന്ദർഭം മുതലെടുത്ത് ആരോ കക്കാൻ കേറിയതാ. അതിനുള്ള മരുന്ന് നമുക്ക് തന്നെ കൊടുക്കാം. മനഃപൂർവ്വം ഞാൻ ഷോട്ടാ രാജന്റെ സംഭവം അവരോട് പറഞ്ഞില്ല.

ഞാൻ വാതിൽ പിടിയിൽ കൈ അമർത്തി താക്കോലിട്ട് ശബ്ദമുണ്ടാക്കാതെ തിരിച്ചു. എന്റെ നെഞ്ചിടിപ്പിനേക്കാൾ ഉച്ചത്തിലായിരുന്നു പോലീസിൽ അറിയിക്കാമെന്ന് പറഞ്ഞവന്റെ നെഞ്ചിടിപ്പ്. അതുകൊണ്ടുതന്നെ അവനെ വാതിൽക്കൽ നിർത്തി ഞാനും കണ്ണൂർക്കാരനും കൂടി അകത്തേക്ക് മാർജ്ജാരപദങ്ങളോടെ നീങ്ങി. അകത്ത് എന്തൊക്കയോ പരിശോധിക്കുന്ന ശബ്ദം അപ്പോഴും കേൾക്കുന്നുണ്ട്. ചേട്ടൻ അകത്തെ മുറിയിലേക്ക് കടക്കുമ്പോൾ അവൻ പുറത്തേക്ക് ഓടും. പിന്നത്തെ കാര്യം ഞാനേറ്റു. അവൻ മെല്ലെ എന്റെ കാതിൽ പറഞ്ഞു. എന്നിട്ട് അകത്തെ വാതിൽക്കൽ അവൻ കാവൽ നിന്നു. വിപദി ധൈര്യം എന്നൊക്കെ നമ്മൾ പറയാറില്ലേ അങ്ങനെയൊരു മാനസികാവസ്ഥയിലായിരുന്നു ഞാനപ്പോൾ. അകത്തേക്ക് തിരിഞ്ഞതും പ്രതീക്ഷിച്ചതുപോലെ ശത്രു എനിക്ക് നേരെ ചാടിയതും കയ്യിലിരുന്ന കമ്പിപാരകൊണ്ട് ആഞ്ഞു കുത്തിയതും ഒന്നിച്ചായിരുന്നു. ശത്രു ആദ്യം കഥകളിയിലെ കാട്ടാള വേഷം അലറുന്നതുപോലെ ഒരു ശബ്ദം പുറപ്പെടുവിച്ചു. പിന്നെ അതൊരു ഞെരക്കമായി. നിമിഷങ്ങൾക്കുള്ളിൽ ശത്രു എന്റെ കൺമുന്നിൽ മലർന്നടിച്ചു വീണ് പിടഞ്ഞ് ഉടൻ നിശ്ചലമായി. ചുമരിലേക്ക് തെറിച്ച അല്പം ചോര... പിന്നത്തെ നിലവിളി എന്റേതായിരുന്നു. അതുകേട്ട് കൂടെ വന്ന രണ്ടുപേരും ഓടിവന്ന് ആ കാഴ്ച കണ്ട് അന്ധാളിച്ചു നിന്നു. തളർന്ന ഞാൻ വീഴാൻ പോകുന്നത് കണ്ട് അവരെന്നെ താങ്ങി. എന്റെ ഉപബോധ മനസ്സിൽ വെളിച്ചപ്പാടിന്റെ അരമണിയുടെ കിലുക്കവും, ചിലമ്പിന്റെ കലമ്പലും അദ്ദേഹം പിടിച്ചിരിക്കുന്ന വാളിൽ പുരണ്ട രക്തവും, തലയിൽ നിന്ന് നെറ്റിയിലൂടെ ഒലിച്ചിറങ്ങി വായിലേക്കെത്തിയ രക്തത്തിന്റെ ഇരുമ്പു ചുവയും. ഞാൻ ഞെട്ടി കണ്ണു തുറന്നു ചുറ്റും നോക്കി. അവർ രണ്ടുപേരും ഉറക്കെയുറക്കെ ചിരിക്കാൻ തുടങ്ങി. ചിരിക്കുന്നതിനിടയിൽ അവർ പറഞ്ഞു. 'ഇനി എവിടെയെങ്കിലും പെരുച്ചാഴിയെ കൊല്ലണമെങ്കിൽ ചേട്ടനെ ഞങ്ങൾ വിളിക്കാം ട്ടോ...' വീണ്ടും ചിരിച്ചു ചിരിച്ചു അവർ പുറത്തേക്ക് പോയി.

ഇതൊക്കെ മനസ്സിലുള്ളതുകൊണ്ടാവണം രാത്രി ഉറക്കത്തിലും ഭാര്യ കുറേ നാൾ ചിരിച്ചു വെന്നാണെന്റെ ഓർമ്മ. പക്ഷെ 'മമ്മി' എന്ന ഇംഗ്ലീഷ് സിനിമയും കൂടി കണ്ടുകഴിഞ്ഞപ്പോൾ പെരുച്ചാഴികൾ കൂട്ടത്തോടെ എന്നെ ആക്രമിക്കുന്നതും ഞാനൊരു അസ്ഥികൂടം മാത്രമായ് മാറിയതും സ്വപ്നം കണ്ട് എന്റെ ഉറക്കം നഷ്ടപ്പെട്ടത് ഞാനാരോട് പറയും... ഈ കുമ്പസാര രഹസ്യം ഒരു പാതിരിയുടെ മനസ്സോടെ വായനക്കാർ ജീവിതകാലം രഹസ്യമായി സൂക്ഷിക്കും എന്ന വിശ്വാസത്തോടെ.....

വായന കഴിഞ്ഞതും അന്ന് വീട്ടിൽ നിന്നും ഇറങ്ങിപ്പോയ ആ കൂട്ടുകാരുടെ ചിരി കാതിൽ വീണ്ടും മുഴങ്ങാൻ തുടങ്ങിയപ്പോൾ അയാൾ ലാപ്ടോപ്പ് അടച്ചുവെച്ച് മറ്റൊരു കുമ്പസാരത്തിനായി ഏതെങ്കിലും വിഷയം ഉണ്ടോ എന്നാലോചിച്ചു കിടന്നു. ●

## പെൻഷന് അപേക്ഷ ക്ഷണിക്കുന്നു

PET-2000 പെൻഷൻ പദ്ധതിയിൽ ഒഴിവുവന്ന സ്ഥാനത്തേക്ക് അപേക്ഷകൾ ക്ഷണിക്കുന്നു. അപേക്ഷകൾ അതാത് ശാഖ സെക്രട്ടറിക്ക് സമർപ്പിക്കേണ്ടതാണ്. ശാഖകൾ ചർച്ച ചെയ്തു അവരുടെ ശുപാർശയോടുകൂടി കേന്ദ്ര PE&WS സെക്രട്ടറിക്കു തുടർ നടപടികൾക്കായി അയച്ചു കൊടുക്കേണ്ടതാണ്. അപേക്ഷകൾ 30 സെപ്തംബർ 2025 നു മുമ്പേ കേന്ദ്ര PE&WS സെക്രട്ടറിക്ക് കിട്ടിയിരിക്കേണ്ടതാണ്.

**സെക്രട്ടറി, PE&WS**

# SHARADIES SECURITIES

SHARE TRADING please contact us - SHARADIES SECURITIES

## We offer the following services

1. Physical shares to Demat (KYC updation)
2. Transmission of shares to LEGAL HEIR in case of share holder is not alive.
3. Duplicate share certificate
4. Loss of share certificate cases
5. Name, Address or Signature mismatch in share certificate
6. Recovery of unclaimed shares and dividends
7. IEPF Claim and Refund

Feel free to contact **SHARADIES SECURITIES**

**Lakshmi Mandapam, Thekkemadom Building**
**Thekkemadom Road, Thrissur - 680001**
**9895761097 9946319651**





# പി. എൻ. എസ്. പിഷാരടി

## നീണ്ടൂർ, ഏറ്റുമാനൂർ

**0481 2713286, 94953 25310,**
**97440 16883, 94958 70912**





**നവീകരണ – അഷ്ടബന്ധകലശങ്ങൾ, പരിഹാരക്രിയകൾ, സഹസ്രകലശം, ഉത്സവം, ധ്വജപ്രതിഷ്ഠ**

എന്നീ ചടങ്ങുകൾക്കുള്ള

**പൂജാസാമഗ്രികൾ, കലശദ്രവ്യങ്ങൾ, ചമതകൾ**

തുടങ്ങിയവ എത്തിച്ചുകൊടുക്കുന്നു.

**കഴക പ്രവൃത്തി** ഉത്തരവാദിത്വത്തോടുകൂടി ചെയ്തു കൊടുക്കുന്നതാണ്.

കഥ

# വാനപ്രസ്ഥം



ഉമ ഉണ്ണി കൃഷ്ണൻ

ഓഫീസ് റൂമിൽ ചെന്ന് ഗോപാൽജിയെ കണ്ട ശേഷം കാരുണ്യ അൽഷിമേഴ്സ് ചാരിറ്റബിൾ ട്രസ്റ്റ് ന്റെ ഇടനാഴിയിലൂടെ അമ്മയുടെ റൂമിലേക്ക് നടക്കുമ്പോൾ അവിടത്തെ ചുമരുകൾ കൂടി പരാതിയുടെയും, പരിഭവത്തിന്റെയും, കഥകൾ പറയുന്നപോലെ തോന്നി. നല്ല പരിചരണം ഇവിടെ നിന്നും കിട്ടുന്നുണ്ടെങ്കിലും മക്കളെയും പേരമക്കളേയും വിട്ടു പോന്നതിന്റെ സങ്കടമാവാം, അസുഖം കൊണ്ടുള്ള ദൈന്യതയാവാം, അതുമല്ലെങ്കിൽ പശ്ചാതാപത്തിന്റെ കദന കഥകളാവം അവ.

ആകെ ഒരാശ്വാസം അമ്മ വലിയ പരിഭവ കെട്ടുകൾ ഇതുവരെ ഇവിടെ അഴിച്ചിട്ടില്ലെന്നു ഗോപാൽജി പറഞ്ഞപ്പോഴാണ്. രാവിലെ പേപ്പർ കിട്ടണം അതൊരു നിർബന്ധം മാത്രം. കിട്ടിയാലോ നോക്കുന്നത് ചരമകോളം ഉള്ള പേജ് മാത്രം. തന്റെ ഫോട്ടോ ഇതിൽ വരുമോ, അതോ അതു കാണാൻ തനിക്കാവില്ലല്ലോ ഇതിൽ എന്താണ് ചിന്തിക്കുന്നത് എന്നറിയില്ല അതും കയ്യിലെടുത്തു കുറെ നേരം ഇരിക്കും.

'അമ്മേ...', പത്രം വായിച്ചു കൊണ്ടിരിക്കുന്ന അമ്മ തന്റെ വിളികേട്ടില്ല. എത്തി നോക്കിയപ്പോൾ ചരമകോള പേജു തന്നെ. ഈശ്വരാ ഇന്നും തനിക്കിതു നോക്കേണ്ടി വന്നില്ലേ എന്നഭാവം.

'അമ്മേ..', ഒന്നു കൂടി വിളിച്ചപ്പോൾ അമ്മ തന്നെ കണ്ടു.

'രഘു എപ്പോൾ വന്നു എന്താ വൈകിയത്. ഇന്നും ട്യൂഷൻ ഉണ്ടായിരുന്നോ.' ഹൈസ്കൂൾ ക്ലാസ്സിലെ രഘുവാണ് താൻ അമ്മക്കിന്നും.

'ഉവ്വ്' പറഞ്ഞു അമ്മയുടെ കൈ മടിയിൽ വെച്ചു കണ്ണിലേക്കു നോക്കിയിരുന്നു. കണ്ണുകൾ തമ്മിൽ കഥ പറയുവാൻ തുടങ്ങി.

ഇന്നേക്ക് 5 വർഷമായി അമ്മ ഇവിടത്തെ അന്തേവാസിയായിട്ട്. കൂട്ടായിവന്നത് അൽഷിമേഴ്സും പാർക്കിൻസെൻസ് രോഗവും മാത്രം.

അച്ഛന്റെ ശതാഭിഷേക വേളയിൽ ആശംസകൾക്കു മറുപടിയായി അച്ഛൻ പറഞ്ഞത് ഓർമ്മ വരുന്നു. ഇപ്പോൾ നയിക്കുന്ന ഈ വിശ്രമയാത്ര മണ്ണാങ്കട്ടയും, കരിയിലയും കാശിക്കു പോകുന്നപോലെയുള്ള ഒരു യാത്രയാണ്. ഈ ജീവിതത്തിലേക്ക് പെരുമഴ പെയ്താൽ മാത്രം മതി എന്നാണ് പ്രാർത്ഥന പക്ഷെ ഒരുകൊല്ലത്തിനുള്ളിൽ പെയ്ത ചാറ്റൽ മഴ അച്ഛനെ കൊണ്ടുപോയി. അന്നത്തെ നന്ദി പറയിലിൽ തന്റെ ശ്രീമതി ശാന്തി എന്തൊക്കെയാ പറഞ്ഞത് അടുത്ത ജനറേഷനു മാതൃകയായി നമ്മൾ നമ്മുടെ മാതാപിതാക്കളെ നോക്കണം. അവരെ ഇപ്പോൾ പടർന്നു പന്തലിക്കാൻ

തുടങ്ങുന്ന 'തന്ത വെബ്' എന്ന പാഴ് മരത്തിന്റെ തണലിൽ നിന്നും മാറ്റി നമ്മുടെ ഭാരതീയ സംസ്കാര തണലിൽ തന്നെ വളർത്തണം.

'താതൻ തളരും കാലം, തനയൻ താങ്ങുകയല്ലോ ധർമം' എന്നല്ലെ കവി വാക്യം. അതു നമ്മൾ നമ്മുടെ ജീവിതത്തിൽ നടപ്പാക്കണം.

നീണ്ട കരാഘോഷമായിരുന്നു ആ പ്രസംഗം കഴിഞ്ഞതും. എന്നിട്ട് ഇന്നിപ്പോൾ. അറിയാതെ വീണ തന്റെ കണ്ണീർ സ്നേഹത്തോടെ തുടച്ചു അമ്മ ഒന്നു പുഞ്ചിരിച്ചു.

മനസ്സാകുന്ന സാഗരത്തിലെ ചിന്തകളാകുന്ന അലകൾ അടിച്ചുകൊണ്ടേയിരുന്നു. വല്ലാത്ത ദിവസങ്ങൾ ആയിരുന്നു പിന്നെയുള്ളവ. അമ്മക്ക് പെട്ടെന്ന് മറവി രോഗവും കൈ വിറയലും വന്നു. അതുകൊണ്ട് ഗ്യാസ് ഓഫാക്കാൻ മറക്കും, ഗ്ലാസ് പാത്രങ്ങൾ വീണുടഞ്ഞു. എന്തോ ശാന്തിക്കു അതു അസുഖത്തിന്റെ ഭാഗമാണെന്ന് ഉൾകൊള്ളാൻ കഴിഞ്ഞില്ല. ഒപ്പം അമ്മുവിന്റെ പ്രസവവും. അവൾക്കു ജോയിൻ ചെയ്യണം എന്നായപ്പോൾ കൂടെ പോവേണ്ടി വന്നു. അപ്പോഴേക്കും അമ്മയുടെ അസുഖവും കൂടി.

ഹോം നഴ്സിനെ വെക്കാൻ വീട്ടിലെ സ്ഥല പരിമിതി. പിന്നെ ശാന്തിയില്ലാതെ തനിക്കു ഒറ്റക്കു മാനേജ് ചെയ്യാനും സാധിക്കില്ല. ശാന്തിക്കു അമ്മയെ വൃദ്ധസദനതിലാക്കി അമ്മുവിന്റെ കൂടെ പോവണം. നമ്മെ നോക്കാൻ നമ്മുടെ മകൾ അമ്മുവേ ഉണ്ടാവുള്ളു. ജീവിതത്തിൽ എല്ലാ വഴികളും അടഞ്ഞെന്നു തോന്നിയ ഒരു നിമിഷം.

അപ്പോഴാണ് ഗോപാൽജിയുടെ കാരുണ്യയിലേക്ക് സഹായം അഭ്യർത്ഥിച്ചുകൊണ്ടുള്ള ഫോൺ വന്നത്. കാര്യങ്ങൾ അറിഞ്ഞപ്പോൾ അമ്മയെ കൊണ്ടുവരൂ. ഒരു റൂമും, സെർവന്റിനേയും വിട്ടുതരാം എന്ന് പറഞ്ഞു. മായ അമ്മയെ നന്നായി പരിചരിക്കുന്നുമുണ്ട്. അതെ ചില സൗഹൃദങ്ങൾ നമ്മുടെ ജീവിതത്തിന്റെ ഗതി തന്നെ മാറ്റും. ഗോപാൽജിയുടെ ടീച്ചർ ആണ് അമ്മ എന്ന ഒരു സോഫ്റ്റ് കോർണറും ഉണ്ടല്ലോ. അങ്ങനെ അമ്മയെ ഇവിടെ ആക്കാൻ തീരുമാനിച്ചു.

മറവി രോഗത്തിന്റെ ഒരു അനുഗ്രഹമാവം വീട്ടിൽ നിന്നും ഇറങ്ങുമ്പോൾ അമ്മ ഒട്ടും വൈമനസ്യം കാണിച്ചില്ല. അച്ഛന്റെ ഒപ്പം യാത്ര പോവാറുള്ളപ്പോൾ ഉള്ള അതെ ഉത്സാഹത്തോടുകൂടി ഗോപാൽജിയുടെ കൈ പിടിച്ചു ഈ കാരുണ്യ ഭവനത്തിൽ എത്തി. താനും അപ്പോൾ രാമായണത്തിലെ സുമിത്രാദേവി ലക്ഷ്മണനെ ശ്രീരാമന്റ കൂടെ വനവാസത്തിനു യാത്ര അയക്കുമ്പോൾ പ്രാർത്ഥിച്ചപോലെ പ്രാർത്ഥിച്ചു പോയി. അമ്മയുടെ ഈ വനവാസ ജീവിതത്തിൽ അമ്മക്ക് ഗോപാൽജിയെ തന്നെ പോലെ കാണാനും, മായയെ ശാന്തിയെ പോലെ കാണാനും, ഈ കാരുണ്യ ഭവനത്തിനെ വീട് പോലെ തോന്നാനും ഈശ്വരൻ കരുത്തു നൽകണേ എന്ന് മാത്രം.

ഇപ്പോൾ അമ്മയുടെ ഓർമ്മയുടെ കർട്ടൻ അമ്മു, അമ്മുവിന്റെ മോൾ, ശാന്തി, വീട് എന്നിവയുടെ മേൽ വീണു കഴിഞ്ഞു. തന്നെ കൂടി ആ കർട്ടനുള്ളിലേക്കെടുക്കാൻ ഇനി ദിവസങ്ങൾ മാത്രം.

അമ്മയെ കുളിപ്പിച്ച് മരുന്ന് കൊടുക്കുവാനുള്ള സമയമായി. മായ ഓർമിപ്പിച്ചു. തനിക്കും ഇന്ന് അമ്മുവിന്റെ അടുത്തെത്തണം. അമ്മയെ കണ്ടിട്ട് പോവാം എന്ന് വിചാരിച്ചിറങ്ങിയതാണ്. വേഗം എത്തിയില്ലെങ്കിൽ ശാന്തിയുടെ ഭാവം മാറിയിട്ടുണ്ടാവും.

അമ്മയുടെ കാൽ തൊട്ടു വന്ദിച്ചു, ആ പുഞ്ചിരി മനസ്സിലേക്കാവഹിച്ചു ഇടവഴിയിലൂടെ പുറത്തേക്കു നടക്കുമ്പോൾ പരിഭവങ്ങളുടെ കാർമേഘങ്ങളെ മാറ്റി സമാശ്വാസത്തിന്റെ ഒരു മഴവിൽ അവിടെ വിരിയാൻ തുടങ്ങി. ●

*With best compliments from :*

**P. KARUNAKARAN**

**Forging & Process Aids**

No. 27, Kalyani Industrial Estate,
Vanagaram Road, Athipet,
CHENNAI - 600 058

Phone : (Factory) 044-26245992, Fax: 044-26245993
E-mail: steelforgings@hotmail.com
Phone : (Residence): 044-26161519, Mob: +919962581210

# വിവാഹമംഗളാശംസകൾ



## അശ്വന്ത് ശ്രീകുമാർ ❤ സ്മൃതി ഉണ്ണികൃഷ്ണൻ



തൃശൂർ പടിഞ്ഞാറേ പിഷാരത്ത് പരേതനായ ശ്രീകുമാറിന്റെയും തിരുവത്ര പിഷാരത്ത് ജയശ്രീയുടെയും മകൻ **അശ്വന്ത് ശ്രീകുമാറും** ചിറ്റൂർ പടിഞ്ഞാറെ പിഷാരത്ത് ഉണ്ണികൃഷ്ണപിഷാരോടിയുടെയും ആമയൂർ പിഷാരത്ത് ഗീത ഉണ്ണികൃഷ്ണന്റെയും മകൾ **സ്മൃതി ഉണ്ണികൃഷ്ണനും** തമ്മിലുള്ള വിവാഹം 25–08–2025ന് ഷൊർണ്ണൂർ കുളപ്പുള്ളി ഗസെബോ ഹെറിറ്റേജിൽ വെച്ച് സമംഗളം നടന്നു.

ആശംസകളോടെ: അശ്വതി, അക്ഷയ്

കഥ

# സന്ദർശനം

രാജൻ അംബാലയം

"എന്തിനാ മുത്തച്ഛാ നമ്മളിവിടെ നിൽക്കുന്നെ."

കൊച്ചുമകളുടെ സംശയം.

ഒൻപതുമണിക്ക് ഈ വഴിയോരത്തു എത്തിയതാണ്. വഴിക്കിരുവശവും വലിയ കമ്പികൊണ്ട് തീർത്ത ബാരിക്കേടിനുള്ളിൽ. ഈ നാട് ഭരിക്കുന്ന മുഖ്യമന്ത്രിയും പരിവാരങ്ങളും ഒരു വലിയ മീറ്റിംഗിൽ സംബന്ധിക്കുവാൻ അകലെയുള്ള പട്ടണത്തിലേക്കുള്ള യാത്ര ഈ വഴിയായതുകൊണ്ട് അദ്ദേഹത്തെ ഒരു നോക്കു കാണാൻ. പത്രത്താളുകളിൽ അച്ചടിച്ചു വന്ന രൂപം നേരിൽ കാണാൻ തരപ്പെടുമല്ലോ എന്ന ആശ മനസ്സിൽ. അതിനവസരം വരുമ്പോൾ ഒഴിഞ്ഞു മാറരുതല്ലോ.

ഇവിടെ എത്തിയപ്പോൾ അവൾക്ക് ഉത്സാഹമായിരുന്നു.

കൊടിതോരണങ്ങൾ കൊണ്ടലങ്കരിച്ച വഴി, ഇടക്കിടക്ക് ചെറിയ പന്തൽ വെള്ളത്തുണി വിരിച്ചത്, ആ തുണികളുടെ നാലുഭാഗത്തും സ്വർണ്ണ നിറത്തിലുള്ള അലുക്കുകൾ കൊണ്ട് കമനീയമാക്കപ്പെട്ടത് അവളതെല്ലാം ഉത്സാഹത്തോടെ അത്ഭുതം കൂറിയ കണ്ണുകളോടെ നോക്കി കണ്ടാസ്വദിക്കുകയായിരുന്നു. അവളുടെ കണ്ണുകളിൽ ആഹ്ലാദത്തിന്റെ തിരയടി. മഹാ ക്ഷേത്രത്തിലെ ഉത്സവപ്പറമ്പിൽ എത്തിയ സന്തോഷം...

കാറ്റിൽ പറന്ന് 'കലപില' പറയുന്ന തോരണങ്ങളുടെ ശബ്ദം അവൾക്ക് ഹൃദ്യമായതുപോലെ അവൾ അത് ശ്രദ്ധിച്ചു നിന്നു. ബാരിക്കേടിനുള്ളിൽ തിങ്ങി നിറഞ്ഞ ജനക്കൂട്ടം. ജാതിമത വ്യത്യാസമില്ലാതെ സ്ത്രീകളും പുരുഷന്മാരും ഇടകലർന്നു അടക്കം പറയുന്ന മട്ടിൽ ആ ജനക്കൂട്ടം എന്തെല്ലാമോ സംസാരിക്കുന്നുണ്ടായിരുന്നു. വ്യക്തമല്ലാത്ത സംസാരം തേനീച്ചകൂടിലെ ഇരമ്പംപോലെ.

രണ്ട് നാൾ മുമ്പുവരെ കുണ്ടും കുഴിയുമാ



യിരുന്ന റോഡ് ടാർ ചെയ്തു മിനുസപ്പെടുത്തിയിരിക്കുന്നു. വഴിയുടെ ഇരുവശങ്ങളിലും ആയുധധാരികളായ പോലീസുകാർ ആളുകളെ നിയന്ത്രിച്ചു കൊണ്ട്.

ഈ ബഹളമയമായ അന്തരീക്ഷം അവളെ ആനന്ദിപ്പിക്കുകയും അതിൽ അവൾ സ്വയം മുഴുകുകയും ചെയ്തിരിക്കുന്നു. പക്ഷെ ഈ കാത്തിരിപ്പിന്റെ വിരസത അവളിൽ ചോദ്യങ്ങളുയർത്തി. വരാൻ പോകുന്ന നിമിഷത്തിന്റെ വിലയും അർത്ഥവും അവൾക്കറിയില്ലല്ലോ. നാടിന്റെ മുഖ്യമന്ത്രിയുടെ യാത്രയുടെ നേർക്കാഴ്ച അവൾക്കെന്നും ഓർമ്മയിൽ സൂക്ഷിച്ചുവെക്കാൻ പറ്റുന്ന ഒരു നാഴികക്കല്ലായി മാറുമെന്നവൾക്കറിവില്ലല്ലോ. ഈ പ്രായത്തിൽ മുത്തച്ഛന്റെ മനസിൽ മായാതെ ഇന്നും ജ്വലിച്ചു നിൽക്കുന്ന ഒരു യാത്രയുടെ ചിത്രം പോലെ.

പണ്ട് പണ്ട് മുത്തച്ഛന്റെ മനസിൽ കടന്നുകൂടിയ ഒരു മായാചിത്രം. അതിപ്പോഴും ഒളിമങ്ങാതെ തനിയാവർത്തനംപോലെ ഉദിക്കുകയാണ്.

രാജഭരണകാലം സ്വാതന്ത്ര്യലബ്ധിക്ക് മുമ്പ്.

പ്രജകളെ കാണാൻ രാജാവെഴുന്നള്ളുന്നു എന്ന് വിളംബരം വന്നു. പ്രജാക്ഷേമതല്പരനായ രാജാവ് നേരിട്ട് വരുന്നു. പ്രജകളുടെ ക്ഷേമം നേരിട്ടന്വേഷിക്കാനും, അവരുടെ പരാതികൾ കേട്ട് തീർപ്പ് കൽപ്പിക്കാനും.

ഏറിയാൽ എൺപത് കുടുംബങ്ങളും അവരുടെ മക്കളും ബന്ധുക്കളും താമസിക്കുന്ന ചെറിയ ഗ്രാമം. ഓലമേഞ്ഞ വീടുകളും കൃഷിയിടങ്ങളും, ആടുമാടുകളും മാത്രം അടങ്ങുന്നത്. അങ്ങകലെ പട്ടണത്തിൽ നിന്നും സാധനങ്ങൾ കാളവണ്ടികളിൽ കൊണ്ടുവന്ന് വിൽക്കുന്ന ഒരു കട. അതിനപ്പുറം മഴയും മഞ്ഞും വെയിലും ഏറ്റു കിടക്കുന്ന ദേവിയുടെ കാവും, ആ ക്ഷേത്രനടയിൽ പ്രഭാതത്തിന് മാത്രം തുറക്കുന്ന ചായക്കട, അതിനടുത്തൊരു മുറുക്കാൻകട. ഇതായിരുന്നു ആ ലോകം. കൂപമണ്ഡൂകങ്ങളായ ഗ്രാമീണർ. ഗ്രാമത്തിനു ചുറ്റും അതിർ നിർണ്ണയിക്കുന്ന ആകാശത്തിനപ്പുറം ഒരു ലോകം. ഭാവന ചെയ്യാൻപോലും കാണാൻ കഴിയാത്ത ഗ്രാമീണർ. അവിടെയുള്ള സ്കൂളിൽ രാജാവ് ജനങ്ങളോട് സംവദിക്കാൻ വരുന്നുപോലും...!

രാവിലെ കുളിച്ചൊരുങ്ങി കുട്ടികൾ തമ്മിൽ ഭേദമായ വള്ളിനിക്കറും, ഷർട്ടും (അതുള്ളവർ മാത്രം) അതില്ലാത്തവർ ഒറ്റത്തോർത്തും ഉടുത്ത് സ്കൂളങ്കണത്തിൽ വരിവരിയായി നിന്നു. അവരോടൊത്ത് അവരുടെ രക്ഷിതാക്കളും, നാട്ടുകാരും, രാജാവിന്റെ വരവും കാത്ത്...

വഴിയെല്ലാം കുന്നും കുഴിയും മാറ്റി മണ്ണുവിരിച്ചിരിക്കുന്നു. ഇതുപോലെ തോരണങ്ങളും സ്കൂൾ വാതായനത്തിൽ കമാനവും മൂന്നു മുറികളുള്ള സ്കൂൾ കെട്ടിടത്തിന്റെ വരാന്തയിൽ ഒരു അലങ്കരിച്ച ഇരിപ്പിടവും.

അധികം വൈകാതെ അദ്ദേഹം വന്നു, കുതിരവണ്ടിയിൽ. സ്കൂളങ്കണത്തിന് അപ്പുറം വണ്ടി നിർത്തി രാജാവിറങ്ങി. അവിടെ നിന്ന ഗ്രാമീണരെ നോക്കി ചിരിച്ചു കൈകൂപ്പി തൊഴുതുകൊണ്ടദ്ദേഹം നടന്നു. മുത്തച്ഛൻ നാടു വാഴുന്ന രാജാവിനെ അടുത്തു കണ്ടു.

രാജചിഹ്നമണിഞ്ഞ തലപ്പാവും വെച്ച്, കരയുള്ള വേഷ്ടി ഉടുത്ത്, വെളുത്ത വസ്ത്രം പുതച്ച് പുഞ്ചിരിക്കുന്ന മുഖവുമായി അലങ്കരിച്ച കസേരയിൽ ഇരുന്ന് കാര്യങ്ങൾ അന്വേഷിക്കുന്ന രാജാവ്...

ഗ്രാമമുഖ്യനും മുതിർന്ന ആളുകളും ഭയഭക്തിബഹുമാനത്തോടെ അദ്ദേഹത്തിന്റെ അടുത്ത് ചെന്ന് എന്തെല്ലാമോ ഉണർത്തിച്ചു. അദ്ദേഹമതിന് മറുപടി പറഞ്ഞ് ചുറ്റുമുള്ളവരെ അഭിവാദ്യം ചെയ്യും പോലെ കൈവീശിയും ചിരിച്ചും ഇരിക്കുമ്പോൾ കുട്ടികളുടെ പ്രാർത്ഥനാഗാനവും അവരുടെ ചെറിയ രീതിയിലുള്ള നൃത്തവും, കലാവിരുന്നും കാഴ്ചവച്ച് അദ്ദേഹത്തിനെ അവരുടെ സന്തോഷവും കൃതജ്ഞതയും അറിയിച്ചു. ഏതാണ്ട് ഒരു മണിക്കൂർ ആ ഇരിപ്പിടത്തിൽ ചിലവഴിച്ച ശേഷം അദ്ദേഹം കുതിരവണ്ടിയിൽ കയറി യാത്രയായി. അവരുടെ സ്നേഹാദരങ്ങൾ ഏറ്റുവാങ്ങി. ഈ ചിത്രം മുത്തച്ഛന്റെ മനസ്സിൽ പതിഞ്ഞത് ഒരിക്കലും മാഞ്ഞിട്ടില്ല. ഇന്നും ദീപ്തമായത് നിലനിൽക്കുന്നു.

ഇതും അതുപോലെ ഒരനുഭവം ആയാലോ.

ഈ ഓർമ്മകളിൽ മുത്തച്ഛന്റെ മനസ്സ് ഉടക്കിനിന്നപ്പോൾ ഒരു ജീപ്പ് അനൗൺസുമെന്റുമായി എത്തി. "രണ്ടു മണിക്കൂറിനുള്ളിൽ മുഖ്യമന്ത്രി എത്തുന്നതാണ്."

വീണ്ടും രണ്ടു മണിക്കൂറോ... ഒൻപത് മണിക്കെത്തിയതാണ്. ഇപ്പോൾതന്നെ മണി പതിനൊന്നായിരിക്കുന്നു. ഇനിയും രണ്ടു മണിക്കൂറോ.

മടുപ്പോടെ മുത്തച്ഛൻ പേരക്കുട്ടിയെ നോക്കി. അവൾ ആ അനൗൺസുമെന്റിന്റെ മായികവലയത്തിൽ ആ ജീപ്പിനെയും നോക്കി ഇരിക്കുകയാണ്. കോളാമ്പിയിലൂടെ വരുന്ന ശബ്ദം അവളെ അത്രമാത്രം രസിപ്പിച്ചു കാണണം.

ചുറ്റും നിറഞ്ഞുനിന്നിരുന്ന ആളുകൾ

കുറേശ്ശേ ഒഴിയാൻ തുടങ്ങി. വീണ്ടും രണ്ടു മണിക്കൂറുകളിലെ വിരസതയിലേക്ക് ചേക്കേറാൻ താല്പര്യമില്ലാത്തവർ. അപ്പോഴാണ് അടുത്തു നിന്നിരുന്ന ചെറുപ്പക്കാരന്റെ വികൃതികൾ ശ്രദ്ധയിൽപ്പെട്ടത്. അയാൾ മുത്തച്ഛന്റെ അടുത്തു നിന്നിരുന്ന ചെറുപ്പക്കാരിയുടെ മുഖത്ത് കണ്ണുകൾ കൊണ്ട് കവിത എഴുതുകയാണ്. ചെറുപ്പക്കാരിയും അതിനൊത്ത് കണ്ണുകൾകൊണ്ട് സംവദിക്കുന്നു.

കൊച്ചുമോൾ അതൊന്നും ശ്രദ്ധിക്കാതെ (അല്ലെങ്കിലും അവൾക്കീ കടക്കൺ വിക്ഷേപത്തിന്റെയും, ആംഗ്യങ്ങളുടെയും അർത്ഥമറിയില്ലല്ലോ) കാറ്റിലാടുന്ന തോരണങ്ങളും, കൊടിയും നോക്കി അതിന്റെ 'കലപില' ശബ്ദവും ശ്രവിക്കുകയായിരുന്നു. ഇടക്കിടക്ക് അവൾക്കുവേണ്ടി വാങ്ങിയ മിഠായിയും നുണച്ചുകൊണ്ട്...

അനൗൺസ്മെന്റ് ജീപ്പിനു പിന്നാലെ എത്തിയ പോലീസുകാറിൽ നിന്ന് എസ്.ഐ ചാടിയിറങ്ങി റോഡിനിരുവശവും നിന്നിരുന്ന ആൾക്കൂട്ടത്തെ അവജ്ഞയോടെ ശ്രദ്ധിച്ചു. മുഖത്ത് രൗദ്രഭാവം. പെട്ടെന്നാണാ കണ്ണുകൾ തുറിച്ചത്. അയാളുടെ നോട്ടം അടുത്തുകണ്ട ഒരു വൃക്ഷത്തിലുടക്കി. ആ വൃക്ഷത്തിന്റെ തടിയിൽ ഒരു ഫ്ളക്സും ഒരു കറുത്ത കൊടിയും.

ധൃതിയിൽ അയാൾ ആളുകളെ വകഞ്ഞു മാറ്റി. ബാരിക്കേടിനുള്ളിലൂടെ ആ വൃക്ഷത്തിനടുത്തെത്തി.

"ആരാടാ ഈ കറുത്ത കൊടി ഇവിടെ കെട്ടിയത്."

മുഴങ്ങുന്ന സ്വരം കേട്ട് ജനങ്ങൾ ഞെട്ടി.

"അറിയില്ല."

അടുത്ത നിന്ന ഒരു ചെറുപ്പക്കാരൻ.

"ആരുടെ പടമാ ഇത്?"

എസ്ഐയുടെ ഹുങ്കാര സ്വരം.

"ഇവിടുത്തെ പഞ്ചായത്ത് മെമ്പറുടെയാ. ഭരണപക്ഷത്തിന്റെ പഞ്ചായത്താ."

"അയാൾക്കെന്തുപറ്റി?"

ആദരാഞ്ജലികൾ അർപ്പിച്ചുകൊണ്ടുള്ള ചിത്രം കണ്ടിട്ടും എസ്ഐക്ക് മനസ്സിലായില്ലേ എന്ന ചോദ്യം ആ ചെറുപ്പക്കാരന്റെ മനസ്സിൽ തികട്ടിവന്നു.

"ഈ കറുത്ത കൊടി."

"അനുശോചനമാണ് സാർ."

ചെറുപ്പക്കാരൻ പതുക്കെ മൊഴിഞ്ഞു.

നാട്ടിലെ നല്ലവനായ പഞ്ചായത്തംഗം. സ്വന്തമായി വീടുപോലും ഇല്ലാതെ, വാടകവീട്ടിൽ ഇത്രനാൾ കഴിഞ്ഞ വ്യക്തി. അഞ്ചു പ്രാവശ്യം പഞ്ചായത്തിലേക്ക് തിരഞ്ഞെടുക്കപ്പെട്ട മാന്യൻ. പരോപകാരി. നിസ്വാർത്ഥ രാജ്യസ്നേഹി. അതാണാ ചിത്രത്തിലെ വ്യക്തിയുടെ കഥ. അന്നു രാവിലെ അകാലത്തിൽ ചരമമടഞ്ഞു. സ്വന്തം ചികിത്സക്ക് പോലും പണം കണ്ടെത്താൻ കഴിഞ്ഞിരുന്നില്ലെന്ന കഥ നാട്ടുകാർക്കറിയാം.

"ഈ കൊടി അഴിച്ചു മാറ്റണം. കറുത്ത കൊടിതോരണങ്ങളൊന്നും ഇവിടെ കണ്ടുപോകരുത്."

എസ്ഐ വീണ്ടും ആക്രോശിച്ചു.

മടിച്ചു നിന്ന ചെറുപ്പക്കാരന്റെ വെളുത്ത മുണ്ടഴിച്ചയാൾ ആ കൊടിയും ചിത്രവും മറച്ചു കെട്ടി.

കർത്തവ്യനിർവ്വഹണത്തിന്റെ സുഖം അനുഭവിച്ച് അയാൾ വീണ്ടും കാറിലേക്ക്. മുണ്ടുപോയ ചെറുപ്പക്കാരൻ അടുത്തു കണ്ട മുറുക്കാൻ കടയുടെ പുറകിലേക്കും.

വിരസമായ കാത്തിരിപ്പിനിടയിൽ വീണുകിട്ടിയ നാടകം ആളുകളഎ ഒന്നുണർത്തി രസിപ്പിച്ചു.

പിന്നെ മണിക്കൂറുകളുടെ കാത്തിരിപ്പ്.

അപ്പോൾ വീണ്ടും ഒരനൗൺസ്മെന്റ്.

"ഈ ജീപ്പിന് പിന്നാലെ മന്ത്രിയുടെ കാർ വരുന്നു. അകമ്പടി കാറുകൾക്ക് ഇടയിൽ."

ആ ജീപ്പ് അതിവേഗത്തിൽ കടന്നുപോയി.

ജനക്കൂട്ടം ഒന്നാടി ഉലഞ്ഞു മന്ത്രിയുടെ മുഖം കാണാൻ.

ആ ജീപ്പിനു പിന്നാലെ പത്തിരുപതു കാറുകൾ. ആംബുലൻസിന്റെയും പോലീസ് സേനയുടെയും അകമ്പടിയോടെ.

മിഴികൾ അടച്ചുതുറക്കും മുമ്പെ നൊടിയിടയിൽ ആ വാഹനങ്ങൾ ആകാംക്ഷയോടെ കാത്തിരുന്ന ഞങ്ങളെ പിന്നിട്ട് ഓടിമറഞ്ഞു... അകലെയുള്ള നഗരത്തിലേക്ക്.

ഒരു കാറിലും പുഞ്ചിരിക്കുന്ന മുഖവുമായി സ്വീകരണ മാലകൾ അണിഞ്ഞ് കൈകൂപ്പി നിൽക്കുന്ന ഒരു നേതാവിനെയും കണ്ടില്ല.

ബഹളങ്ങളെല്ലാം കഴിഞ്ഞ് ആളുകൾ പിരിഞ്ഞപ്പോൾ കൊച്ചുമകളെയും കൊണ്ട് തിരിഞ്ഞു നടന്നു. അപ്പോൾ അവൾ ചോദിച്ചു.

"ഏതാ മന്ത്രീടെ കാറ്?"

ഉത്തരം പറയാനാവാതെ മുമ്പ് നടന്ന രാജാവിന്റെ സന്ദർശനവും ഓർത്തു മുത്തച്ഛൻ കുഞ്ഞിനെ നോക്കി.

●

# വിവാഹമംഗളാശംസകൾ



## അർജ്ജുൻ ❤ രേഷ്മ

പാലക്കാട് പല്ലാവൂർ പിഷാരത്ത്
രാധാകൃഷ്ണന്റെയും (മോഹൻ) ചേന്ദമംഗലം
ചേന്ദതൃക്കോവിൽ പിഷാരത്ത് ഗീതയുടെയും
മകൾ **രേഷ്മയും** പാലക്കാട് രുഗ്മിണി
നിവാസിൽ ഇ.പി. സുരേന്ദ്രന്റെയും
നിശ്ചല സുരേന്ദ്രന്റെയും മകൻ
**അർജ്ജുനും** തമ്മിലുള്ള വിവാഹം
28.08.2025ന് പാലക്കാട്
ക്ലബ് 6 കൺവെൻഷൻ സെന്ററിൽ വെച്ച്
ബന്ധുമിത്രാദികളുടെ സാന്നിദ്ധ്യത്തിൽ
മംഗളകരമായി നടന്നു.



# 95-ാം പിറന്നാളാശംസകൾ

13.08.2025

മാപ്രാണത്ത് പുത്തൻ പിഷാരത്ത്

## അമ്മിണി പിഷാരസ്യാർ

ഭർത്താവ് : ചെങ്ങാനിക്കാട്ട് പിഷാരത്ത്
പരേതനായ ഗോവിന്ദ പിഷാരോടി

സ്നേഹാശംസകളോടെ

മക്കൾ, മരുമക്കൾ, പേരക്കുട്ടികൾ,
പേരക്കുട്ടികളുടെ മക്കൾ

റിപ്പോർട്ട്

## പിഷാരോടി സമാജം
# അദ്ധ്യാത്മരാമായണ പാരായണ സത്സംഗം 2025




**കെ.പി. ഹരികൃഷ്ണൻ**
ജനറൽ സെക്രട്ടറി


പിഷാരോടി സമാജം വെബ്സൈറ്റിന്റെ നേതൃത്വത്തിൽ നടന്ന ഒരുമാസം നീണ്ടുനിന്ന ഓൺലൈൻ രാമായണപാരായണ സത്സംഗം അഭ്യുദയകാംക്ഷികളായ അംഗങ്ങളുടെ സജീവപങ്കാളിത്തത്തോടുകൂടി വളരെ ഭംഗിയായി നടന്നു.

2020ൽ കോവിഡ് മഹാമാരി സമയത്താണ് ശ്രീ. രാജൻരാഘവൻ (രാജൻ സിത്താര) ആചാര്യ സ്ഥാനത്തിരുന്നുകൊണ്ട് സമാജം വെബ് സൈറ്റിന്റെ നേതൃത്വത്തിൽ ഗൂഗിൾ മീറ്റിലൂടെ കർക്കിടക മാസത്തിൽ അദ്ധ്യാത്മരാമായണ പാരായണം ആരംഭിച്ചത്.

സമാജം അംഗങ്ങളുടെ സജീവ പങ്കാളിത്തവും പ്രോത്സാഹനങ്ങളും കൊണ്ട് തുടർന്നുള്ള വർഷങ്ങളിലെ കർക്കിടക മാസങ്ങളിലും ഈ സത്സംഗം ഭംഗിയായി നടത്തിവരുന്നു.

ഈ വർഷത്തെ രാമായണ പാരായണം കർക്കടകം 1ന് (2025 ജൂലൈ 17) ഗുരുവായൂരിൽ പിഷാരോടി സമാജം ഗസ്റ്റ് ഹൗസിൽ വച്ചാണ് ആരംഭിച്ചത്. രാവിലെ 10 മണിമുതൽ വൈകുന്നേരം 4 മണിവരെ തുളസീദളം മുഖ്യ പത്രാധിപ ശ്രീമതി സരസ്വതി ബാലകൃഷ്ണൻ, അദ്ധ്യാത്മിക പ്രഭാഷകനായ ശ്രീ. കരിങ്ങനാട് ഉണ്ണികൃഷ്ണ പിഷാരോടി എന്നിവരുടെ നേതൃത്വത്തിൽ സമ്പൂർണ്ണ നാരായണീയ പാരായണം നടന്നു. വൈകുന്നേരം 5.30ന് ഗുരുവായൂർ ശ്രീ. കൃഷ്ണ കോളേജ് സംസ്കൃതവിഭാഗം മേധാവിയും പ്രശസ്ത പ്രഭാഷകയുമായ ഡോ. ലക്ഷ്മി ശങ്കർ, സമാജം പ്രസിഡണ്ട് ശ്രീ. എ. രാമചന്ദ്ര പിഷാരോടി, മുൻ പ്രസിഡണ്ട് ശ്രീ. കെ.പി. ബാലകൃഷ്ണൻ, PP&TDT സെക്രട്ടറി ശ്രീ. കെ.പി. രവി എന്നിവർ നിലവിളക്ക് കൊളുത്തി. ഡോ. ലക്ഷ്മി ശങ്കർ പ്രൗഢഗംഭീരമായ പ്രഭാഷണത്തോടെ ഈവർഷത്തെ രാമായണ മാസാചരണം ഉദ്ഘാടനം ചെയ്തു.

തുടർന്ന് ആചാര്യൻ ശ്രീ. രാജൻ രാഘവന്റെ നേതൃത്വത്തിൽ രാമായണ പാരായണം ആരംഭിച്ചു.

ഗുരുവായൂർ ശാഖാ പ്രസിഡണ്ട് ശ്രീമതി ഐ.പി. വിജയലക്ഷ്മി ശ്രീരാമകീർത്തം ചൊല്ലി.

കൊടകര ശാഖാ മുൻ സെക്രട്ടറിയും പ്രഗത്ഭ നർത്തകനുമായ ശ്രീ. രാമചന്ദ്രന്റെ നേതൃത്വത്തിൽ കൊടകര ശാഖാംഗങ്ങളുടെ 'ഭാവയാമി രഘുരാമം' നിഴൽ നൃത്താവിഷ്ക്കാരം വേറിട്ട അനുഭവമായി.

പാരായണത്തിന് പങ്കെടുക്കാൻ നേരിട്ടെത്തിയവർക്ക് ഭക്ഷണം താമസം ഉൾപ്പെടെ എല്ലാ സൗകര്യങ്ങളും ഏർപ്പെടുത്തിയ PP&TDT യുടെ ഭരണസമിതി അംഗങ്ങളോട് വിശിഷ്യാ പ്രസിഡണ്ട് ചന്ദ്രേട്ടൻ, സെക്രട്ടറി ശ്രീ. രവി ട്രഷറർ ശ്രീ. എ.പി. ഗോപി എന്നിവരോട് പ്രത്യേകം നന്ദി അറിയിക്കുന്നു.

നേരിട്ട് സംഘടിപ്പിച്ച സത്സംഗം എല്ലാവർക്കും കാണാൻ പറ്റുന്ന രീതിയിൽ യൂട്യൂബിൽ






ലൈവായി സംപ്രേഷണം ചെയ്തിരുന്നു.

തുടർന്നുള്ള ദീവസങ്ങളിൽ ഗൂഗിൾ മീറ്റിലൂടെയാണ് പാരായണം നടന്നത്. സമാജത്തിന്റെ ഔദ്യോഗിക യൂട്യൂബ് ചാനലിലും ഫേസ്ബുക്കിലും ലോകമെമ്പാടുമുള്ള നമ്മുടെ അംഗങ്ങൾക്കും അഭ്യുദയകാംക്ഷികൾക്കും അവരവരുടെ സമയത്തിനും സൗകര്യത്തിനും അനുസരിച്ച് പാരായണം ആസ്വദിക്കാൻ പാകത്തിൽ ഓരോ ദിവസത്തെയും പാരായണത്തിന്റെ ലിങ്ക് എല്ലാ അംഗങ്ങൾക്കും വാട്സ്ആപിലൂടെ നല്കാനും ശ്രദ്ധിച്ചിരുന്നു.

അതാത് ദിവസത്തെ പാരായണ ഭാഗത്തിന്റെ ചെറു വിവരണം, പ്രാർത്ഥന, ഒരുദിവസം ശരാശരി നാലുപേരുടെ പാരായണം, തുടർന്ന് അന്നത്തെ പാരായണത്തെക്കുറിച്ച് ആചാര്യന്റെ വിശകലനം, പാരായണ സമർപ്പണം എന്ന രീതിയിലാണ് ഓൺലൈൻ രാമായണപാരായണം ക്രമപ്പെടുത്തിയിരുന്നത്.

അംഗങ്ങൾ അവതരിപ്പിച്ച രാമായണ സംബന്ധിയായ പ്രഭാഷണങ്ങൾ, നൃത്തങ്ങൾ, കീർത്തനങ്ങൾ ഭജനകൾ എന്നിവയും പലദിവസങ്ങളിലും ഉൾപ്പെടുത്തിയിരുന്നു.

ഇത്തവണത്തെ പാരായണത്തിന് വേണ്ടിയുള്ള ഓൺലൈൻ സംവിധാനം നിയന്ത്രിച്ചത് ഗോവിന്ദ് ആണ് എന്ന പ്രത്യേകതയും ഉണ്ട്. ഹോം വർക്കുകൾ, കോച്ചിംഗ് ക്ലാസുകൾ, ഒരാഴ്ച്ചയിലധികം നീണ്ടു നിന്ന പനി എന്നിവയോടൊപ്പം ഒരുദിവസം പോലും മുടക്കം വരാതെ live streaming നിയന്ത്രിച്ച ഗോവിന്ദിന് പ്രത്യേകം അനുമോദനങ്ങൾ അറിയിക്കുന്നു.

ലിങ്കുകളും വാർത്തകളും അപ്പപ്പോൾ തന്നെ എല്ലാ ഗ്രൂപ്പുകളിലേക്കും എത്തിച്ച വെബ് ടീം അംഗം ശ്രീ. ടി.പി. ശശികുമാറിൻെറ സേവനവും വളരെ വലുതാണ്.

വായിക്കേണ്ട ഭാഗങ്ങൾ ആ ദിവസം രാവിലെ അഞ്ചുമണിക്കു മുൻപായി ആചാര്യൻ രാജേട്ടൻ വോയ്സ് മെസേജ് ആയി ഗ്രൂപ്പിലെ അംഗങ്ങളെ അറിയിക്കും. പാരായണത്തിന് പേര് തന്നവരുടെ സൗകര്യത്തിനനുസരിച്ച് ദിവസം അനുവദിക്കുക, ആ ദിവസം അവരെ വീണ്ടും ഓർമ്മിപ്പിക്കുക തുടങ്ങിയ ചുമതലകൾ ആചാര്യൻ രാജേട്ടൻ വളരെ ഭംഗിയായും സൗമ്യമായും നിർവഹിച്ചു.

ദേവികയും ഗോവിന്ദും ഒരു ദിവസം പോലും മുടക്കാതെ എല്ലാ ദിവസവും പ്രാർത്ഥനക്കും പാരായണം ശേഷമുള്ള സമർപ്പണത്തിനും പങ്കെടുത്തു എന്നതും എടുത്തുപറയേണ്ടതാണ്.

ഇവരുടെയെല്ലാം സേവനങ്ങൾ ഒരു നന്ദി വാക്കിൽ ഒതുക്കാൻ പറ്റാത്തതും വിലമതിക്കാനാവാത്തതുമാണ്.

ഈ വർഷം പാരായണത്തിന് പങ്കെടുത്തവരുടെയും കലാപരിപാടികൾ അവതരിപ്പിച്ചവരുടെയും വിവരങ്ങൾ:

## പാരായണം ചെയ്തവർ:

1. സാവിത്രി നന്ദകുമാർ, 2. ധനലക്ഷ്മി രാമചന്ദ്രൻ, 3. ശ്രീലത വിജയൻ, 4. മോഹൻ പിഷാരടി, 5. സരയു ഉണ്ണികൃഷ്ണൻ, 6. ജി.ആർ. ഗോവിന്ദ്, 7. ഗോവിന്ദ് ഹരികൃഷ്ണൻ, 8. ശ്രീശൈല, 9. ആദിത്യ കൃഷ്ണൻ, 10. അഖില, 11. ജയശ്രീ രാജൻ, 12. തങ്കമണി വേണുഗോപാൽ, 13. രമ ബി പിഷാരടി, 14. സുനന്ദ ആനന്ദ്, 15. ശ്രീഭദ്ര & ശ്രീബാല, 16. ഗിരിജാദേവി, 17. ഉഷ നാരായണൻ, 18. രാധ ടി.പി., 19. ഉഷ വി.പി., 20. സീത രഘുനാഥ്, 21. ചന്ദ്രിക ടി.പി., 22. ശ്രീകുമാരി മോഹനൻ, 23. ചന്ദ്രമതി പി., 24. രാജലക്ഷ്മി കെ.പി., 25. സുനന്ദ ജി. കുട്ടി, 26. റാണി രാധാകൃഷ്ണൻ, 27. ശ്രീദേവി മുകുന്ദൻ, 28. പ്രസീത ഗോപാലകൃഷ്ണൻ, 29. ഓമന എ.പി., 30. മോഹനൻ പി.പി., 31. ജയശ്രീ മധു, 32. ജയശ്രീ അജിത്ത്, 33. ശ്രീജ്യോതി, 34. പദ്മിനി ഗോപിനാഥ്, 35. സതി സി.പി., 36. പാർവതി എ.പി., 37. ഗീത ഉണ്ണികൃഷ്ണൻ, 38. ബീന ഹരിദാസ്, 39. വേണുഗോപാലൻ വീട്ടിക്കുന്ന്, 40. ഉഷ ചന്ദ്രൻ, 41. ലത ഹരി, 42. ദീപ കെ., 43. പ്രീത രാമചന്ദ്രൻ, 44. രാമചന്ദ്രൻ ടി.പി., 45. മീന ബലറാം, 46. രാധപ്രിയ രവീന്ദ്രൻ, 47. നിർമ്മല ഉണ്ണികൃഷ്ണൻ, 48. രമാ രാംകുമാർ, 49. അച്യുത പ്പിഷാരടി, 50. പി വിജയൻ, 51. ശ്രീദേവി വിജയൻ, 52. സുധാ ഉണ്ണികൃഷ്ണൻ, 53. സത്യഭാമ പിഷാരസ്യാർ, 54. രാജേശ്വരി മുരളീധരൻ, 53. ദേവി രാമൻ, 54. ഷീബ ജയൻ, 55. വിജയൻ ചെറുകര, 56. ലീല വിജയൻ, 57. രഞ്ജിനി ഗോപി, 58. പ്രീതി ദിനേശൻ, 59. ജയശ്രീ വിജയൻ, 60. ഗീത എ.പി., 61. ശോഭന സുകുമാരൻ, 62. പ്രീത രഘു, 63. രഘു പിഷാരടി, 64. ജയശ്രീ ദേവേശൻ, 65. ജിഷ്ണു മനോജ്, 66. ജിഷ്ണു ചൊവ്വര, 67. രത്നം ബാംഗ്ലൂർ, 68. ഗീത കരുണാകരൻ, 69. അമൃത അജിത്ത്, 70. വൈക സതീഷ്, 71. എ.പി. സരസ്വതി, 72. സുഭദ്ര ടി.പി., 73. അമ്പിളി ശശി, 74. ബേബി വേണുഗോപാൽ, 75. മാധുരി മോഹൻ, 76. സുശീല രവീന്ദ്രൻ, 77. സൗമ്യ നിശാന്ത്, 78. മുരളി പിഷാരടി (കാനഡ), 79. വർഷാവിജയൻ (കാനഡ), 80. ജയശ്രീ ബാബു, 81. ദീപ്തി ദിനേശൻ, 82. നവരാഗ് രാമചന്ദ്രൻ, 83. നവനീത രാമചന്ദ്രൻ,

84. കൃഷ്ണകുമാരി കൃഷ്ണൻ, 85. രേഖ രാമചന്ദ്രൻ, 86. രാമചന്ദ്രൻ നവമി, 87. പ്രസന്ന ബാലചന്ദ്രൻ, 88. ചന്ദ്രമതി പി., 91. ജയശ്രീ ഉണ്ണികൃഷ്ണൻ, 92. രാജീ രാജൻ, 93. വി.പി മുരളി, 94. ദേവി അപ്പംകളം, 95. ബിന്ദു കെ.പി., 96. നളിനി ശ്രീകുമാർ, 97. ഗീതാ രാമചന്ദ്രൻ, 98. രാധിക മോഹൻ, 99. രവികുമാർ ടി.പി., 100. സി.പി. അച്യുതൻ, 101. ഐ.പി. വിജയലക്ഷ്മി, 102. ഉഷ ശ്രീധരൻ, 103. വിജയലക്ഷ്മി പ്രഭാകരൻ, 104. അനിത സന്തോഷ്, 105. ബിന്ദു രാമനാഥൻ.

## സംഗീത വിരുന്ന്:

1. 'ഭാവയാമി രഘുരാമം' അവതരണം: ജി. ആർ. ഗോവിന്ദ്, രവികുമാർ, ജയകൃഷ്ണൻ, 2. രാമചരിതമാനസം ആസ്പദമാക്കി കീർത്തനം - ജി.ആർ. ഗോവിന്ദ്, 3. കീർത്തനം: സൗമ്യ നിശാന്ത്, 4. ശ്രീരാമ സോപാനം: ഐ.പി. വിജയലക്ഷ്മി, 5. കൈകൊട്ടിക്കളിപ്പാട്ട്: സത്യഭാമ പിഷാരസ്യാർ, 6. തിരുവാതിരപ്പാട്ട്: വിജയലക്ഷ്മി പ്രഭാകരൻ, 7. കൊട്ടിപ്പാടി സേവ: ജിഷ്ണു മനോജ്, 8. സോപാന സംഗീതം: വിജയൻ ചെറുകര, 9. കഥകളിപ്പദം: ആദിത്യകൃഷ്ണൻ, 10. ഭജന: കുമാരിമാർ ശ്രീബാല & ശ്രീഭദ്ര, 11. ഭജന: പ്രസീത ഗോപാലകൃഷ്ണൻ, 12. ശ്രീരാമസ്തുതി: ഉഷ നാരായണൻ.

## നൃത്താവതരണം

13. അനുപ്രദ ഗോകുൽ, 14. സൗമ്യ ബാല ഗോപാൽ, 15. അഖില, 16. അനന്യ സതീഷ്, 17. മോഹിനിയാട്ടം: മാനസി മധു, 18. ചൊല്ലിയാട്ടം (തോരണയുദ്ധം): രാജേഷ് പുഞ്ചപ്പാടം, 19. കഥാപ്രസംഗം: സീതാപരിത്യാഗം അവതരണം: ഗ. ജ. മോഹനനും സംഘവും, കൊടകര, 20. കൈകൊട്ടിക്കളി: മുംബൈ ശാഖ വനിതാ വിഭാഗം.

## പ്രഭാഷണം

21. സാവിത്രി നന്ദകുമാർ, 22. എ പി പാർവതി, 23. വൈക സതീഷ്.

ഉദ്ഘാടന ദിവസം മുതൽ കൊടകരശാഖാംഗങ്ങളുടെ സജീവ പങ്കാളിത്തം എടുത്തു പറയേണ്ടതാണ്. അതിൽ തന്നെ കുടുംബാംഗങ്ങൾ ഒന്നിച്ചിരുന്ന് പാരായണം ചെയ്ത് സത്സംഗത്തെ സാർത്ഥകമാക്കുന്ന മാതൃക കാണിച്ചു തന്ന അംഗങ്ങളോട് പ്രത്യേകം നന്ദി അറിയിക്കുന്നു.

എല്ലാ ദിവസവും രാമായണസംബന്ധമായി ചിന്തോദ്ദീപകമായ ലേഖനങ്ങൾ എഴുതിയ ശ്രീ. വേണു വീട്ടിക്കുന്നിനെ പ്രത്യേകം അഭിനന്ദിക്കുന്നു.



## അദ്ധ്യാത്മരാമായണം പാരായണ സമർപ്പണം:

2025 ആഗസ്ത് 16ന് തൃശൂർ ശാഖയുടെ നേതൃത്വത്തിൽ തൃശൂരിൽ സമാജം ആസ്ഥാന മന്ദിരത്തിൽ വച്ചാണ് നടത്തിയത്.

സമാജം പ്രസിഡണ്ട് ശ്രീ. രാമചന്ദ്ര പിഷാരോടി, തുളസീദളം ചീഫ് എഡിറ്റർ ശ്രീമതി സരസ്വതി ബാലകൃഷ്ണൻ, മുൻ പ്രസിഡണ്ട് ശ്രീ. കെ. പി. ബാലകൃഷ്ണൻ, മുൻ ജനറൽ സെക്രട്ടറി ശ്രീ. കെ.പി. ഗോപകുമാർ എന്നിവർ നിലവിളക്ക് കൊളുത്തി സമർപ്പണ ദിവസത്തെ ചടങ്ങുൾക്ക് തുടക്കം കുറിച്ചു.

ശ്രീ വിജയൻ ചെറുകര സോപാന സംഗീതം വളരെ മനോഹരമായി അവതരിപ്പിച്ചു.

എല്ലാ അംഗങ്ങളും ചേർന്ന ഫലശ്രുതി പാരായണം ചെയ്ത് കർപ്പൂരാരതിയോടെ പാരായണം സമർപ്പിച്ചു.

ശ്രീ. ജി.ആർ. ഗോവിന്ദൻ മംഗളകീർത്തനം ആലപിച്ചു. പ്രസാദ വിതരണം ലഘുഭക്ഷണം എന്നിവയോടെ പാരായണ സമർപ്പണ പരിപാടികൾ അവസാനിച്ചു.

എല്ലാം കൊണ്ടും ഓർമ്മയിൽ സൂക്ഷിക്കാൻ ഒരു രാമായണമാസ ആചരണം കൂടി കടന്നു പോയി. അതിൽ സജീവമായി പങ്കെടുക്കാൻ കഴിഞ്ഞതിന്റെ ചാരിതാർത്ഥ്യമുണ്ട്.

ഇതിനുവേണ്ടി പ്രവർത്തിക്കുകയും പങ്കെടുക്കുകയും അനുഗ്രഹങ്ങളും ആശംസകളും നല്കി പ്രോത്സാഹിപ്പിക്കുകയും ചെയ്ത എല്ലാവരോടുമുള്ള നന്ദിയും കടപ്പാടും അറിയിക്കുന്നു.

അടുത്ത വർഷങ്ങളിൽ കൂടുതൽ പുതിയ പുതിയ പാരായണക്കാർ മുന്നോട്ട് വരണം എന്ന് ആഗ്രഹിക്കുന്നു. അതിന് സമാജത്തിന്റെ കേന്ദ്ര ശാഖാ ഭാരവാഹികളുടെയും അംഗങ്ങളുടെയും ഇപ്പോഴുള്ളതിനെക്കാൾ കൂടുതൽ സഹായ സഹകരണങ്ങൾ ഉണ്ടാവും എന്ന് ആത്മാർഥമായി ആഗ്രഹിക്കുകയും പ്രതീക്ഷിക്കുകയും ചെയ്യുന്നു. ●

# ശതാഭിഷേകത്തിന്റെ നിറവിൽ



## കുത്തനൂർ ദക്ഷിണാമൂർത്തി പിഷാരത്ത്

# കെ.പി. സരോജിനി പിഷാരസ്യാർ

(W/o. Late ടി.വി. ഗോപാലൻ, തെക്കത്തുവളപ്പ്, ചെറുകുന്ന്)

“ഗോകുൽ”, കോട്ടായി, പാലക്കാട്

**ഇക്കഴിഞ്ഞ ആഗസ്റ്റ് 7ന് 84-ാം പിറന്നാൾ**
**ബന്ധുമിത്രാദികൾ ചേർന്ന് സമുചിതമായി ആഘോഷിച്ചു.**

**ആയുരാരോഗ്യ സൗഖ്യം നേർന്നുകൊണ്ട്**

രേണുക, രമേഷ്, രാജഗോപാലൻ, മിനി, രചന,
നവീൻ, ഗോപിക, ദേവിക, പ്രാർത്ഥന

# PISHARODY EDUCATIONAL & WELFARE SOCIETY

## List of Educational Merit Awards and Endowment Awards - 2025

| | SSLC Awards | Name of Recepient | Shakha | |
|---|---|---|---|---|
| 1 | M.P.Gopala Pisharody Memorial Award sponsored by (Late) Ancheri Pisharath Madhavikutty Pisharassiar) Highest in SSLC - Kerala Syllabus | R.Govind Harikrishnan S/o K.P.Harikrishnan, Manali, Thrissur | Thrissur |  |
| 2 | M.P.Gopala Pisharody Memorial Award (Sponsored by (Late) Ancheri Pisharath Madhavikutty Pisharassiar) Highest SSLC - CBSE | Anugraha Sunil C/o Sunil Narayanan, Navi Mumbai | Mumbai |  |
| 3 | Koottaala Madhava Pisharody (USA) Award (Sponsored by Smt.Shanta Pisharody) (For Highest in SSLC) (Merit) | Devika Rajagopal Pisharodi D/o G.Rajagopalan, Kottayi | Palakkad |  |
| 4 | Koottaala Madhava Pisharody (USA) Award (Sponsored by Smt.Shanta Pisharody) (For Highest in SSLC) (Merit) | Vishnudev.P.R. S/o P.Ramachandran, Thriprayar | Irinjalakuda |  |
| 5 | K.P.K.Pisharody Memorial Award ( Sponsored by PEWS) (For Highest in SSLC) | Bharath.K.Pisharodi S/o K.N.Sreekumar, Kottayam | Kottayam |  |
| 6 | Mungath Sathyabhama Pisharassiar Award (Sponsored by A.Narayana Pisharody, Chandrapur ) (For Highest in SSLC) | Sreeniketh.A.P. S/o K.P.Anil kumar, Pulamanthole | Manjeri |  |
| 7 | A.K.Ammini Pisharassiar Memorial ( Sanskrit )Award (Sponsored by K.P.Gopala Pisharody, Perunthalmanna (For Highest in Sanskrit in SSLC) | Anusree.P. D/o R.Prakash, Kanjoor | Chowara |  |
| 8 | K.Krishna Pisharody Memorial (Malayalam)Award (Sponsored by Sreedevvi Pisharassiar, Sreeramyam, Mulankunnathukavu) (For Highest in Malayalam in SSLC) | Ananya D/o Suresh.S., Kallekulangara | Palakkad |  |
| 9 | T.P.Rohini Memorial (Malayalam) Award (Sponsored by Bharathikutty Pisharassiar, Kalluvazhy) (For highest in Malayalam SSLC) | Pallavi Hari D/o R.Harikumar, Kottayam | Kottayam |  |

| | | | | |
|---|---|---|---|---|
| 10 | Dr.S.K.Pisharody Memorial (Science) Award (Sponsored by Children) (For highest in Science in SSLC) | Abhishek.M.P.<br>S/o Nandakumar.M.P.<br>Valancheri | Pattambi |  |
| 11 | A.D.Pisharody Memorial (English) Award (Sponsored by Children) (For highest in English in SSLC) | Neeraj.R.Pisharody<br>S/o Rajesh.K.C.,<br>Thrissur | Thrissur |  |
| 12 | Karanjeri Meenakshi Amma Mem (Sanskrit) Award (For highest in Sanskrit in SSLC) | Akhila.K.P.<br>D/o K.P.Vishwanathan,<br>Kattukambal | Guruvayur |  |
| 13 | Rashtrabhasha Award (Sponsored by K.P.Balakrishnan, Narayaneeyam, Thrussur) (For highest in Hindi in SSLC) | Mayukha Pisharody<br>D/o Sreekumar,<br>Nerul, Navi Mumbai | Mumbai |  |
| 14 | N.Rama Pisharody Memorial (Maths) Award (Sponsored by R.Harikrishnan) (For highest in Maths in SSLC) | Navneet Krishna M.N.<br>S/o C. Narayanankutty,<br>Koppam | Palakkad |  |
| 15 | Kandiyoor Pisharath Raghava Pisharody (Maths) Award (Sponsored by Children) (For highest in Maths in SSLC) | Kailas Krishna.S.<br>S/o Suresh M.<br>Thrissur | Thrissur |  |
| | **+2 Awards** | | | |
| 16 | Kattoor Balakrishna Pisharody & Padinjaroottu Vijayalakshmi Pisharassiar Memorial Award (Sponsored by Children)(For highest in Commerce in + 2) | Devika.A.P.<br>D/o T.P.Unnikrishnan<br>Karimpuzha | Kongad |  |
| 17 | Kattoor Balakrishna Pisharody & Padinjaroottu Vijayalakshmi Pisharassiar Memorial Award (Sponsored by Children) (For highest in Computer Science in + 2) | Diya Arun.R.<br>D/oArun Rajeev<br>Manjakkad | Pattambi |  |
| 18 | Kattoor Balakrishna Pisharody & Padinjaroottu Vijayalakshmi Pisharassiar Memorial Award (Sponsored by Children) (For highest in Biology in + 2) | Akhila.P.<br>D/o N.Maya<br>Chelakkara | Wadakkanjeri |  |
| 19 | Kattoor Balakrishna Pisharody & Padinjaroottu Vijayalakshmi Pisharassiar Memorial Award (Sponsored by Children) (For highest in Humanities in + 2) | Gayathri.G.P.<br>D/o Govindankutty<br>Thrissur | Thrissur |  |

| | | | | |
|---|---|---|---|---|
| 20 | Dr.A.P.Govindankutty, Alanalloor Award (For Highest in Physics in + 2) | R.Sriya<br>D/o K.C.Radhakrishnan<br>Kottayam | Kottayam |  |
| 21 | T.Bharatha Pisharody Memorial Award (For highest in + 2) | Vismaya Venugopal<br>D/o Venugopal.M.D.<br>Kochi | Ernakulam |  |
| 22 | A.P.Vasumathi Memorial (Malayalam) Award (For highest in Malayalam in + 2) | Sreehari.K.P.<br>S/o K.P.Sunil Kumar<br>Kuruvambalam | Manjeri |  |
| 23 | Attoor Krishna Pisharody Mem ( Sanskrit ) Award (For highest in Sansrit in +2) | Anushree.P.K.<br>D/o P.N.Harikumar<br>Irinjalakuda | Irinjalakuda |  |
| 24 | Karalam Kainila Pisharath Madhavi Pisharassiar Award (For Highest in Science in + 2) | Gargi.S.Pisharody<br>D/o T.R.Chandran<br>Pazhayannur | Wadakkanjeri |  |
| 25 | M.G.Mohan Pisharody (Physics) Award (For Highest in Physics in +2) | Anirudh Ravi Kumar<br>S/o T.P.Ravikumar<br>Palakkad | Palakkad |  |
| | **DEGREE Awards** | | | |
| 26 | Dr.Sarojini Pisharassiar Memorial Award (Sponsored by Children) (For Highest in B.Sc) | Anagha T.P.<br>D/o Radhika.T.P.<br>Ottappalam | Kongad |  |
| 27 | Lakshmikutty Pisharassiar Memorial Award (For Highest in B.Com) | Kavya Anand<br>D/o A.P.Anand<br>Navi Mumbai | Mumbai |  |
| 28 | Sukapurath Pisharath Rajagopal Memorial Award Memorial Award (sponsored by Children) (For Highest in B.Com) | Lakshmi.P.R.<br>D/o C.N.Radhakrishnan<br>Chalakudy | Kodakara |  |
| 29 | Degree Award- Highest in Management Studies or Humanities (Sponsored by Irinjalakuda shakha) | Shreya Rajeeesh<br>D/o M.R.Rajeesh<br>Aluva | Chowara |  |

| | | | | |
|---|---|---|---|---|
| 30 | Nayathode Sharada Pisharassiar Mem. Award (Sponsored by Sandya Ramesh, Mumbai) (For Degree in Classical Music or Classical Dance) | Haritha.K.M.<br>D/o Manikantan,<br>Kavallur | Kodakara |  |
| | **For Post Graduate Studies** | | | |
| 31 | D.Achutha Pisharody Memorial For Post-Graduate studies in Science ( Sponsored by Smt.K.P.Nalini, Nayathode) - For Highest in PG - Science | Gopika Rajagopal<br>D/o G.Rajagopal<br>Kottayi | Palakkad |  |
| 32 | Kunisseri Pookkulangara Pisharath Raghava Pisharody & Kattusseri Pisharath Padmavathi Pisharassiar Memorial P G Award (For Post Graduate in Arts, Management or Commerce)<br>(Sponsored by their son, Kattusseri Pisharath Muralidharan) | Nanditha Gokul<br>D/o K.P.Gokulakrishnan,<br>Kottayam | Kottayam |  |
| | **Endowment Scholarships** | | | |
| 33 | Achutha Pisharody & Visalakshi Pisharody Scholarship (Sponsored by Visalakshi Pisharody) (For students pursuing Degree) | Shruthakeerthi<br>D/o K.P.Murali,<br>Pulamanthole | Manjeri |  |
| 34 | Achutha Pisharody & Visalakshi Pisharody Scholarship (Sponsored by Visalakshi Pisharody) ( For students pursuing Degree) | Aravind.K.P.<br>S/o Jinesh pisharody,<br>Kongad | Kongad |  |
| 35 | K.P.Rama Pisharody Scholarship (For 8th,9th ,10th students) | Devika.A.P.<br>D/o A.P.Achuthan,<br>Kodakara | Kodakara |  |
| | **PEWS Scholarships** | | | |
| 36 | PEWS Scholarship | Swapna.T.P.<br>D/o T.P.Sudhir,<br>Pathaikkara | Manjeri |  |
| 37 | PEWS Scholarship | Sreejith Hariharan<br>S/o Shanta Hariharan,<br>Aloor | Kodakara |  |
| 38 | PEWS Scholarship | Athira.R.<br>D/o Ranish M.R.,<br>Angamaly | Chowara |  |

| | | | | |
|---|---|---|---|---|
| 39 | PEWS Scholarship | Nandana A.P.<br>D/o Anilkumar,<br>Chemmalassery | Manjeri |  |
| 40 | PEWS Scholarship | Rithupurna<br>D/o Raghu K.P.,<br>Chemmalassery | Manjeri |  |
| 41 | PEWS Scholarship | Ardra Rajesh<br>D/o Rajesh,<br>Pattambi | Pattambi |  |
| 42 | PEWS Scholarship | Parvathi.P.<br>D/o Babu K P,<br>Kalluvazhi | Kongad |  |
| 43 | PEWS Scholarship | Arya.K.P.<br>D/o Unnikrishnan.K P,<br>Koottanad | Pattambi |  |
| 44 | PEWS Scholarship | Abhishek.A.P.<br>S/o A.P.Achuthan,<br>Kodakara | Kodakara |  |
| 45 | PEWS Scholarship | Amritha<br>D/o Rajeeev,<br>Kuttoor | Thrissur |  |
| 46 | PEWS Scholarship | Sreekanth Pisharody<br>S/o K.P.Sreekumar,<br>Poonkunnam | Thrissur |  |
| 47 | PEWS Scholarship | Navneeth.S Dev<br>C/o A.R.Devakumar,<br>Kottayam | Kottayam |  |
| 48 | PEWS Scholarship | Karthik Sreehari<br>C/o Sreehari,<br>Mumbai | Mumbai |  |

| | | | | |
|---|---|---|---|---|
| 49 | PEWS Scholarship | Advaith Pisharody<br>S/o Nishanth,<br>Chembookkavu | Thrissur |  |
| 50 | PEWS Scholarship | Ananthakrishnan<br>S/o Praveen Kumar A R.<br>Kottayam | Kottayam |  |
| 51 | PEWS Scholarship | Abhinav Sajan | Ernakulam |  |

# തുളസീദളം സാഹിത്യ പുരസ്ക്കാരം ശ്രീ. പി.ആർ. നാഥന്

# തുളസീദളം സർഗ്ഗ പ്രതിഭാ പുരസ്കാരം ശ്രീ. രാജഗോപാലൻ ആനായത്തിന്



പി. ആർ. നാഥൻ

പിഷാരോടി സമാജം തുളസീദളം സാഹിത്യ പുരസ്ക്കാരം 2025-2026 പ്രശസ്ത നോവലിസ്റ്റും തിരക്കഥാകൃത്തുമായ ശ്രീ. പി.ആർ. നാഥന് നൽകും.

തുളസീദളത്തിൽ എഴുതുന്നവരുടെ രചനകൾ വിലയിരുത്തി അവയിൽ ഏറ്റവും നല്ല സൃഷ്ടികളുടെ രചയിതാവിന് നൽകുന്ന സർഗ്ഗപ്രതിഭാ പുരസ്ക്കാരം വളരെ വിജ്ഞാനപ്രദങ്ങളായ ലേഖനങ്ങൾ സമ്മാനിച്ചിട്ടുള്ള എഴുത്തുകാരൻ ശ്രീ. രാജഗോപാലൻ ആനായത്തിനു നൽകും.

26.08.2025ന് സമാജം ആസ്ഥാനമന്ദിരത്തിൽ വെച്ച് തുളസീദളം പത്രാധിപസമിതി അംഗമായ ശ്രീമതി വൈകയുടെ പുതിയ പുസ്തകം 'ന്റെ കാര്യം' പ്രകാശന വേളയിൽ പ്രസിഡന്റ് ശ്രീ. എ. രാമചന്ദ്ര പിഷാരടിയാണ് പുരസ്ക്കാരങ്ങൾ പ്രഖ്യാപിച്ചത്.

പുരസ്ക്കാര സമർപ്പണ തീയതി പിന്നീട് അറിയിക്കുന്നതാണ്.



രാജഗോപാലൻ
ആനായത്ത്

## ചൊവ്വര ശാഖ വിദ്യാഭ്യാസ അവാർഡ്

ശാഖയിലെ 8, 9, 10 ക്ലാസ്സുകളിലെ കൂടുതൽ മാർക്ക് ലഭിക്കുന്ന വിദ്യാർത്ഥികൾക്കുള്ള പെരുവാരം രാധാകൃഷ്ണൻ സ്മാരക അവാർ ഡിനും ആവണങ്കോട്ട് എൻ. രാമ പിഷാരോടി സ്മാരക SSLC അവാർഡുകൾക്കും വേണ്ടിയുള്ള അപേക്ഷകൾ ക്ഷണിക്കുന്നു. അറ്റസ്റ്റ് ചെയ്ത മാർക്ക് ലിസ്റ്റ് സഹിതം 30-09-2025 നകം സെക്രട്ടറിക്ക് നൽകേണ്ടതാണ്.

**സെക്രട്ടറി, ചൊവ്വര ശാഖ**

# ആദരാഞ്ജലികൾ



# സുധ (72)

**കുട്ടമശ്ശേരി പിഷാരം**

**മരണം: 26.07.2025**

മാതാപിതാക്കൾ: പരേതരായ കുട്ടമശ്ശേരി പിഷാരത്ത് സുഭദ്ര പിഷാരസ്യാർ,
പടിഞ്ഞാറെ തൊണ്ണങ്ങാമത്ത് പിഷാരത്ത് മാധവ പിഷാരോടി
സഹോദരൻ: പരേതനായ രാമചന്ദ്രൻ

ദുഃഖപൂർവ്വം

**മറ്റു സഹോദരങ്ങൾ:**

ഉഷ, രമേഷ്, ഗീത

# കേന്ദ്ര സംയുക്ത ഭരണസമിതി യോഗ റിപ്പോർട്ട്

പിഷാരോടി സമാജം, PE & WS, PP & TDT, തുളസീദളം എന്നിവയുടെ ഭരണസമി അംഗങ്ങളുടെയും ശാഖാ പ്രസിഡണ്ട് സെക്രട്ടറിമാരുടെയും സംയുക്ത ഭരണസമിതിയോഗം 24/08/2025 ഞയറാഴ്ച്ച രാവിലെ 10.30ന് സമാജം ആസ്ഥാനമന്ദിരത്തിൽ പ്രസിഡണ്ട് ശ്രീ. എ. രാമചന്ദ്ര പിഷാരോടിയുടെ അദ്ധ്യക്ഷതയിൽ ചേർന്നു.

ഗുരുവായൂർ ശാഖാ പ്രസിഡണ്ട് ശ്രീമതി ഐ.പി. വിജയലക്ഷ്മി പ്രാർത്ഥന ചൊല്ലി.

ജനറൽ സെക്രട്ടറി കെ.പി. ഹരികൃഷ്ണൻ പങ്കെടുക്കുന്ന അംഗങ്ങളെ സ്വാഗതം ചെയ്തു.

ഇക്കഴിഞ്ഞ കാലയളവിൽ അന്തരിച്ച ബന്ധുജനങ്ങൾക്കും മുൻ കേരള മുഖ്യമന്ത്രി ശ്രീ. വി. എസ്. അച്യുതാനന്ദൻ, പ്രശസ്ത നിരൂപകനും പ്രഭാഷനും ആയിരുന്ന ശ്രീ. എം.കെ. സാനുമാഷ് എന്നിവർക്കും ആദരാഞ്ജലികൾ അർപ്പിച്ച് മൗന പ്രാർത്ഥന നടത്തി

സമാജം വൈസ് പ്രസിഡണ്ടും പട്ടാമ്പി ശാഖാ സെക്രട്ടറിയും ആയിരുന്ന ശ്രീ. എം.പി. സുരേന്ദ്ര പിഷാരോടിയെ അനുസ്മരിച്ച് ജനറൽ സെക്രട്ടറി സംസാരിച്ചു.

ജൂലൈ 20ന് പട്ടാമ്പിശാഖാ മന്ദിരത്തിൽ നടന്ന അനുശോചന യോഗത്തെക്കുറിച്ച് പ്രസിഡണ്ട് പറഞ്ഞു.

പ്രസിഡണ്ട് ശ്രീ. എ. രാമചന്ദ്ര പിഷാരോടി തൻെറ അദ്ധ്യക്ഷ പ്രസംഗത്തിൽ ഗുരുവായൂരിൽ നടന്ന PP&TDT യുടെ വാർഷികയോഗം, PE&WS ൻെറ അവാർഡ് നിർണയം, പെൻഷൻ പദ്ധതി, സംഘടാപ്രവർത്തനം ശക്തിപ്പെടുത്തേണ്ടതിൻെറ ആവശ്യകത എന്നിവയെക്കുറിച്ച് പറഞ്ഞു.

തുടർന്ന് അജണ്ട പ്രകാരം ഓരോ വിഭാഗത്തിൻെറയും കാര്യങ്ങൾ ചർച് ചെയ്ത് തീരുമാനങ്ങൾ എടുത്തു.

## പിഷാരോടി സമാജം

ജനറൽ സെക്രട്ടറി അവതരിപ്പിച്ച കഴിഞ്ഞ യോഗത്തിന്റെ മിനുട്സും ട്രഷറർ ശ്രീ. സി.ജി. കുട്ടി അവതരിപ്പിച്ച (1st quarter) കണക്കും ചർച്ചകൾക്ക് ശേഷം യോഗം അംഗീകരിച്ചു.

കഴിഞ്ഞ യോഗ തീരുമാനപ്രകാരം ഇരിഞ്ഞാലക്കുടയിൽ വച്ചു നടന്ന കേന്ദ്ര വാർഷികത്തിൻെറ വരവുചിലവു കണക്കുകൾ ഇരിഞ്ഞാലക്കുട ശാഖ ട്രഷറർ ശ്രീ. മോഹൻദാസ് അവതരിപ്പിച്ചത് പാസാക്കി.

സഹകരിച്ച എല്ലാവരോടും നന്ദി അറിയിക്കുന്നതായി ശ്രീ. മോഹൻദാസ് പറഞ്ഞു.

എല്ലാ ശാഖകൾക്കും ഏകീകൃതമായ രീതിയിൽ കണക്കുകൾ സമർപ്പിക്കാനുള്ള format ആഡിറ്ററുമായി സംസാരിച്ച ശേഷം അയച്ചു കൊടുക്കാൻ തീരുമാനിച്ചു.

സമാജത്തിൻെറയും അനുബന്ധ വിംഗുകളുടെയും പ്രവർത്തനങ്ങൾ ശാഖാ ഭാരവാഹികൾക്ക് പൂർണമായും വിശദീകരിച്ചു കൊടുക്കാൻ ഒരുദിവസത്തെ പഠന ശിബിരം നടത്തുവാൻ തീരുമാനിച്ചു.

## തുളസീദളം

മാനേജർ ശ്രീ. ആർ.പി. രഘുനന്ദനൻ അവതരിപ്പിച്ച റിപ്പോർട്ടും കണക്കും പാസാക്കി.

ഓണപ്പതിപ്പിനെക്കുറിച്ചും തുളസീദളം സാഹിത്യ പുരസ്കാരത്തെക്കുറിച്ചും പത്രാധിപർ ശ്രീ. ഗോപൻ പഴുവിൽ വിശദീകരിച്ചു

തുളസീദളം സാഹിത്യ പുരസ്കാരത്തിനും തുളസീദളം സർഗ പ്രതിഭാ പുരസ്കാരത്തിനും പത്രാധിപസമിതി നിർദ്ദേശിച്ച, പ്രശസ്ത സാഹിത്യകാരൻ ശ്രീ. പി.ആർ. നാഥന്റെയും ശ്രീ. രാജഗോപാൽ ആനായത്തിന്റെയും പേരുകൾ യോഗം അംഗീകരിച്ചു.

PE&WS, PP& TDT എന്നിവ പോലെ തുളസീദളം കലാസാംസ്കാരിക സമിതി പിഷാരോടി സമാജത്തിന്റെ ഘടകം തന്നെയാണ് എന്ന് യോഗം ഏകകണ്ഠമായി തീരുമാനിച്ചു.

നമ്മുടെയിടയിലെ കലാസാംസ്കാരിക പ്രവർത്തകരെ ഏകോപിപ്പിക്കുവാനും അംഗത്വവിതരണം ഊർജ്ജിതമാക്കാനും മൂന്നു മാസം കൂടുമ്പോൾ എങ്കിലും ജില്ലാ തലത്തിൽ കലാസാംസ്കാരിക കൂട്ടായ്മകൾ സംഘടിപ്പിക്കാനുള്ള കാര്യങ്ങൾ തുടങ്ങാനും തീരുമാനിച്ചു.

രാമായണമാസാചരണത്തെക്കുറിച്ച് ജനറൽ സെക്രട്ടറി വിശദീകരിച്ചു. വളരെ ഭംഗിയായി എന്ന് യോഗം വിലയിരുത്തി.

ഇതിനു പിന്നിൽ പ്രവർത്തിച്ച ആചാര്യൻ രാജൻ രാഘവൻ, കെ.പി. ഹരികൃഷ്ണൻ, വെബ് ടീം അംഗമായ ശ്രീ. ടി.പി. ശശികുമാർ എന്നിവരെ അനുമോദിച്ചു.

രാമായണപാരായണം online streaming നിയന്ത്രിച്ച ഗോവിന്ദിനെ യോഗം മുക്തകണ്ഠം അഭിനന്ദിച്ചു. ഈ ചെറുപ്രായത്തിൽ ഇത്തരത്തിൽ മഹത്തായ സേവനം നല്കിയതിന് എത്ര അഭിനന്ദിച്ചാലും മതിയാവില്ല എന്ന് പ്രസിഡണ്ട് ശ്രീ. രാമചന്ദ്ര പിഷാരോടി പറഞ്ഞു.

ഉദ്ഘാടന ദിവസം നൃത്താവതരണം നടത്തുകയും ഏറ്റവും കൂടുതൽ അംഗങ്ങളെ പാരായണത്തിൽ പങ്കെടുപ്പിക്കുകയും ചെയ്ത കൊടകര ശാഖയെ യോഗം അഭിനന്ദിച്ചു.

## PE&WS

സെക്രട്ടറി ശ്രീ. അജയകുമാർ അവതരിപ്പിച്ച റിപ്പോർട്ടും ട്രഷറർ ശ്രീ. രാജൻ പിഷാരോടി അവതരിപ്പിച്ച കണക്കും പാസാക്കി.

2024-25 വർഷത്തെ അവാർഡ് സ്കോളർഷിപ്പ് ജേതാക്കളെ, അവാർഡ് നിർണയ കമ്മിറ്റി, മെറിറ്റിൻെയും പാഠ്യേതരവിഷയങ്ങളിലുള്ള പ്രാഗത്ഭ്യങ്ങളേയും വിലയിരുത്തി തിരഞ്ഞെടുത്ത് സമർപ്പിച്ച ലിസ്റ്റ് സെക്രട്ടറി അവതരിപ്പിച്ചു. അവാർഡ് & സ്കോളർഷിപ്പ് ജേതാക്കളുടെ ലിസ്റ്റ് യോഗം അംഗീകരിച്ചു (ജേതാക്കളുടെ പേരുകൾ പ്രത്യേകം കൊടുത്തിട്ടുണ്ട്).

ഒൻപത് വിദ്യാഭ്യാസ ധനസഹായ എൻഡോവ്മെന്റുകൾക്ക് അപേക്ഷകർ ഇല്ലാതെ വന്നു എന്ന് സെക്രട്ടറി പറഞ്ഞു.

ഒരിക്കൽ കൂടി ശാഖാഭാരവാഹികളെ ഇതിൻെറ വിശദാംശങ്ങൾ പറഞ്ഞുകൊടുത്ത് അർഹരായവരെ കണ്ടെത്തി അപേക്ഷ സ്വീകരിച്ച് പിന്നീട് എൻഡോവ്മെന്റ് നല്കാൻ തീരുമാനിച്ചു.

അവാർഡ് & സ്കോളർഷിപ്പ് വിതരണം തുളസീദളം സാഹിത്യപുരസ്ക്കാരം എന്നിവ സംയുക്തമായി സെപ്റ്റംബർ 21ന് (21/09/2025) തൃശൂരിൽ കൗസ്തുഭം ഓഡിറ്റോറിയത്തിൽ വച്ചു രാവിലെ 10 മണിമുതൽ നടത്തുവാൻ തീരുമാനിച്ചു.

Open heart surgery, വൃക്കമാറ്റിവെക്കൽ തുടങ്ങിയ വൻ ചിലവുവരുന്ന ചികിത്സകൾക്ക് വിധേയരായവരിൽ നിന്നും വരുന്ന ധനസഹായാഭ്യർത്ഥനകൾക്ക് പ്രത്യേകമായി സംഭാവനകൾ സ്വീകരിച്ച് വിതരണം ചെയ്യാൻ തീരുമാനിച്ചു.

അതിൻെറ അറിയിപ്പ് കൊടുക്കാൻ ജനറൽ സെക്രട്ടറി, PE&WS സെക്രട്ടറി എന്നിവരെ ചുമതലപ്പെടുത്തി.

PET 2000 പദ്ധതിക്ക് ഒരോ ഒഴിവുവന്നതിൽ അപേക്ഷ സ്വീകരിക്കാൻ തീരുമാനിച്ചു.

## PP&TDT

സെക്രട്ടറി ശ്രീ. കെ.പി. രവി അവതരിപ്പിച്ച റിപ്പോർട്ടും ട്രഷറർ ശ്രീ. എ.പി. ഗോപി അവതരിപ്പിച്ച കണക്കും ചർച്ചകൾക്ക് ശേഷം പാസാക്കി.

ആഗസ്റ്റ് 15ന് നടന്ന PP&TDT വാർഷികത്തെക്കുറിച്ച് സെക്രട്ടറി വിശദീകരിച്ചു.

സാമ്പത്തിക വിഷയത്തിൽ വിദഗ്ധ സമിതിയെ നിയോഗിക്കണം എന്ന വാർഷിയയോഗ തീരുമാനം എത്രയും പെട്ടെന്ന് നടപ്പിലാക്കാനും അവരുടെ നിർദ്ദേശ പ്രകാരവും ആഡിറ്ററുടെ സഹായത്തോടെ പലിശകൊടുത്തുതുടങ്ങാനുള്ള നടപടികൾ ആരംഭിക്കാനും തീരുമാനിച്ചു.

## സമാജം വെബ്സൈറ്റ്

സമാജ പ്രവർത്തനങ്ങൾ സുഗമമാക്കാനും ഏകോപിപ്പിക്കുവാനും ഉതകുന്ന രീതിയിൽ വെബ് സൈറ്റിൽ ഉൾപ്പെടുത്തുന്ന കാര്യങ്ങൾ ശ്രീ. ഭാസിരാജ് വിശദീകരിച്ചു.

സമാജത്തിന് പുതിയതായി കഠ വിഭാഗം ആരംഭിക്കുവാൻ തീരുമാനിച്ചു.

എല്ലാ ശാഖയിൽ നിന്നും ശാഖ സെക്രട്ടറിയെയോ സെക്രട്ടറി നിർദ്ദേശിക്കുന്ന അംഗത്തെയോ ഉൾപ്പെടുത്തി, ശാഖകളുടെ പ്രവർത്തനങ്ങൾ അപ്പപ്പോൾ നേരിട്ട് വെബ് സൈറ്റിലേക്ക് അറിയിക്കാനുള്ള കാര്യങ്ങൾ ആരംഭിക്കാൻ യോഗം അനുമതി നല്കി.

അതു പ്രകാരം IT കൺവീനർ ആയി ശ്രീ. ഭാസിരാജിന് ചുമതല നല്കി.

ശാഖാ സെക്രട്ടറിമാരുമായി നേരിട്ട് സംസാരിച്ചു വേണ്ട കാര്യങ്ങൾ പറഞ്ഞുകൊടുക്കാൻ ഭാസിരാജിന് അനുമതി നല്കി.

സമാജം വെബ്സൈറ്റിന്റെ പ്രവർത്തനങ്ങൾ പൂർവ്വാധികം ശക്തമാക്കാൻ ഭരണസമിതിയോഗം ആശംസിച്ചു.

സമാജം ജോ. സെക്രട്ടറി ശ്രീ. വി.എം. ഉണ്ണികൃഷ്ണന്റെ കൃതജ്ഞതയോടെ യോഗം അവസാനിച്ചു

**ജനറൽ സെക്രട്ടറി**

# ആദരാഞ്ജലികൾ



## തൊണ്ടിയന്നൂർ പിഷാരത്ത്

## ഇന്ദിര പിഷാരസ്യാർ (72)

മരണം: 27.07.2025

ഭർത്താവ്: ആറ്റൂർ പിഷാരത്ത് പരേതനായ വാസുദേവൻ പിഷാരോടി

**ദുഃഖപൂർവ്വം**

മകൻ: വിനോദ് വാസുദേവൻ (KSA)

മരുമകൾ: ശ്രീജ

പേരക്കുട്ടികൾ: വേദാന്ത്, വേദിക



## വേർപാടിന്റെ 19–ാം വർഷം

**20–09–2025**

പിഷാരോടി സമാജം മുൻ പ്രസിഡന്റും,
രക്ഷാധികാരിയുമായിരുന്ന

# പി. ആർ. പിഷാരോടി

പത്നി: കൊടിക്കുന്നത്ത് പിഷാരത്ത്
പരേതയായ ശ്രീദേവി പിഷാരസ്യാർ

*ദീപ്തസ്മരണകളോടെ....*

മക്കൾ, മരുമക്കൾ, പേരക്കുട്ടികൾ, ദൗഹിത്രിമാർ

# സ്മരണാഞ്ജലികൾ

**6–ാം ചരമവാർഷികം (04.09.2025)**



# ഡി.അച്ചുതപിഷാരോടി

(കല്പകം)

(സമാജം മുൻ കേന്ദ്ര വൈസ് പ്രസിഡന്റ്, ചൊവ്വര ശാഖ രക്ഷാധികാരി)

മരണം: 04/09/2019

ദുഃഖപൂർവ്വം

പത്നി : കാറളം കൈനില പിഷാരത്ത് നളിനി പിഷാരസ്യാർ.

മക്കൾ : പത്മിനി, ജയശ്രീ.

മരുമക്കൾ : ഹരികൃഷ്ണൻ, ദേവേശൻ.

കൊച്ചുമക്കൾ: ഹേമന്ദ്, ആകാൻശാ, വസന്ത്, സൂരജ്, നിസ്, വിനായക്

# PP & TDT വാർഷിക പൊതുയോഗം

**PP&TDT** യുടെ 2024-2025 വർഷത്തെ വാർഷിക പൊതുയോഗം 15/08/2025 വെള്ളിയാഴ്ച രാവിലെ 10.30 മണിക്ക് ഗുരുവായൂരിലുള്ള പിഷാരോടി സമാജം ഗസ്റ്റ് ഹൗസിൽ വച്ച് പ്രസിഡണ്ട് ശ്രീ. എ. രാമചന്ദ്രപിഷാരോടിയുടെ അദ്ധ്യക്ഷതയിൽ ചേർന്നു.

ശ്രീമതി ഐ.പി. വിജയലക്ഷ്മിയുടെ പ്രാർത്ഥനയോടെ യോഗം ആരംഭിച്ചു.

പിഷാരോടി സമാജം ജനറൽ സെക്രട്ടറി ശ്രീ. കെ.പി. ഹരികൃഷ്ണൻ എല്ലാവരേയും ഹൃദ്യമായി സ്വാഗതം ചെയ്തു.

2002ൽ സമാജത്തിന്റെ സിൽവർ ജൂബിലി പദ്ധതിയായി രൂപീകരിച്ച PP&TDT യുടെയും ഗുരുവായൂർ ഗസ്റ്റ് ഹൗസിൻെയും നാളിതുവരെയുള്ള ഭാരവാഹികളെ സ്മരിച്ചു കൊണ്ട് അവരുടെ ദീർഘവീക്ഷണത്തിന്റെയും കഷ്ടപ്പാടുകളുടെയും ഫലമായി ഉയർന്നുവന്ന ഈ സ്ഥാപനം ഇന്ന് അവരുടെ സ്വപ്നസാക്ഷാത്കാരത്തിന്റെ നിറവിലായിരിക്കുന്നു എന്നതിൽ സന്തോഷമുണ്ട് എന്ന് പറഞ്ഞു.

ഇനിയും ഉയർച്ചയിലേക്ക് നയിക്കാൻ കഴിവുള്ള ഭരണ നേതൃത്വമാണ് ഇന്നുള്ളത്.

അവർ ചെയ്യുന്ന സേവനങ്ങളെ എല്ലാവരും സത്യസന്ധമായി ഉൾകൊണ്ട് പരമാവധി സഹകരണം നൽകണമെന്നും അത് സമാജത്തിനു തന്നെ ഉണർവാകുമെന്നും ജനറൽ സെക്രട്ടറി പറഞ്ഞു.

നമ്മെ വിട്ടു പിരിഞ്ഞു പോയവർക്ക് അനുശോചനം രേഖപ്പെടുത്തി ഒരു നിമിഷം മൗന പ്രാർത്ഥന നടത്തി.

തുടർന്ന് പ്രസിഡണ്ട് ശ്രീ. രാമചന്ദ്രപിഷാരോടി, മുൻ പ്രസിഡണ്ട് ശ്രീ. കെ.പി. ബാലകൃഷ്ണൻ, ശ്രീ. കെ.പി. പ്രഭാകരൻ കോങ്ങാട്, PE & WS ട്രഷറർ ശ്രീ. രാജൻ പിഷാരോടി തുടങ്ങിയവർ ചേർന്ന് ദീപം തെളിയിച്ച് യോഗം ഉദ്ഘാടനം ചെയ്തു.

അദ്ധ്യക്ഷ പ്രസംഗത്തിൽ പ്രസിഡണ്ട് ശ്രീ. രാമചന്ദ്ര പിഷാരോടി, ഗസ്റ്റ് ഹൗസിന്റെ ഇപ്പോഴത്തെ അവസ്ഥയെക്കുറിച്ച് വിശദമായി സംസാരിച്ചു.

ആത്മാർത്ഥമായി ഗസ്റ്റ് ഹൗസിന് വേണ്ടി ചെയ്യുന്ന നല്ല കാര്യങ്ങളെ തെറ്റിദ്ധാരണ പരത്തുന്ന തരത്തിൽ വ്യാഖ്യാനിച്ച് മാനസിക സംഘർഷങ്ങളുണ്ടാക്കുന്നവരെ തിരിച്ചറിയുകയും തള്ളിക്കളയേണ്ടതും അത്യാവശ്യമാണെന്നും ഗസ്റ്റ്ഹൗസിൽ നല്ലവരുമാനമുണ്ടായി തുടങ്ങിയ സാഹചര്യത്തിൽ നിക്ഷേപകർക്ക് അർഹതപെട്ട പലിശ നൽകുന്നതു മുതൽ ഒരുപാട് പ്രവർത്തനങ്ങൾ നടത്തേണ്ട സമയമാണിതെന്നും ഭരണ സമിതിക്ക് പരിപൂർണ പിൻതുണ നൽകണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു.

ശ്രീ. മോഹനകൃഷ്ണനെ (രേഖാ മോഹൻ ഫൗണ്ടേഷൻ) പോലെയുള്ള അഭ്യുദയകാംക്ഷികളെ സമാജവുമായി ബന്ധപെടുത്തി നിലനിർത്തുവാൻ വേണ്ട സമയോചിതമായ പ്രവർത്തനങ്ങൾ വേണ്ടതാണെന്നും ഓർമ്മപെടുത്തി.

സെക്രട്ടറി 2023-2024 വർഷത്തെ പൊതുയോഗ റിപ്പോർട്ട് അവതരിപ്പിച്ചതിന്മേലുള്ള ചർച്ചയിൽ കോങ്ങാട് ശാഖാംഗം ശ്രീ. കെ.പി. രാമചന്ദ്ര പിഷാരോടി, കാലാനുസൃതമായി നമ്മുടെ നിയമാവലിയിൽ മാറ്റങ്ങൾ വരുത്തേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് സൂചിപ്പിച്ചു.

പരിഗണനയിലുള്ള വിഷയമാണെന്നും നടപടികൾ സ്വീകരിക്കാമെന്നും പ്രസിഡണ്ട് സഭയുടെ അനുവാദത്തോടെ അറിയിച്ചു.

കൂടാതെ ഒരു ഫ്ളോർ ഇന്റീരിയർ ചെയ്ത് പുതിയ നിലവാരത്തിലാക്കാനുള്ള അംഗീകാരവും സഭ നൽകി.

ശാഖകൾക്ക് സൗജന്യമായി 5 റൂമുകൾ ഉപയോഗിക്കാവുന്നതുമായി വ്യക്തമായ മാനദണ്ഡങ്ങൾ ഉണ്ടാക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് എറണാകുളം ശാഖാംഗം ശ്രീ. ബാലചന്ദ്രൻ സൂചിപ്പിച്ചു.

ഇത് സംബന്ധിച്ച് വ്യക്തമായ മാനദണ്ഡങ്ങൾ വച്ച് വിശദമായി എല്ലാ ശാഖകൾക്കും രേഖാമൂലം അറിയിപ്പ് നൽകാമെന്ന് സെക്രട്ടറി പറഞ്ഞു.

2024-2025 കാലത്തെ പ്രവർത്തന റിപ്പോർട്ട് അവതരിപ്പിച്ചതിൽ ചില അക്ഷര പിശകുകൾ വന്നത് തിരുത്തി സെക്രട്ടറി സഭയെ ബോദ്ധ്യപ്പെടുത്തി.

ട്രഷറർ 2024-2025 വർഷത്തെ ഓഡിറ്റർ മോഹൻദാസ് അസോയിറ്റ്സ് ഒപ്പിട്ട് തന്ന കണക്കുകൾ സഭയിൽ അവതരിപ്പിച്ചു.

ഇന്റേണൽ ഓഡിറ്റർ ശ്രീ. എം.പി. ഹരിദാ

അനുസ്മരണം

# *Amma*

I often wonder if my grandfather had an inkling , when he named his fourth daughter “Anandavalli,” that the name would perfectly capture her essence—a bearer of joy (“Ananda”) and grace (“Valli”). Did the name influence her, or did she embody it with her spirit? I like to think it was a bit of both, that made her the warm, positive person that she was.





Born in May 1947, right before India’s independence, she was the fourth daughter of Sri A P Bharatha Pisharodi, a devoted school teacher and headmaster, and Kunju Kutti Pisharasiar, a caring homemaker. She often joked that India was waiting for her arrival to gain freedom. Cherished as the obedient daughter among her three older sisters, she later became a supportive and loving older

---

സ് കണക്കുകൾ പരിശോധിച്ച് ബോദ്ധ്യപെട്ടതിന്റെ പൂർണ വിവരങ്ങൾ സഭയെ അറിയിച്ചു.

അംഗങ്ങൾ ഉന്നയിച്ച സംശയങ്ങൾക്ക് ട്രഷററും സെക്രട്ടറിയും മറുപടി പറഞ്ഞു.

റിപ്പോർട്ടും കണക്കും സഭ അംഗീകരിച്ചു.

മുംബൈ ശാഖയിലെ ശ്രീ. പി. വിജയർ, ശ്രീ. പി. രവി എന്നിവർ ഇ-മെയിൽ വഴി ഉന്നയിച്ച വിഷയങ്ങൾ സെകട്ടറി യോഗത്തേ അറിയിച്ചു. കണക്കുകളെ സംബന്ധിച്ച ചോദ്യങ്ങൾക്ക് വ്യക്തത വരുത്തുവാൻ ഓഡിറ്റ് ഓഫീസിൽ നിന്നും ലഭിച്ച മറുപടി സഭയിൽ അവതരിപ്പിച്ചു. ആയത് ഇരുവർക്കും മറുപടിയായി ഇ-മെയിലായി തന്നെ നൽകുവാനും തീരുമാനിച്ചു.

ജോ: സെക്രട്ടറി ശ്രീ. മോഹനൻ കഴിഞ്ഞ നാലഞ്ച് വർഷത്തെ നിതാന്ത പരിശ്രമം കൊണ്ടുണ്ടായ വരുമാന വർദ്ധനവ് എടുത്തു പറയേണ്ടതാണെന്നും ശരിയായ രീതിയിൽ സാമ്പത്തിക കാര്യങ്ങൾ ചെയ്യുന്നതിനാൽ തന്നെയാണ് വലിയ തുക നികുതി ഇനത്തിൽ നൽകിയതും എന്നും പറഞ്ഞു.

അർഹതപ്പെട്ട ആനുകൂല്യങ്ങൾ നേടിയെടുക്കാനുള്ള നിർദ്ദേശങ്ങൾ നൽകേണ്ടത് ഓഡിറ്ററുടെ ചുമതലയാണ്.

നിക്ഷേപകർക്ക് അർഹതപ്പെട്ട പലിശ നൽകേണ്ടത് നികുതി നൽകുന്നതു പോലെ തന്നെ പ്രാധാന്യമർഹിക്കുന്നതാണെന്നും കൂടുതൽ മെച്ചപ്പെട്ട പ്രവർത്തനം ഈ ഭരണ സമിതിയിൽ നിന്നും ഉണ്ടാകുമെന്നും ശ്രീ. പി മോഹനനൻ പറഞ്ഞു.

മുൻ പ്രസിസന്റ് ശ്രീ. കെ.പി ബാലകൃഷ്ണൻ ആശംസകളറിയിച്ച് സംസാരിച്ചു.

ശ്രീ. കെ.പി. മുരളി ഒരു സാമ്പത്തിക ഉപദേശക സമിതി രൂപീകരിക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് പറഞ്ഞു.

കൊടകരയിൽ നിന്നുള്ള മെമ്പർ, ശ്രീ. എം. പി. വിജയൻ, സമാജം വൈസ് പ്രസിഡന്റ് ശ്രീ. സി.പി. രാമചന്ദ്രൻ എന്നിവർ ശാഖ തിരിച്ചുള്ള മെമ്പർമാരുടെ ലിസ്റ്റ് തയ്യാറാക്കണമെന്ന് ആവശ്യപ്പെട്ടു.

നിർദ്ദേശങ്ങൾക്ക്, ഉചിതമായ രീതിയിൽ നടപടിയെടുക്കാമെന്ന് പ്രസിഡണ്ട് പറഞ്ഞു.

തുടർന്ന് ഇന്റേണൽ ഓഡിറ്ററായി ശ്രീ. എം. പി. ഹരിദാസ് (കോങ്ങാട്) നെ തീരുമാനിച്ചു.

സ്റ്റാറ്റ്യൂട്ടറി ഓഡിറ്ററായി മോഹൻദാസ് അസോസിയേറ്റ്സ് തൃശൂർ തുടരാനും യോഗം തീരുമാനിച്ചു.

PE&WS വൈസ് പ്രസിസന്റ് ശ്രീ. വി.പി. മധുവിന്റെ നന്ദി പ്രകടനത്തോടെ വാർഷിക പൊതുയോഗം അവസാനിച്ചു.

sister to her younger sibling. Her childhood, though ordinary in many ways, was filled with simple joys and events. She enjoyed describing the Chelakkara Vela, their simple village festival, andabout happiness that came not from fancy outings but from  an occasional trip to a shop or a rare movie show and the shared joy of childhood innocence.

When she married KP Mukundan and moved far from that small village to the busy streets of Bombay( from a 'kugramam' to a bustling city ) just before her 19th birthday, she welcomed the change with grace and warmth. A few years later (with two small children-my elder brother & me), the family moved to Hyderabadand later to Bangalore(with an additional member – my younger brother) for my father's job. Through each change, despite growing demands, she stayed grounded, focused on her values and caring in her relationships.

Our home was filled with the smell of her delicious, lovingly made meals—not just for us, but for every guest who dropped by. I never heard her raise her voice or speak harshly to anyone. Instead, she showed calmness, patience, and joy in connecting with others. Her positivity was contagious, making her an inspiration to everyone who met her. She had a unique talent for gently teasing you, keeping the mood light and the smiles flowing. Whether it was playing a playful sibling prank or telling a joke at the right moment, she ensured joy was always close by.

Even in her everyday life, she represented what a mother and grandmother truly is: a source of unconditional love. She welcomed children, grandchildren, their friends, and even visitors with open arms and hearts. She didn't just host gatherings; she created places where laughter filled the air during shared meals, and warmth was always present.

Even after our father passed away, she remained strong—a pillar of support for her three children and six grandchildren. Everyone who met her, even for a moment, remembers her with affection. She led not by words, but by actions; she always thought of others before herself and demonstrated generosity in her simplest gestures.

Every role - an obedient daughter, a loving sister, a dutiful wife, a gracious host, a super mother, a kind mother in law, a pampering grandmother – she set her standards.

We, her children, are forever grateful. Amma, You filled our lives with love that shaped us. Even though you left us on 23 July 2025, your presence stays with us. We feel it in the way we come together for meals, in the gentle humour that lightens our days, and in the warmth we bring into each new moment. Your guidance, kindness, and love are our compass. They remind us every day of the remarkable woman you were.

We miss you Amma. ●

## പെൻഷൻ ഫണ്ടിലേക്ക് സംഭാവന നൽകിയവർ

| | | | |
|---|---|---|---|
| (1) | കുട്ടികൃഷ്ണപിഷാരോടി, കോങ്ങാട് | – | 2,000.00 |
| (2) | രാജേഷ് പിഷാരോടി, പാമ്പൂർ, തൃശൂർ | – | 25,000.00 |
| (3) | ശ്രീമതി വിജയം രാമചന്ദ്രൻ, തൃശൂർ | – | 25,000.00 |
| (3) | കുമാരി നവിക അജയ് പിഷാരോടി, പറളി | – | 2,000.00 |
| (4) | എ.പി. രാഘവൻ, വിശ്രാന്ത്, ചൊവ്വര (for ഓണപ്പുടവ for pensioners) | - | 2,000.00 |

## സാന്ത്വനം ഫണ്ടിലേക്ക് സംഭാവന

| | | | |
|---|---|---|---|
| (1) | ലക്ഷ്മിക്കുട്ടി പിഷാരസ്യാർ, കേരളശ്ശേരി | – | 500.00 |

എല്ലാവർക്കും നന്ദി അറിയിക്കുന്നു. സെക്രട്ടറി, PE & WS

# ആദരാഞ്ജലികൾ



# ആനന്ദവല്ലി മുകുന്ദൻ (78)

## മുടവന്നൂർ പിഷാരം

മരണം: 23.07.2025

ദുഃഖപൂർവ്വം

മക്കൾ : രാജേഷ്, രാജശ്രീ, രാജീവ്

മരുമക്കൾ : ലത, നന്ദകുമാർ, കവിത

പേരക്കുട്ടികൾ : അതുൽ, അഖിൽ, അരവിന്ദ്, അഭിഷേക്, പ്രഥി, പത്മ.

# വൈവാഹികം

| | | | | | |
|---|---|---|---|---|---|
| | | മാ | മ | | |
| | ഗു | മഭൃ | രബു കു | | |
| | ശി | ഗ്രഹനില അകത്ത് അംശകം പുറത്ത് | | | ബുഗു കുസ |
| ശി | | | | ലസ | ല ര |
| ഭൃ | | ച | | മ | |
| | | ച | | | |

Proposals are invited from Parents of Pisharody girls for a Pisharody boy, aged 27, BTech, 163 Cms. Working in an IT firm as System Admin. Interested Parents may please contact:

**Mob: 9860568997/9324106699**

Date of birth: 09-06-1998
Star : Anizham

1173 എടവം 26-ാം തിയ്യതി ചൊവ്വാഴ്ച അനിഴം നക്ഷത്രം പുരുഷജനനം. ഗർഭശിഷ്ടം ശനിദശാ. 3 വർഷം 9 മാസം 0 ദിവസം 54 നാഴിക.

---

| | | | | | |
|---|---|---|---|---|---|
| | | ബുകു | | സ | |
| | മ ശി | | കുബു ഭൃ | ല ര | |
| | | ഗ്രഹനില അകത്ത് അംശകം പുറത്ത് | | ച | ഭൃ |
| | | | | | മാ |
| | ഗുമാ | | | സ | |
| | ശി | ര | ലഗുമ | ച | |

Sutable alliance is invited from parents of well-educated/employed Pisharody/Ambalavasi girl for a Pisharody boy, 29 years, height 176 cm, BE in E&I, working as a Senior Engineer in a MNC in Bangalore.

**Mob: 6282319481**
**WhatsApp: 6282136802**

കൊല്ലവർഷം 1171 മിഥുനം 4 കുജവാരെ അസ്തമനാൽപരം 27 നാഴിക 48 വിനാഴികക്ക് പൂയം നക്ഷത്രം ദ്വിതീയപാദം മിഥു ലഗ്നം പുരുഷ ജനനം. ശിഷ്ടദശ 14.2.21-27 ജന്മതാരാധിപ ശനിദശ. (DOB: 19-June 1996, IST 5.55 AM)

---

| | | | | | |
|---|---|---|---|---|---|
| | | ശി | ബുമ | ര | |
| | ല | ശി | | | |
| കു ഗു | മ | ഗ്രഹനില അകത്ത് അംശകം പുറത്ത് | | | ച |
| ഭൃ | | | | ച | |
| ല | മാ | ഭൃകു ഗു | രബു സ | | |
| | | | സമാ | | |

Pisharody boy, age 30 years, height 180 cms. MBA in Project Management working as a Project Engineer in Ireland seeking proposals from parents of well educated Pisharody girls. Star - Makam.

**Contact No. 9645698719**
**6282946090**

കൊല്ലവർഷം 1171-ാമാണ്ട് തുലാം 30, കൊല്ലവർഷം 1995 നവംബർ 16 വ്യാഴാഴ്ച മകം നക്ഷത്രം പുരുഷ ജനനം. 01-07-05 കേതുശിഷ്ട ദശ.

# ആദരാഞ്ജലികൾ



# രാജമ്മാൾ പിഷാരസ്യാർ (89)

**മേക്കാട്ടു പിഷാരം**

[ മരണം: 29.07.2025 ]

ഭർത്താവ്: പയ്യക്കാട്ട് മനക്കൽ പരേതനായ രാമൻനമ്പൂതിരിപ്പാട്.

ദുഃഖപൂർവ്വം

മക്കൾ: രേഖ, റെനിൽ

മരുമക്കൾ: ദേവദാസ്, മായ

സഹോദരങ്ങൾ:

കെ.കെ. ബാലകൃഷ്ണ പിഷാരടി,

വിശാലം പിഷാരസ്യാർ

# വൈകയുടെ കവിതാ സമാഹാരം 'ന്റെ കാര്യം' പ്രകാശനം ചെയ്തു

ശ്രീമതി വൈക (ഗീത സതീഷ്) യുടെ പുതിയ പുസ്തകം 'ന്റെ കാര്യം' എന്ന കവിതാ സമാഹാരം 26.08.2025ന് പിഷാരോടി സമാജം ആസ്ഥാനമന്ദിരത്തിൽ വെച്ച് സമാജം പ്രസിഡണ്ട് ശ്രീ. എ. രാമചന്ദ്ര പിഷാരോടി തുളസീദളം ചീഫ് എഡിറ്റർ ശ്രീമതി എ.പി. സരസ്വതിക്ക് കൈമാറിക്കൊണ്ട് പ്രകാശനം ചെയ്തു. തുടർന്ന് ശ്രീമതി ജയലക്ഷ്മിക്കും പുസ്തകം കൈമാറി.






തുളസീദളത്തിന്റെ ആഭിമുഖ്യത്തിൽ നടന്ന ചടങ്ങിൽ എഡിറ്റർ ശ്രീ. ഗോപൻ പഴുവിൽ ഏവർക്കും സ്വാഗതം പറഞ്ഞു. ജനറൽ സെക്രട്ടറി ശ്രീ. കെ.പി. ഹരികൃഷ്ണൻ വൈകയെ സദസ്സിന് പരിചയപ്പെടുത്തി. ശ്രീ. എ. രാമചന്ദ്ര പിഷാരോടി സമാജത്തിൽ വെച്ച് ആദ്യമായാണ് ഒരു പുസ്തക പ്രകാശനം നടക്കുന്നതെന്നും അതും തുളസീദളം പത്രാധിപസമിതി അംഗം ശ്രീമതി വൈകയുടെ ആണ് എന്നതും വലിയ സന്തോഷം നൽകുന്നു എന്നും പറഞ്ഞു. ശ്രീമതി എ.പി. സരസ്വതി, ശ്രീമതി ജയലക്ഷ്മി, ശ്രീ. രാജൻ സിത്താര, ശ്രീ. രാജഗോപാൽ ആനായത്ത്, ശ്രീ. കെ.പി. ബാലകൃഷ്ണ പിഷാരോടി, ശ്രീ. സി.പി. അച്യുതൻ, ശ്രീ. റോബിൻ പള്ളുരുത്തി എന്നിവർ അഭിനന്ദനങ്ങളും ആശംസകളും അറിയിച്ചു.

എന്റെ നീണ്ട കാലത്തെ ഒരു സ്വപ്നമാണ് ഇന്ന് ഇവിടെ സാക്ഷാൽ ക്കരിച്ചത് എന്ന് മറുപടി ഭാഷണത്തിൽ ശ്രീമതി വൈക പറഞ്ഞു. പിഷാരോടി സമാജം ആസ്ഥാനമന്ദിരത്തിൽ വെച്ച് എന്റെ ഒരു പുസ്തകമെങ്കിലും പ്രകാശനം എന്നത് വളരെയേറെ ആഗ്രഹിച്ചിരുന്നു. എന്റെ ഈ പത്താമത് പുസ്തക പ്രകാശനത്തിലാണ് ആ ആഗ്രഹം സഫലമായത്.

നമ്മുടെ ഇടയിൽ ഉള്ള എഴുത്തുകാരിൽ ആർക്കെങ്കിലും സ്വന്തമായി ഒരു പുസ്തകം എഴുതി പ്രസിദ്ധീകരിക്കണം എന്ന് തോന്നുന്നുണ്ടെങ്കിൽ വളരെ ചുരുങ്ങിയ ചെലവിൽ അവ പ്രസിദ്ധീകരിച്ചു നൽകാൻ തയ്യാറാണെന്ന് ശ്രീമതി വൈക അറിയിച്ചിട്ടുണ്ടെന്ന് എന്ന് കെ.പി. ഹരികൃഷ്ണൻ യോഗത്തിന് നന്ദി പറയുമ്പോൾ അറിയിച്ചു. ●





## മറവി

**-വൈക**

സ്മരണകൾ തൻ പേടകത്തിൻ കോണിൽ
കൊഞ്ഞനംകുത്തി ചിരിച്ചു കൊണ്ടിരുന്നാ
എട്ടുകാലി വീരൻ

മാറാലതൻ മണിമേടയിലവൻ
രാജാവാണെന്നറിഞ്ഞപ്പോൾ
തിരക്കിന്റെ ധാർഷ്ട്യം നിറഞ്ഞ ഭാവം
ചുറ്റു നിറഞ്ഞു നിന്നപ്പോൾ
പാവമീ ലോകമെന്ന് കരുതി ഞാനും
മറന്നതാരുടെയും തെറ്റല്ലയെന്നും
തിരക്കുകൾക്കിടയിൽ ഓർക്കാനാഗ്രഹിച്ചാൽ
ഓർക്കാനാവാതെ
ശ്വാസംമുട്ടുന്ന ലോകത്തോട് മുഖം തിരിച്ചു
നിൽക്കാനായില്ലയെനിക്കും

നഭസ്സിൽ തിങ്കൾ കള്ളച്ചിരി ചിരിച്ചു നിന്ന
നാളിലൊന്നിൽ
തിരിച്ചറിഞ്ഞു ഞാനാ അഴുക്ക് നിറഞ്ഞ സത്യം

തിരക്കും തിരക്കിന്റെ പിറകിലൊളിച്ചു-
നിന്നിളിച്ചുകാണിക്കുന്ന മറവിയും
എല്ലാം ലോകത്തിൻ വെറും
സൃഷ്ടിയാണ് പലപ്പോഴുമെന്ന
വലിയ ഉടുപ്പിടാത്ത സത്യം!!!

26.08.2025ന് പിഷാരോടി സമാജം ആസ്ഥാന മന്ദിരത്തിൽ പ്രകാശനം ചെയ്യപ്പെട്ട വൈകയുടെ പുതിയ പുസ്തകം 'ന്റെ കാര്യം' എന്ന കവിതാ സമാഹാരത്തിലെ ഒരു കവിത.

# ആദരാഞ്ജലികൾ



## ശുകപുരത്ത് മഠത്തിൽ
## വിലാസിനി (88)

പൂത്തോൾ, തൃശൂർ

മരണം: 09.08.2025

**ദു:ഖപൂർവ്വം**

**സഹോദരങ്ങൾ:**

എസ്.എം. രമ

എസ്.എം. രാധാകൃഷ്ണൻ

എസ്.എം. സതീശൻ

# ശാഖാവാർത്തകൾ

## കോങ്ങാട്

കോങ്ങാട് ശാഖയുടെ ഓഗസ്റ്റ് മാസത്തെ യോഗം 04-08-2025 ഉച്ചയ്ക്ക് രണ്ട് മണിയോടെ ശാഖാ മന്ദിരത്തിൽ പ്രസിഡന്റ് ശ്രീ. കെ.പി. പ്രഭാകര പിഷാരോടിയുടെ അദ്ധ്യക്ഷതയിൽ ചേർന്നു.

ശ്രീമതി മായാ ബാബുവിന്റെ പ്രാർത്ഥനയ്ക്കും ശ്രീ. എം.പി. ഹരിദാസന്റെ പുരാണ പരായണത്തിനും ശേഷം ശ്രീ. സുരേഷ്കുമാർ യോഗത്തിൽ പങ്കെടുത്ത എല്ലാവർക്കും സ്വാഗതം ആശംസിച്ചു.

അന്തരിച്ച മുൻ മുഖ്യമന്ത്രി വി.എസ്. അച്യുതാനന്ദൻ, പ്രൊഫസർ എം.കെ. സാനു, മിമിക്രി/സിനിമ കലാകാരൻ കലാഭവൻ നവാസ്, നെല്ലംപാനി പിഷാരത്ത് എൻ.പി. ഗോപാലൻ പിഷാരോടി എന്നിവർക്ക് ശ്രീ. കെ.പി. രാമചന്ദ്രൻ അനുശോചനം അർപ്പിച്ച് സംസാരിച്ചു. എല്ലാവരും ഒരു നിമിഷം മൗനപ്രാർത്ഥനയോടെ ആദരാഞ്ജലികൾ അർപ്പിച്ചു.

സെപ്റ്റംബർ 7 ഞായറാഴ്ച നടത്തുന്ന വർഷിക ആഘോഷത്തെ പറ്റി പ്രസിഡണ്ട് വിശദമായി സംസാരിച്ചു.

തുടർന്ന് നടന്ന ചർച്ചയിൽ പരിപാടിയുടെ സുഗമമായ നടത്തിപ്പിന് വേണ്ടി വിവിധ കാര്യങ്ങൾക്ക് മേൽനോട്ടം വഹിക്കുന്നതിന് അംഗങ്ങളെ ചുമതലപ്പെടുത്തി. വാർഷികത്തിന് അനുബന്ധമായി നടത്തുന്ന മെമ്പർമാരുടെ ഗൃഹസന്ദർശനം ഏറ്റവും വേഗം നടത്താൻ തീരുമാനിച്ചു. വാർഷികത്തിന് പങ്കെടുക്കേണ്ട അതിഥികൾക്കുള്ള ക്ഷണക്കത്ത് 15-08-2025 നു ഗുരുവായൂരിൽ നടക്കുന്ന യോഗത്തിൽ നേരിട്ട് കൊടുക്കുവാനും തീരുമാനിച്ചു.

സമാജം ആവശ്യത്തിനായി ഒരു ലാപ്ടോപ് വാങ്ങാനും തീരുമാനമായി.

കഴിഞ്ഞ മാസത്തെ റിപ്പോർട്ട് യോഗം അംഗീകരിച്ചു പാസ്സാക്കി.

സമാജ മന്ദിരത്തിലെ നവീകരണ പ്രവർത്തനങ്ങൾ വാർഷികത്തിന് മുമ്പായി തീർക്കാൻ നടപടി ആരംഭിച്ചു. ഇത് വരെ കിട്ടിയ വിദ്യാഭ്യാസ ധനഹായം/സ്കോളർഷിപ് അപേക്ഷകൾ പ്രസിഡന്റ്/സെക്രട്ടറി അംഗീകരിച്ച് PE&WS സെക്രട്ടറിക്ക് എത്തിക്കാനുള്ള ഏർപ്പാട് ചെയ്തതായി സെക്രട്ടറി പറഞ്ഞു.

ശ്രീ. അച്യുതാനന്ദൻ ടി.പി.യുടെ നന്ദി പ്രകടനത്തോടെ യോഗം അവസാനിച്ചു.

## ചൊവ്വര

ചൊവ്വര ശാഖയുടെ ആഗസ്റ്റ് മാസത്തെ യോഗം 10-08-2025 ഞായറാഴ്ച ഉച്ച തിരിഞ്ഞ് 3.00 മണിക്ക് കുട്ടമശ്ശേരി ശ്രീ കെ.പി. ബാലകൃഷ്ണന്റെ വസതിയിൽ പ്രസിഡന്റ് ശ്രീ. കെ. വേണുഗോപാലിന്റെ അധ്യക്ഷതയിൽ കുമാരി ഐശ്വര്യ അജിത്തിന്റെ ഈശ്വര പ്രാർത്ഥന, ശ്രീമതിമാർ ദേവി രാമൻ, ഇന്ദിര ബാലകൃഷ്ണൻ, രമ മുകുന്ദൻ എന്നിവരുടെ നാരായണീയ പാരായണം എന്നിവയോടെ ആരംഭിച്ചു.

കഴിഞ്ഞ ഒരു മാസത്തിനിടയിൽ നമ്മെ വിട്ടു പിരിഞ്ഞ സമുദായത്തിലെയും മറ്റുള്ളവരുടെയും സ്മരണയിൽ യോഗം അനുശോചനം രേഖപ്പെടുത്തി.

ശ്രീ. കെ.പി. ബാലകൃഷ്ണൻ സ്വാഗതം പറഞ്ഞു. അദ്ധ്യക്ഷ പ്രസംഗത്തിൽ ശാഖയുടെ 50-ാം വാർഷികം തന്നെയാണ് പ്രധാന വിഷയം ആയത്.

അത് എവിടെ വെച്ച് നടത്തും എന്ന കാര്യത്തിൽ പല സ്ഥലങ്ങളും പറഞ്ഞു അവസാനം കുട്ടമശ്ശേരിയിൽ ആകാമെന്നു ഏകദേശം തീരുമാനിച്ചു. അതിനുള്ള ഓഡിറ്റോറിയം അന്വേഷിക്കുവാൻ ബാലകൃഷ്ണൻ ചേട്ടൻ, രാമേട്ടൻ എന്നിവരെ ചുമതലപ്പെടുത്തി.

വാർഷിക ചിലവിലേക്കായി ഓരോ വീട്ടിൽ നിന്നും 5000 രൂപ വെച്ച് പിരിക്കാനും, കൂടാതെ രണ്ടായിരം രൂപയുടെ ഒരു പുതിയ ക്ഷേമനിധി തുടങ്ങുവാനും തീരുമാനിച്ചു.

ക്ഷേമനിധിയിൽ ചേരുന്നവർ ബാക്കി 3000 തന്നാൽ മതിയാകും.

അപ്പോൾ തന്നെ ക്ഷേമനിധിയിലേക്ക് കുട്ടമശ്ശേരിയിൽ നിന്നും 6 പേർ ചേർന്നു. ഇനിയും കൂടുതൽ പേർ ചേരാനുണ്ട്. കൂടാതെ 5000 രൂപയുടെ offer ഉം കിട്ടി.

കഴിഞ്ഞ മാസത്തെ റിപ്പോർട്ടും കണക്കുക

ളും ശ്രീ. വിജയനും ശ്രീ. മധുവും വായിച്ചത് യോഗം അംഗീകരിച്ചു. ക്ഷേമനിധി നറുക്കെടുപ്പും നടന്നു.

കൃഷ്ണകുമാർ പാട്ടു പാടി. ശ്രീ. കെ.പി. രവിയുടെ നന്ദിയോടെ യോഗം സമാപിച്ചു.

## കോട്ടയം

കോട്ടയം ശാഖയുടെ ഓഗസ്റ്റ് മാസത്തെ യോഗം 03-08-2025 നു പയ്യപ്പാടി വത്സല പിഷാരസ്യാരുടെ ഭവനമായ ആനന്ദ സദനത്തിൽ വെച്ചു നടന്നു.

ദേവിദത്തയുടെ ഈശ്വര പ്രാർത്ഥനക്ക് ശേഷം എ.ആർ. പ്രവീൺകുമാർ എല്ലാവരെയും യോഗത്തിലേക്ക് സ്വാഗതം ചെയ്തു.

കാടമുറി പിഷാരത്ത് അമ്മിണി പിഷാരസ്യാരുടെ നിര്യാണത്തിൽ യോഗം അനുശോചനം രേഖപ്പെടുത്തി.

എ.പി. അശോക് കുമാറിന്റെ അദ്ധ്യക്ഷ പ്രസംഗത്തിനു ശേഷം സെക്രട്ടറി അവതരിപ്പിച്ച കഴിഞ്ഞ മാസത്തെ യോഗ റിപ്പോർട്ട് യോഗം അംഗീകരിച്ചു.

1) ശാഖ വാർഷികവും ഓണാഘോഷവും ഓഗസ്റ്റ് 31നു ഏറ്റുമാനൂർ എൻ.എസ്.എസ്. കരയോഗ മന്ദിരത്തിൽ വെച്ചു നടത്തുവാൻ തീരുമാനിച്ചു. പ്രോഗ്രാം കൺവീനറായി പ്രവീൺകുമാറിനെ യോഗം തിരഞ്ഞെടുത്തു.

കലാപരിപാടികൾ സംഘടിപ്പിക്കുവാനും കായിക മത്സരങ്ങൾ നടത്തുവാനും കവിത അജിത്കുമാർ, സുമംഗല നാരായണൻ, ശ്രീകല ദേവകുമാർ എന്നിവരെ ചുമതലപ്പെടുത്തി. ക്വിസ് മത്സരങ്ങളുടെ സമ്മാനങ്ങൾ സ്പോൺസർ ചെയ്യുന്നതായി എ.ആർ. ദേവകുമാർ അറിയിച്ചു.

2) വാർഷികത്തിനു കേന്ദ്ര പ്രസിഡന്റ് ശ്രീ. രാമചന്ദ്ര പിഷാരോടിയെയും ജനറൽ സെക്രട്ടറി കെ.പി. ഹരികൃഷ്ണനെയും ക്ഷണിക്കുവാൻ യോഗം തീരുമാനിച്ചു.

3) 2024-25 വർഷ കാലയളവിൽ കലാകായിക മത്സരങ്ങളിൽ സമ്മാനങ്ങൾ നേടിയ കുട്ടികളെയും വിദ്യാഭ്യാസ പുരസ്കാരങ്ങൾ നേടിയ കുട്ടികളെയും വാർഷികത്തിൽ ആദരിക്കുവാൻ യോഗം തീരുമാനിച്ചു.

4) ശാഖയുടെ പുതിയ ക്ഷേമനിധി വാർഷികത്തിൽ തുടങ്ങുവാൻ യോഗം തീരുമാനിച്ചു.

5) ശാഖയുടെ സ്ക്കോളർഷിപ്പിനു കിട്ടിയ അപേക്ഷകൾ പരിഗണിച്ചു കുട്ടികളെ തിരഞ്ഞെടുത്തു.

ശ്രീമതി കെ.പി. ഗീത, നളന്ദ, മറിയപ്പിള്ളി സ്പോൺസർ ചെയ്യുന്ന രണ്ടു സ്കോളർഷിപ്പുകൾക്ക് തിരഞ്ഞെടുക്കപ്പെട്ട കുട്ടികൾ:-

ശ്രീമതി കെ.പി.കെ. പിഷാരസ്യാർ മെമ്മോറിയൽ സ്ക്കോളർഷിപ്പ് : ഭരത് കെ. പിഷാരടി, രാമപുരം (X Std)

ശ്രീ. കെ.പി. അശോക് കുമാർ മെമ്മോറിയൽ സ്ക്കോളർഷിപ്പ് : ശ്രിയ ആർ., മേമ്മുറി (+2)

ശാഖ നൽകുന്ന സ്ക്കോളർഷിപ്പുകൾക്ക് തിരഞ്ഞെടുക്കപ്പെട്ട കുട്ടികൾ: പല്ലവി ഹരി, ഏറ്റുമാനൂർ (X Std), അനന്തകൃഷ്ണൻ പി. പിഷാരോടി, പയ്യപ്പാടി (X Std), നവനീത എസ്. ദേവ്, പയ്യപ്പാടി (+2)

മുകളിൽ പറഞ്ഞിട്ടുള്ള അഞ്ചു കുട്ടികളെയും യോഗം അഭിനന്ദിക്കുകയും അപേക്ഷകൾ കേന്ദ്രം നൽകുന്ന സ്ക്കോളർഷിപ്പിനായി അയച്ചു കൊടുക്കുവാനും തീരുമാനിച്ചു.

ഇതു കൂടാതെ M.Com നു കോളേജ് ടോപ്പർ ആയി ഉന്നതവിജയം കരസ്ഥമാക്കിയ നന്ദിത ഗോകുലിനെ യോഗം അഭിനന്ദിച്ചു. നന്ദിത ഗോകുലിന്റെ അപേക്ഷ കേന്ദ്രം നൽകുന്ന സ്ക്കോളർഷിപ്പിനായി അയച്ചു കൊടുക്കുവാനും തീരുമാനിച്ചു.

6) കഴക ജീവനക്കാർക്കുള്ള അപകട ഇൻഷുറൻസ് പദ്ധതിയിൽ ശാഖയിൽ നിന്നും നേരത്തെ ഉണ്ടായിരുന്ന 8 അംഗങ്ങൾക്ക് പുറമെ കൃഷ്ണകുമാരി ഓണന്തുരുത്ത്, രഘു നാരായണ പിഷാരോടി കിടങ്ങൂർ എന്നിവരെയും കൂടി ഉൾപ്പെടുത്തി. 10 അംഗങ്ങളുടെയും പ്രീമിയം തുകയും പുതിയ അംഗങ്ങളുടെ വിവരങ്ങളും PE&WS സെക്രട്ടറിക്കു അയച്ചു കൊടുത്തു.

7) ഓഗസ്റ്റ് 15 നു നടക്കുന്ന PP&TDT അംഗങ്ങളുടെ വാർഷിക പൊതു യോഗത്തിൽ ശാഖയിൽ ഉള്ള എല്ലാ PP&TDT അംഗങ്ങളും പങ്കെടുക്കണമെന്നു യോഗം ആവശ്യപ്പെട്ടു.

8) ഏറ്റുമാനൂറിൽ ഉള്ള ഷീബ വേണുഗോപാലിന്റെ ചികിത്സക്കായി കേന്ദ്രം നൽകിയ 10,000

രൂപ സഹായ ധനത്തിനു പുറമെ ശാഖ നൽകുന്ന 3000 രൂപ സഹായധനം ശാഖയുടെ വാർഷിക യോഗത്തിൽ നൽകുവാൻ തീരുമാനിച്ചു.

ശ്രീമതി കെ.പി. ഗീതയുടെ കൃതജ്ഞതയോടെ യോഗം അവസാനിച്ചു.

## കൊടകര

പിഷാരടി സമാജം കൊടകര ശാഖയുടെ ഓഗസ്റ്റ് മാസത്തെ യോഗം 17-08-2025 ഞായറാഴ്ച ഉച്ചയ്ക്ക് 3 മണിക്ക് അഷ്ടമിച്ചിറ പിഷാരത്ത് ആനന്ദപിഷാരോടിയുടെ ഭവനത്തിൽ ചേർന്നു.

മേധ, വൈദികി എന്നിവരുടെ ഈശ്വരപ്രാർത്ഥനയോടെ യോഗ നടപടികൾക്ക് തുടക്കമായി.

കഴിഞ്ഞ മാസത്തിൽ നമ്മെ വിട്ടുപിരിഞ്ഞ മുൻ മുഖ്യമന്ത്രി വി.എസ് അച്യുതാനന്ദൻ, സാനു മാഷ് എന്നിവർക്കും അന്തരിച്ച നമ്മുടെ സമുദായ അംഗങ്ങൾക്കും അനുശോചനം രേഖപ്പെടുത്തി മൗനം ആചരിച്ചു.

ആനന്ദപിഷാരടി യോഗത്തിന് എത്തിച്ചേർന്ന എല്ലാവരേയും സ്വാഗതം ചെയ്തു.

മോഹിനിയാട്ടം ബിരുദാനന്തര ബിരുദത്തിൽ മൂന്നാം റാങ്ക് നേടിയ കൊടകര ശാഖാംഗമായ കാവലൂർ പിഷാരത്ത് ഹരിത മണികണ്ഠനെ അനുമോദിച്ചു.

വാങ്മയ ഭാഷ പ്രതിഭാ പരീക്ഷയിൽ സ്കൂൾ തലത്തിൽ ഒന്നാം സ്ഥാനം കരസ്ഥമാക്കിയ വരന്തരപ്പിള്ളി തൃക്കയിൽ പിഷാരത്ത് ലക്ഷ്മി ജയനെയും പ്രത്യേകം അനുമോദിച്ചു.

പ്രസിഡണ്ട് ഉഷ ശ്രീധരൻ അദ്ധ്യക്ഷ പ്രസംഗം നടത്തി.

ഓഗസ്റ്റ് 15ന് ഗുരുവായൂർ ഗസ്റ്റ് ഹൗസിൽ നടന്ന PP & TDT വാർഷിക പൊതുയോഗ അനുഭവങ്ങൾ പങ്കുവെച്ചു.

രാമായണമാസാചരണത്തിൽ കൊടകര ശാഖയിൽ നിന്നും പരമാവധി അംഗങ്ങൾ പങ്കെടുത്തതിനെ പ്രശംസിക്കുകയും ചെയ്തു.

രാമായണ പാരായണത്തിന് മുൻകൈയെടുത്ത രാജൻ സിത്താരയെ പ്രത്യേകമായി അഭിനന്ദിച്ചു.

വരിസംഖ്യ കൃത്യമായി പിരിക്കേണ്ടതിന്റെ ആവശ്യകത പ്രസിഡന്റ് പറഞ്ഞു.

രാമായണമാസാചരണത്തിന്റെ ഭാഗമായി കെ.പി. മോഹനൻ ഓൺലൈൻ ആയി അവതരിപ്പിച്ച കഥാപ്രസംഗം വളരെ ഹൃദ്യമായിരുന്നു.

കെ.പി. മോഹനനേയും യോഗം പ്രത്യേകം അഭിനന്ദിച്ചു.

കെ.പി. മോഹനൻ കലാപരിപാടികൾക്ക് ശാഖ നൽകുന്ന പ്രോത്സാഹങ്ങൾക്ക് നന്ദി പറഞ്ഞു.

സെക്രട്ടറി രമ്യ രാധാകൃഷ്ണൻ അവതരിപ്പിച്ച ജൂലൈ മാസത്തെ റിപ്പോർട്ടും എം.പി. വിജയൻ അവതരിപ്പിച്ച കണക്കുകളും യോഗം അംഗീകരിച്ചു.

ശേഷം നടന്ന ചർച്ചകളിൽ അംഗങ്ങൾ സജീവമായി പങ്കെടുത്തു. ശാഖയുടെ ഓണാഘോഷം സെപ്റ്റംബർ 21ന് കാരൂർ ശങ്കരനാരായണ ക്ഷേത്ര ഹാളിൽ നടത്താൻ തീരുമാനമായി അതിലേക്കായി ഭക്ഷണം, പൂക്കളം, കലാപരിപാടികൾ എന്നിവയ്ക്ക് യഥാക്രമം കൃഷ്ണൻ കാരൂർ, വി.പി. ജയൻ, ടി.പി. രാമചന്ദ്രൻ എന്നിവർക്ക് ചുമതലകൾ നൽകി.

ശാഖയിൽ നിന്നും കിട്ടിയ വിദ്യാഭ്യാസ അവാർഡിനുള്ള അപേക്ഷകൾ കേന്ദ്രത്തിലേക്ക് അയച്ചതായി സെക്രട്ടറി യോഗത്തെ അറിയിക്കുകയും കൊടകര ശാഖയുടെ വിദ്യാഭ്യാസ അവാർഡുകൾ അനുമോദനങ്ങൾ എന്നിവ ഓണാഘോഷത്തിൽ നൽകാമെന്ന് തീരുമാനിക്കുകയും ചെയ്തു.

ശാഖയുടെ നേതൃത്വത്തിൽ നടത്തിവരാറുള്ള ശബരിമല യാത്ര തുലാംമാസത്തിൽ നടത്തുവാൻ തീരുമാനമായി.

ശാഖയിലെ രണ്ടുപേരുടെ ചികിത്സാ സഹായാർത്ഥം കേന്ദ്രത്തിലേക്ക് അപേക്ഷ നൽകുവാൻ സെക്രട്ടറിയെ ചുമതലപ്പെടുത്തി.

കെ.പി. മോഹനൻ യോഗത്തിന് എത്തിച്ചേർന്ന എല്ലാവർക്കും യോഗം നടത്തുവാൻ സൗകര്യം ഒരുക്കിതന്ന ആനന്ദപിഷാരടിക്കും കുടുംബത്തിനും പ്രത്യേകം നന്ദി പറഞ്ഞു.

കൂട്ടായ്മയുടെ പ്രതീകമായ ഫോട്ടോ സെക്ഷനുശേഷം അടുത്ത മാസത്തെ യോഗം സെപ്തംബർ 21 ഞായറാഴ്ച എല്ലാവരുടെയും പങ്കാളിത്തത്തോടെ പൂക്കളവും സദ്യയും കലാപരിപാടികളും ഒക്കെയായി ഓണാഘോഷം ഗംഭീരമായി നടത്തുവാൻ തീരുമാനിച്ച് കൃത്യം 4.30 ന് യോഗം

അവസാനിച്ചു.

## തൃശൂർ

തൃശൂർ ശാഖയുടെ 2025 ആഗസ്റ്റ് മാസത്തെ യോഗം 16-08-2025 ശനിയാഴ്ച ആസ്ഥാനമന്ദിരത്തിൽവെച്ച് കൂടുകയുണ്ടായി.

വൈകീട്ട് 4 മണിക്ക് ദേവിക ഹരികൃഷ്ണന്റെ പ്രാർത്ഥനയോടെ ആരംഭിച്ച് സരസ്വതി ബാലകൃഷ്ണൻ, ഉഷാചന്ദ്രൻ, സുധാ ശ്രീധരൻ ശ്രീ. സി.പി. അച്ചുതൻ ഇവർ ഒന്നിച്ച് നാരായണീയം 16-ാം ദശകം ചൊല്ലുകയുണ്ടായി.

അദ്ധ്യക്ഷപ്രസംഗത്തിൽ ശാഖാ പ്രസിഡണ്ട് ശ്രീ. വിനോദ്കൃഷ്ണൻ ചാരിറ്റിയുടെ ഭാഗമായി പാടൂക്കാട് ജുവനൈൽ ഹോമിലും പ്രത്യാശഭവനിലും പലചരക്ക്, പച്ചക്കറികൾ, ബെഡ്ഷീറ്റുകൾ എന്നിവ എത്തിച്ച് കൊടുക്കുകയുണ്ടായി എന്നും ഈ വർഷത്തെ ഓണാഘോഷം, അവാർഡ്-സ്കോളർഷിപ്പ് വിതരണം തുടങ്ങിയവ നടത്തുന്നതിനെ സംബന്ധിച്ചും അദ്ധ്യക്ഷൻ പറയുകയുണ്ടായി.

ശാഖയിലെയും മറ്റ് ശാഖയിലേയും നമ്മെ വിട്ടുപിരിഞ്ഞുപോയവർക്ക് അനുശോചനം രേഖപ്പെടുത്തി.

കഴിഞ്ഞമാസത്തെ റിപ്പോർട്ട് സെക്രട്ടറിയുടെ അഭാവത്തിൽ ജോയിന്റ് സെക്രട്ടറി ശ്രീ. കൃഷ്ണകുമാർ വെളപ്പായ വായിച്ചു.

ട്രഷററുടെ അഭാവത്തിൽ 2025 ജൂലൈ മാസത്തെ കണക്ക് വൈസ് പ്രസിഡണ്ട് വായിച്ചു. റിപ്പോർട്ട്, കണക്ക് എന്നിവ ചർച്ചചെയ്ത് പാസ്സാക്കി.

ഇന്നത്തെ ശാഖായോഗം ആസ്ഥാനമന്ദിരത്തിൽ വെച്ച് കൂടുവാൻ നിശ്ചയിച്ചതിന്റെ കാരണം ഈ വർഷത്തെ രാമായണമാസാചരണം സമാപനം ആസ്ഥാനമന്ദിരത്തിൽവെച്ചാകയാൽ ഭക്തന്മാരുടെ ഹാജർ നിലനിർത്തുവാനും സമാപനം ഭംഗിയാക്കുന്നതിനും വേണ്ടിയായിരുന്നെന്നും ഓൺലൈൻ രാമായണപാരായണത്തിൽ ശാഖയിൽ നിന്ന് വളരെ കുറച്ചുപേർ മാത്രമെ പങ്കെടുത്തുള്ളൂ എന്നും വൈസ് പ്രസിഡണ്ട് പറഞ്ഞു. ശാഖയിലെ പരിപാടികളിൽ കുറച്ച് പേർ പങ്കെടുക്കുന്നതു എന്തെന്നു ആലോചിക്കണം. ഈ വർഷത്തെ ഓണാഘോഷം സെപ്തംബർ 13-ാം തിയ്യതി ശനിയാഴ്ച ആസ്ഥാനമന്ദിരത്തിൽവെച്ച് നടത്തുന്നതിനും, ശാഖയിൽ നിന്നും കൂടുതൽ പേർ പങ്കെടുക്കുവാനും ആഘോഷപരിപാടികൾ സംബന്ധിച്ച് നമ്മൾക്ക് തീരുമാനമെടുക്കേണ്ടതാകുന്നു.

മെഡിക്കൽ ക്യാമ്പ് പതിവ് വിട്ട് മരുന്നുവിതരണല്ലാതെ കൂടുതൽ മെഡിക്കൽ പരിശോധനകളും ഉൾപ്പെടുത്തേണ്ട കാര്യം ഡോ. കൃഷ്ണനുമായി ആലോചിക്കാമെന്നും തീരുമാനിച്ചു. ശാഖയിലേക്ക് ലഭിച്ച സ്കോളർഷിപ്പ് അപേക്ഷകൾ ഭാരവാഹികൾ ഇരുന്ന് ആലോചിച്ച് പരിശോധിക്കേണ്ടതാണെന്ന് തീരുമാനിച്ചു.

ജനറൽ സെക്രട്ടറി ശ്രീ. കെ.പി. ഹരികൃഷ്ണൻ ഈ രാമായണപാരായണത്തെപ്പറ്റിയും സമാജം പ്രവർത്തനങ്ങളെപ്പറ്റിയും സംസാരിച്ചു.

ജോയിന്റ് സെക്രട്ടറി ശ്രീ. കൃഷ്ണകുമാർ വെളപ്പായ സ്വാഗതവും, 5.30 ന് തന്നെ രാമായണപാരായണസമാപനം ആരംഭിക്കേണ്ടതാകയാൽ ശ്രീ. സി.പി. അച്ചുതൻ നന്ദിയും പ്രകാശിപ്പിച്ചു.

## തൃശൂർ ശാഖയുടെ ചാരിറ്റി ഓണാഘോഷം

കഴിഞ്ഞ വർഷം ചെയ്തത് പോലെ ഈ വർഷവും തൃശൂർ ശാഖ ഈ വരുന്ന ഓണവുമായി ബന്ധപ്പെട്ട ചാരിറ്റി പ്രവർത്തനങ്ങളുടെ ഭാഗമായി ജുവനൈൽ ഹോം, പ്രത്യാശാഭവൻ എന്നിവിടങ്ങളിൽ വസ്ത്രങ്ങൾ, അരി, പലവ്യഞ്ജനങ്ങൾ എന്നിവ ചിങ്ങമാസം ഒന്നിന് (17/8/25) വിതരണം ചെയ്തു.

ശാഖ പ്രസിഡന്റ് ശ്രീ. വിനോദ് കൃഷ്ണൻ, ട്രഷറർ ശ്രീ. മുരളി (ശ്രീധരൻ), സമാജം മുൻ ജനറൽ സെക്രട്ടറി ശ്രീ. കെ.പി. ഗോപകുമാർ എന്നിവർ എത്തിച്ച സാധനങ്ങൾ പ്രത്യാശാഭവൻ മേധാവി താഹിറ, ജ്യൂവനയിൽ ഹോം മേധാവി ജെനി എന്നിവർ ഏറ്റുവാങ്ങി.

തികച്ചും മാതൃകാപരമായ ഈ പുണ്യപ്രവർത്തിക്ക് രണ്ട് പേരും ആത്മാർത്ഥമായ നന്ദി അറിയിച്ചു.

തൃശൂർ ശാഖയുടെ ഓണാഘോഷം സെപ്തംബർ 13 ശനിയാഴ്ച രാവിലെ 9ന് സമാജം ആസ്ഥാനമന്ദിരത്തിൽവെച്ച് നടത്തുന്നതാണ്.

# ആദരാഞ്ജലികൾ

## വിലാസിനി

ശുകപുരത്ത്  മഠത്തിൽ വിലാസിനി (88) 09/08/2025ന് തൃശൂർ പൂത്തോൾ വസതിയിൽ നിര്യാതയായി. സഹോദരങ്ങൾ: പരേതയായ സുശീല, രമ, രാധാകൃഷ്ണൻ, പരേതയായ ചന്ദ്രിക, സതീശൻ.

## വിജയകുമാരി

കവളപ്പാറ സ്രാമ്പിക്കൽ പിഷാരത്ത് വിജയകുമാരി (77) 13/08/2025ന് കോങ്ങാട് വസതിയിൽ നിര്യാതയായി. ഭർത്താവ് മുണ്ടയിൽ പിഷാരത്ത് ഗോപാലകൃഷ്ണ പിഷാരോടി. മക്കൾ: ജയദേവൻ, സുജാത, വത്സൻ. മരുമക്കൾ: വി.പി. ഗീത, എൻ.പി. ഹരിനാരായണൻ, സി.ജി. രശ്മി.

## ജാനകി പിഷാരസ്യാർ

അകതിയൂർ പുതുമനശ്ശേരി പിഷാരത്ത് ജാനകി പിഷാരസ്യാർ (ജാനു-94) 19/08/2025ന്  ഹൈദരാബാദിൽ നിര്യാതയായി. ഭർത്താവ്: പരേതനായ കുട്ടമശ്ശേരി പിഷാരത്ത് രാമൻകുട്ടി പിഷാരടി. മക്കൾ: മധു, രാമകൃഷ്ണൻ, ആനന്ദ്. മരുമക്കൾ: നാരായണൻ, ആശ, സബിത. സഹോദരങ്ങൾ പരേതയായ മാധവിക്കുട്ടി, പരേതയായ ദേവകി.

## രാഘവൻ

തൃപ്രയാർ പടിഞ്ഞാറേ പിഷാരത്ത് രാഘവൻ (77) (ശ്രീപാദം, ഊരകം,ചേർപ്പ്) 19-08-2025ന് നിര്യാതനായി. ഭാര്യ: പെരുവനം വടക്കെ പിഷാരത്ത് സുജാത. മക്കൾ: രമ്യ, രഘുറാം, മരുമക്കൾ: പ്രമോദ്, ശ്രീലക്ഷ്മി. സഹോദരങ്ങൾ : പരേതരായ രാമൻകുട്ടി, ഗോപി, ദാമോദരൻ.

## സരസ്വതി പിഷാരസ്യാർ

ആറ്റൂർ പിഷാരത്ത് സരസ്വതി പിഷാരസ്യാർ (95) 25-08-2025ന് നിര്യാതയായി. ഭർത്താവ് അകതിയൂർ പിഷാരത്ത് പരേതനായ നാരായണ പിഷാരോടി. മക്കൾ: അശോക്, പ്രഭ. മരുമക്കൾ: ആനായത്ത് പിഷാരത്ത് ഉണ്ണികൃഷ്ണൻ. മരുമകൾ: ലെസ്സി അശോക്.

## ഉണ്ണികൃഷ്ണ പിഷാരോടി

പെരുമ്പിലാവ് പിഷാരത്ത് ഉണ്ണികൃഷ്ണ പിഷാരോടി (76) 28-08-2025 ന് നിര്യാതനായി. ഭാര്യ വരന്തരപ്പിള്ളി തൃക്കയിൽ പിഷാരത്ത് ദേവകി. മക്കൾ: വിദ്യ, ദിവ്യ. മരുമക്കൾ: ദേവദാസൻ (തൃപ്പറ്റ പിഷാരം), സുരേഷ് (പുല്ലിശ്ശേരി പിഷാരം). ●

---

## ഗുരുവായൂർ

ഗുരുവായൂർ ശാഖയുടെ ഓഗസ്റ്റ് മാസത്തെ യോഗം 17-08-2025 ഞായറാഴ്ച വൈകുന്നേരം 3 മണിക്ക് പ്രസിഡന്റ് ശ്രീമതി ഐ.പി. വിജയലക്ഷ്മിയുടെ മമ്മിയൂരുള്ള വസതിയിൽ വെച്ച് നടത്തി.

വേദിക സരീഷിന്റെ പ്രാർത്ഥനയോടുകൂടി യോഗം ആരംഭിച്ചു. കഴിഞ്ഞ ഒരു മാസത്തിനിടയിൽ അന്തരിച്ച ബന്ധുജനങ്ങൾക്ക് അനുശോചനം രേഖപ്പെടുത്തി.

സെക്രട്ടറി നളിനി ശ്രീകുമാർ സ്വാഗതം പറഞ്ഞു. അദ്ധ്യക്ഷ പ്രസംഗത്തിൽ രാമായണമാസം ഇക്കുറിയും നടത്തിയെന്നും നമ്മുടെ ശാഖയിൽ നിന്നും മൂന്നുപേർ പങ്കെടുത്തു എന്നും പറഞ്ഞു.

അടുത്ത തവണ ഇതിലും കൂടുതൽ ആളുകളെ പങ്കെടുപ്പിക്കണമെന്ന് സെക്രട്ടറി പറഞ്ഞു .

സെക്രട്ടറി ഇ.പി. നളിനി ശ്രീകുമാറിന്റെ നന്ദിപ്രകടനത്തിനു ശേഷം യോഗം സമാപിച്ചു. ●

# സ്വർഗ്ഗത്തിൽ 7 വയസ്സ്

# സ്മരണാഞ്ജലി



## വി.പി. സുകുമാരൻ

വല്ലച്ചിറ പിഷാരം

മരണം: 10 – 09 – 2018

ദുഃഖസ്മരണകളോടെ

കുടുംബാംഗങ്ങൾ

# ആദരാഞ്ജലികൾ



## രവീന്ദ്രനാഥൻ പിഷാരോടി (74)

**തൃക്കൂർ പിഷാരം**

മരണം: 25.07.2025

അമ്മ: തൃക്കൂർ പിഷാരത്ത് സരോജിനി പിഷാരസ്യാർ

അച്ഛൻ: മാങ്കുറ്റിപ്പാടം പിഷാരത്ത് പരേതനായ ഗോവിന്ദ പിഷാരോടി

**ദുഃഖപൂർവ്വം**

ഭാര്യ: ആനായത്ത് പിഷാരത്ത് രമ

മകൾ: ജ്യോതി (കാനഡ)

മരുമകൻ: മൻമോഹൻ

പേരക്കുട്ടികൾ: അതിദി, അഗസ്ത്യ

സഹോദരങ്ങൾ: രതി അച്യുതൻ, പരേതയായ രമ

ഓഫീസ് മേൽവിലാസം: പിഷാരോടി സമാജം, മെയിൻ റോഡ്, ഉദയനഗർ, അയ്യന്തോൾ, തൃശൂർ-680003. Ph: 0487-2384597

സമാജം/എഡ്യു. സൊസൈറ്റി/ട്രസ്റ്റ് പ്രസിഡണ്ടിന്റെ മേൽവിലാസം
**ശ്രീ. രാമചന്ദ്രൻ പിഷാരടി**
'ഉഷസ്സ്', ആനായത്ത് പിഷാരം, ചെമ്പൂക്കാവ്, തൃശൂർ 680020
Ph: 9495131090

ജനറൽ സെക്രട്ടറിയുടെ വിലാസം
**ശ്രീ. കെ.പി. ഹരികൃഷ്ണൻ**, 'ചൈതന്യ', രാമപുരം പിഷാരം, രാമപുരം ശ്രീരാമക്ഷേത്രത്തിന് സമീപം, പുലക്കാട്ടുകര റോഡ്, മണലി, ചിറ്റിശ്ശേരി (പി.ഒ.), തൃശൂർ 680301
Ph: 9447329698. Email: kphpisharody@gmail.com

ട്രഷറർ - **ശ്രീ. സി.ജി. കുട്ടി**, C-1, Pearl Gardens, Near Co operative Society, Viyyur (P.O), Thrissur 680010. Ph: 9633898468

പിഷാരോടി എഡ്യൂക്കേഷണൽ & വെൽഫെയർ സൊസൈറ്റി സെക്രട്ടറിയുടെ മേൽവിലാസം
**അജയകുമാർ എ**, "വൃന്ദാവനം", പുലാമന്തോൾ പോസ്റ്റ്, മലപ്പുറം 679323
Ph: 9946647757. Email: ajaypisharodi@gmail.com

ട്രഷറർ - **ശ്രീ. രാജൻ പിഷാരോടി**, ത്രി ബംഗ്ലാവ്സ്, കൈനില ശിവക്ഷേത്രത്തിന് സമീപം, കാറളം പി.ഒ., കരുവന്നൂർ (വഴി), തൃശൂർ - 680 711. Ph: 09819512811

ഗുരുവായൂർ ഗസ്റ്റ്ഹൗസ് ഫണ്ടിലേക്കുള്ള സംഖ്യകൾ Pisharody Pilgrimage & Tourism Development Trust എന്ന പേരിൽ തൃശൂർക്കുള്ള ചെക്ക്/ഡ്രാഫ്റ്റ് അയക്കേണ്ട മേൽവിലാസം
**ശ്രീ. രവി കെ.പി.**, 'വിഷ്ണുമായ', കടുങ്ങല്ലൂർ വെസ്റ്റ് പി.ഒ., ആലുവ-683110
Ph: 8575351063, 9447869021 Email: ravikp1972@gmail.com

ഗസ്റ്റ് ഹൗസ് സംബന്ധമായ കാര്യങ്ങൾ 0487-2558801, 2558802, 91-6238743319 എന്നീ ഫോൺ നമ്പറുകളിൽ അന്വേഷിക്കാവുന്നതാണ്.

ട്രഷറർ - **ശ്രീ. എ.പി. ഗോപി**, 'അച്യുതം', ചെമ്പൂക്കാവ് പിഷാരം, ചെമ്പൂക്കാവ്, തൃശൂർ.
Ph: 9447916278. Email: apgopi4@gmail.com

തുളസീദളത്തിൽ പ്രസിദ്ധീകരിക്കേണ്ട കഥ, കവിത, ലേഖനം തുടങ്ങിയവ അയക്കേണ്ട വിലാസം
**ശ്രീ. ഗോപൻ പഴുവിൽ** (എഡിറ്റർ, തുളസീദളം)
"സാരസ്വതം", ഇക്കണ്ടവാരിയർ റോഡ്, എടക്കുന്നി, ഒല്ലൂർ പി.ഒ., തൃശൂർ - 680 306.
മൊബൈൽ: 9495225979. e-mail: gopanpazhuvil@gmail.com
ശാഖാവാർത്തകൾ ജനറൽ സെക്രട്ടറിക്ക് നേരിട്ട് അയക്കേണ്ടതാണ്.
തുളസീദളത്തിൽ പ്രസിദ്ധീകരിക്കേണ്ട കഥ, കവിത, ലേഖനം തുടങ്ങിയവ അയക്കേണ്ട മറ്റൊരു ഇ-മെയിൽ വിലാസം: thulaseedalamedb@gmail.com

"തുളസീദള"ത്തിലേക്കും വെബ്സൈറ്റിലേക്കുമുള്ള പരസ്യങ്ങൾ, വരിസംഖ്യ, സംഭാവന, പരസ്യച്ചാർജ്ജ് എന്നിവ **THULASEEDALAM** എന്ന പേരിൽ ചെക്കായോ ഡ്രാഫ്റ്റായോ NEFT ആയോ, Google Pay വഴിയോ അയക്കുവാൻ അഭ്യർത്ഥിക്കുന്നു. അയക്കേണ്ട വിലാസം:
**മാനേജർ, ശ്രീ. ആർ.പി. രഘുനന്ദനൻ**, 7H ആർട്ടെക്ക് ഗേറ്റ് വേ, ഹോട്ടൽ ജോയ്സ് പാലസിന് എതിർവശം, ടി.ബി. റോഡ്, തൃശൂർ - 680021. Ph: 9892240547
E-mail: thulaseedalamedb@gmail.com / raji.nandanam16@gmail.com
ചെക്ക്, ഡ്രാഫ്റ്റ് എന്നിവ അയച്ച വിവരവും NEFT ചെയ്ത വിവരവും മാനേജരെ ഫോൺ മുഖാന്തിരം അറിയിക്കേണ്ടതാണ്.
ബാങ്ക് വഴിയുള്ള ഇടപാടുകൾക്ക് **THULASEEDALAM**

**SB A/c No. 0721101055775** — **Canara Bank**
**IFSC Code: CNRB0000721** — **West Palace Road, Thrissur.**



श्वेत
Authentic
Kerala saree
destination.
We ship across
the globe.
Instagram Page: @kerala.sarees
Facebook Page: Kerala Sarees Boutique
Contact: 8590134821
www.keralasaree.com

THULASEDALAM

Title No. KERMAL04598
RNI Reg: No.36078/1981

Posted at RMS, Thrissur

Published on 07-09-2025
September 2025, Price-15.00



SAROJA
SINCE 1967
MULTI SPECIALITY HOSPITAL
A UNIT OF SAROJA NURSING HOME

PATIENT SAFETY & QUALITY OF CARE
NABH
CERTIFIED

നിങ്ങളുടെ സേവനത്തിന് 24 സ്പെഷ്യാലിറ്റികളോടെ

57 YEARS OF CARE AND TRUST

വർഷത്തെ സേവനപാരമ്പര്യവുമായി

സരോജ
മൾട്ടി സ്പെഷ്യാലിറ്റി ഹോസ്പിറ്റൽ
ഷൊർണ്ണൂർ റോഡ്, തൃശ്ശൂർ, Ph: 0487 2335 145 / 2325 185
sarojanursinghome@gmail.com | www.sarojahospital.com



SAROJ
HOME CARE
A UNIT OF SAROJA NURSING HOME

Care & Trust
SINCE 1967

ആരോഗ്യ സംരക്ഷണം നിങ്ങളുടെ വീട്ടിലേക്ക്
നിങ്ങളുടെ പ്രിയപ്പെട്ടവർക്ക് നിങ്ങൾ
കൊടുക്കുന്ന സ്നേഹ സംരക്ഷണം പോലെ

തൃശ്ശൂരിലെ പ്രധാന സ്ഥലങ്ങളിൽ സേവനം

വീട്ടിൽ പരിശോധന
പിക്കപ്പ് സംവിധാനം
ഡോക്ടറുടെ സേവനം വീടുകളിൽ
എമർജൻസി 24 x 7 പിക്കപ്പ്

അപ്പോയ്മെന്റിനായി
വിളിക്കുക / വാട്സാപ്പ് ചെയ്യുക
+91 81380 19090
+91 73563 99116

sarojhomecare@sarojahospital.com
sarojhomecare



Printed and Published by General Secretary
For Pisharody Samajam at Kala Offset Printers, Punkunnam, Thrissur
Chief Editor: Smt. A.P. Saraswathy